# വാഴ്ത്തപ്പെട്ട ചാവറയച്ചനും എവുപ്രാസ്യമ്മയും വിശുദ്ധരായി പ്രഖ്യാപിക്കപ്പെടുന്നതിനോടനുബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരൻമാരേ,

ഭാരതസഭയുടെ, പ്രത്യേകമായി കേരളസഭയുടെ ചരിത്രത്താളുകളിൽ തങ്കലിപികളാൽ രേഖപ്പെടുത്തുന്ന ദിനമാണ് 2014 നവംബർ 23. അന്നു റോമിലെ വിശുദ്ധപത്രോസിന്റെ ബസ്ലീക്കായുടെ ചത്വരത്തിൽ വെച്ച് പരിശുദ്ധപിതാവ് ഫ്രാൻസീസ് മാർപാപ്പാ വാഴ്ത്തപ്പെട്ടവരായ ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചനെയും എവുപ്രാസ്യമ്മയെയും വിശുദ്ധരായി പ്രഖ്യാപിക്കും. അവർ പങ്കുവെച്ച വിശുദ്ധമായ ജീവിതത്തിനും അവർ വഴി സഭാസമൂഹത്തിനു ലഭിച്ച നന്മകൾക്കും വേണ്ടി നമുക്ക് ദൈവത്തിനു നന്ദി പറയാം.

ദൈവതിരുമനസ്സിനു വിധേയനായി പ്രാർത്ഥനയെയും പ്രവർത്തനത്തെയും അനുദിനജീവിതത്തിൽ സംയോജിപ്പിച്ച വലിയ മനുഷ്യനാണ് ചാവറയച്ചൻ. പ്രാർത്ഥന ജീവിതവിളിയായി സ്വീകരിച്ച് അനേകർക്ക് ദൈവതിരുമനസ്സ് വെളിപ്പെടുത്തിക്കൊടുത്തവളാണ് എവുപ്രാസ്യമ്മ. ദൈവത്തെ "തന്റെ ഓഹരിയും പാനപാത്രവുമായി" (സങ്കീ 16/5) ചാവറയച്ചൻ തിരിച്ചറിഞ്ഞപ്പോൾ "എനിക്ക് എന്റെ ദൈവമല്ലാതെ ആരുമില്ല, നിശ്ചയം" എന്നതായിരുന്നു എവുപ്രാസ്യമ്മയുടെ ജീവിതദർശനം. ദൈവത്തോടൊത്തുള്ള സഹവാസം വർധിച്ചതനുസരിച്ച് സഹോദരങ്ങളോടുള്ള കടമകൾ തിരിച്ചറിയാനുള്ള ഉൾക്കാഴ്ച ഇരുവരും പ്രകടമാക്കി.

**വാഴ്ത്തപ്പെട്ട ചാവറയച്ചൻ**

അറുപത്തിയാറു വർഷം കൊണ്ട് വാഴ്ത്തപ്പെട്ട ചാവറയച്ചൻ ചെയ്ത നന്മകൾ നമ്മെ അത്ഭുതപ്പെടുത്തുന്നതാണ്. 'നന്മ ചെയ്യാത്ത ഒരു ദിവസം നിന്റെ ആയുസിന്റെ പുസ്തകത്തിൽ രേഖപ്പെടുത്തപ്പെടുകയില്ല' എന്ന അദ്ദേഹത്തിന്റെ പാഠ്യം സ്വന്തജീവിതത്തിൽ എന്നും പ്രാവർത്തികമാക്കാൻ അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. 1805 ഫെബ്രുവരി 10-ന് ചാവറ കുര്യാക്കോസ്-മറിയം ദമ്പതികളുടെ ഇളയമകനായി കുര്യാക്കോസ് കൈനകരിയിൽ ജനിച്ചു. 1829





നവംബർ 29-ന് വൈദികനായി.

തദ്ദേശീയമായ രണ്ടു സമർപ്പിത സമൂഹങ്ങളുടെ സ്ഥാപകൻ, കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ വികാരിജനറാൾ എന്നീ മഹനീയ പദവികൾ അദ്ദേഹം വഹിച്ചു. മലയാളം, തമിഴ്, സംസ്കൃതം, സുറിയാനി, ലത്തീൻ, ഇറ്റാലിയൻ, പോർച്ചുഗീസ് എന്നീ ഭാഷകൾ അദ്ദേഹത്തിനു അറിയാമായിരുന്നു. ദൈവത്തെക്കുറിച്ചും വിശുദ്ധരെക്കുറിച്ചും തിരുസഭയെക്കുറിച്ചും കൂടുതൽ അറിയാനായിരുന്നു അദ്ദേഹം ആ ഭാഷകൾ പഠിച്ചത്. മത, സാമൂഹിക സാംസ്കാരിക പശ്ചാത്തലത്തിൽ നിന്നും ദൈവമനുഷ്യബന്ധങ്ങളിൽ നിന്നും ലഭിച്ച തിരിച്ചറിവിലൂടെ പൊതുസമൂഹത്തിന്റെ നിരവധിയായ ആവശ്യങ്ങൾക്കുവേണ്ടി പുതുമയാർന്ന പല കാര്യങ്ങളും അദ്ദേഹം പ്രവൃത്തിപഥത്തിലാക്കി.

മാന്നാനത്തെ ആദ്യആശ്രമത്തോടു ചേർന്ന് 1833-ൽ തുടങ്ങിയ സെമിനാരിയായിരുന്നു ഇടവക മല്പാനേറ്റുകൾക്കുശേഷം കേരളസഭയിൽ ആദ്യം ഉണ്ടായ പൊതുസെമിനാരി. റോക്കോസ് ശീശ്മകാലത്തു ചാവറയച്ചൻ നല്കിയ വൈദികപരിശീലനത്തിന്റെ മേന്മ തിരിച്ചറിഞ്ഞിരുന്ന അന്നത്തെ വരാപ്പുഴ മെത്രാപ്പോലിത്താ ബർണർദ്ദീൻ ബച്ചിനെല്ലി 1866-ൽ പുത്തൻപള്ളിയിലാരംഭിച്ച സെമിനാരിയുടെ ചുമതല ചാവറയച്ചനെ ഏല്പിച്ചു. ഏതാണ്ട് മുപ്പത്തിയഞ്ചിലേറെ വർഷം അച്ചൻ വൈദികപരിശീലനരംഗത്ത് പ്രവർത്തിച്ചു. വൈദികവിദ്യാർത്ഥികൾക്ക് അദ്ദേഹത്തോടുണ്ടായിരുന്ന മതിപ്പ് അളവറ്റതായിരുന്നു. അന്ന് ഭാരതത്തിൽ നിന്നുള്ള ആദ്യത്തെ സന്ന്യാസവൈദികൻ ചാവറയച്ചനായിരുന്നെങ്കിൽ ഇന്ന് 150 വർഷങ്ങൾക്കുശേഷം മൂന്നുവ്യക്തിഗത സഭകളിലായി അനേകം സന്ന്യസ്തസമൂഹങ്ങളും പതിനായിരക്കണക്കിന് സന്ന്യസ്തരും ദൈവശുശ്രൂഷ ചെയ്യുന്നു. ഇവർ തിരുസഭയ്ക്കു ചെയ്തുകൊണ്ടിരിക്കുന്ന സേവനങ്ങളെ നന്ദിയോടെ ഓർക്കുവാൻ ചാവറയച്ചന്റെ വിശുദ്ധപദവി പ്രഖ്യാപനം നമ്മെ സഹായിക്കട്ടെ!

വിദേശ മിഷനറിമാർ തുടക്കമിട്ട വിദ്യാഭ്യാസപ്രവർത്തനത്തിന്റെ തുടർച്ചയായി 1846-ൽ മാന്നാനത്ത് സംസ്കൃത സ്ക്കൂൾ ആരംഭിച്ചുകൊണ്ട് 25 വർഷം നീണ്ടുനിന്ന ചാവറയച്ചന്റെ വിദ്യാഭ്യാസപ്രവർത്തനങ്ങളും അദ്ദേഹം തുടങ്ങിയ അച്ചടിശാലയും സാമൂഹികനവോത്ഥാനത്തിനും സ്ത്രീശക്തീകരണത്തിനും വഴി തെളിച്ചു. കേരളത്തെ ഇൻഡ്യയിലെ ആദ്യത്തെ സാക്ഷരതാസംസ്ഥാനമാകുന്നതിനു

സഹായിക്കുകയും ചെയ്തു. കവി, ഗ്രന്ഥകാരൻ എന്നീ നിലകളിൽ അദ്ദേഹം മലയാളഭാഷയ്ക്ക് വിലപ്പെട്ട സംഭാവനകൾ നല്കിയിട്ടുണ്ടെന്നതും പ്രത്യേകം പ്രസ്താവ്യമാണ്. ആത്മാനുതാപം, മരണപാന, അനസ്താസ്യായുടെ രക്തസാക്ഷിത്വം എന്ന ഘണ്ഡകാവ്യം എന്നിവ അദ്ദേഹത്തിന്റെ സാഹിത്യമികവ് വിളിച്ചോതുന്നവയാണ്. കേരളത്തിലുണ്ടായ ആദ്യത്തെ അഗതിമന്ദിരത്തിന് ചാവറയച്ചൻ പ്രേരണകൊടുത്തത് ഇപ്രകാരമാണ്: "നിങ്ങളുടെ കുരിശുപള്ളിയുടെ (കൈനകരി) സമീപത്തായി ചെറുതായിട്ടെങ്കിലും ധർമ്മശാല അഥവാ ഉപവിശാല എന്ന പേരും വിളിച്ച് ആരുമില്ലാത്തവരെയോ വഴിപിച്ചക്കാരായി ദീനം പിടിച്ചവരെയോ പാർപ്പിച്ച് രക്ഷിക്കത്തക്കവണ്ണം ഉണ്ടാക്കിയാൽ ദൈവം സഹായിച്ച് പിൽക്കാലങ്ങളിൽ ഇത് മലയാളത്തെ ഒന്നാമത്തെ ഉപവിശാല ആയിത്തീരും." കേരളത്തിലെ ആതുരശുശ്രൂഷാകേന്ദ്രങ്ങളുടെയും അനാഥശാലകളുടെയും തുടക്കമായിരുന്നു ഇത്. അതുപോലെ 1853-ൽ മാന്നാനത്ത് ആരംഭിച്ച വിശ്വാസ പരിശീലന കേന്ദ്രം പില്ക്കാലത്ത് മികച്ച മിഷൻ കേന്ദ്രമായി മാറി.

പുനരൈക്യത്തിനുള്ള സാദ്ധ്യതകളെ വിവരിച്ചുകൊണ്ടും, ഐക്യപ്പെടാൻ താത്പര്യം കാണിക്കുന്നവരെ എപ്രകാരം സ്വീകരിക്കണമെന്ന് ആലോചന ചോദിച്ചുകൊണ്ടും ചാവറയച്ചൻ റോമിലേക്കെഴുതിയപ്പോൾ 19-ാം നൂറ്റാണ്ടിലെ പുനരൈക്യപ്രസ്ഥാനത്തിനു ശക്തി വർധിപ്പിക്കുകയായിരുന്നു. ശീശ്മമെത്രാനെ അനുകൂലിച്ചാൽ മെത്രാൻപദവി നൽകാമെന്ന വാഗ്ദാനം നിഷേധിച്ച ചാവറയച്ചൻ സഭയുടെ ഐക്യത്തിനുവേണ്ടി മരണംവരെ നിലകൊണ്ടു. മരണക്കിടക്കയ്ക്കു ചുറ്റും കൂടിയവരെ ആശ്വസിപ്പിച്ചും ധൈര്യപ്പെടുത്തിയും അദ്ദേഹം പറഞ്ഞു: "മാമോദീസയിൽ സ്വീകരിച്ച വരപ്രസാദം നഷ്ടപ്പെടുത്താതെ ഇതുവരെ ജീവിക്കാൻ സാധിച്ചു എന്ന് ധൈര്യമായി പറയുവാൻ എനിക്കു കഴിയും." വിശുദ്ധ ജീവിതം നയിക്കാൻ അദ്ദേഹം അങ്ങേയറ്റം യത്നിച്ചുവെന്ന് ഇതു വ്യക്തമാക്കുന്നു.

1871 ജനുവരി 3-ാംതീയതി മരിക്കുന്നതുവരെയും വിശ്രമമറിയാത്ത ആ ജീവിതം സഭയുടെയും സമൂഹത്തിന്റെയും സേവനത്തിനായി സമർപ്പിക്കപ്പെട്ടതായിരുന്നു. കൂനമ്മാവ് സെന്റ് ഫിലോമിനാസ് പള്ളിയിൽ സംസ്കരിക്കപ്പെട്ട ചാവറയച്ചന്റെ പൂജ്യാവശിഷ്ടങ്ങൾ 1889-ൽ മാന്നാനം സെന്റ് ജോസഫ്സ് ആശ്രമദൈവാലയത്തിലേക്ക് മാറ്റി. ഈ രണ്ടു ദൈവാലയങ്ങളിലും അദ്ദേഹം വസിച്ച മറ്റിടങ്ങളിലും അനേ





കർ അദ്ദേഹത്തിന്റെ മധ്യസ്ഥതയിലുള്ള വിശ്വാസത്തോടെ പ്രാർത്ഥനയ്ക്കായെത്തി അനുഗ്രഹം പ്രാപിക്കുന്നു.

ദൈവവചനാധിഷ്ഠിതവും ക്രിസ്തുകേന്ദ്രീകൃതവുമായ ജീവിതം നയിച്ചിരുന്ന ചാവറയച്ചൻ ഭാരതസഭയിലെ ഒരു മിസ്റ്റിക്കും കൂടിയാണ്. സക്രാരിയുടെ മുമ്പിൽ മണിക്കൂറുകൾ ചെലവഴിച്ചിരുന്ന അദ്ദേഹം തികഞ്ഞ തിരുക്കുടുംബഭക്തനുമായിരുന്നു. മനുഷ്യസമൂഹത്തിന്റെ അടിസ്ഥാനമായ കുടുംബം സ്വർഗ്ഗരാജ്യത്തിന്റെ പകർപ്പാണ് എന്നു പഠിപ്പിച്ച അദ്ദേഹത്തെ കുടുംബജീവിതക്കാരുടെ മദ്ധ്യസ്ഥനായി കാണണം. കുടുംബ ജീവിതക്കാർക്കായി അദ്ദേഹമെഴുതിയ "ഒരു നല്ല അപ്പന്റെ ചാവരുൾ" ഇന്നും പുതുമ നിലനിറുത്തുന്നു. കൂടാതെ, ചാവറയച്ചൻ പുരോഹിതർക്ക് വഴികാട്ടിയും, സന്ന്യസ്തർക്ക് മാതൃകയുമാണ്.

**വാഴ്ത്തപ്പെട്ട എവുപ്രാസ്യമ്മ**

1877 ഒക്ടോബർ 17-ന് തൃശ്ശൂർ ജില്ലയിലെ കാട്ടൂർ ഗ്രാമത്തിൽ ചേർപ്പുകാരൻ എലുവത്തിങ്കൽ അന്തോണിയുടെയും കുഞ്ഞേത്തിയുടെയും മകളായി ജനിച്ച റോസ ചാവറയച്ചനാൽ സ്ഥാപിതമായ കൂനമ്മാവു മഠത്തിന്റെ ബോർഡിംഗ് ഹൗസിൽ തന്റെ ദൈവവിളിക്കു തുടക്കമിട്ടു. അനാരോഗ്യം എന്ന അഗ്നിപരീക്ഷയിലൂടെ ഉരുക്കി വാർക്കപ്പെട്ട റോസ തിരുക്കുടുംബത്തിന്റെ പ്രത്യേക ദർശനത്താൽ സന്ന്യാസജീവിതത്തിലേക്ക് തിരഞ്ഞെടുക്കപ്പെടുകയും ഈശോയുടെ തിരുഹൃദയത്തിന്റെ എവുപ്രാസ്യ ആയി അമ്പഴക്കാട്ടുകർമ്മലീത്ത മഠത്തിൽ സന്ന്യാസജീവിതം ആരംഭിക്കുകയും ചെയ്തു.

എവുപ്രാസ്യയുടെ ജീവിതം ഇങ്ങനെ സംഗ്രഹിക്കാം: കരങ്ങളിൽ ചലിക്കുന്ന ജപമാല, അധരങ്ങളിൽ മരിയസ്തുതികൾ, ഹൃദയത്തിൽ ദിവ്യരഹസ്യങ്ങളുടെ ധ്യാനം. ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നവർ വിശുദ്ധരാകുമെന്ന സത്യം അവൾ ഇന്നത്തെ ലോകത്തെ പഠിപ്പിക്കുന്നു. തന്റെയും മറ്റുള്ളവരുടെയും ആത്മരക്ഷയ്ക്കുള്ള ആയുധമായിരുന്നു ജപമാല. രാത്രിയിലും പകലും നീണ്ടയാമങ്ങൾ അവൾ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. മാലാഖമാരുടെ രാജ്ഞി ആരാണെന്ന് അവൾ 9-ാം വയസ്സിൽ തിരിച്ചറിഞ്ഞു. അന്നുമുതൽ മാലാഖമാരോടുകൂടി ദൈവത്തെ സ്തുതിക്കേണ്ടത് എങ്ങനെ എന്ന് പരിശുദ്ധമാതാവ് അവളെ പഠിപ്പിച്ചു.

സന്ന്യാസിനീജീവിതത്തിൽ എവുപ്രാസ്യമ്മ രണ്ടു ഉത്തരവാദിത്വങ്ങളേ ഔദ്യോഗികമായി വഹിച്ചിട്ടുള്ളൂ: നവസന്ന്യാസിനികളുടെ ഗുരുത്തി, ഒല്ലൂർ മഠത്തിന്റെ സുപ്പീരിയർ. 1904-ൽ ആരംഭിച്ച ഗുരുത്തി

സ്ഥാനം ഒൻപതു വർഷങ്ങൾക്കുശേഷം മഠാധിപയായപ്പോഴാണ് മാറ്റപ്പെട്ടത്. ഈ ജോലികൾ വിശ്വസ്തതയോടെ നിർവഹി ക്കാൻ പ്രാർത്ഥനയും ഉപവാസവുമായിരുന്നു അവൾക്കു സഹായം. മഠത്തിന്റെ ഭരണം ഈശോയുടെ തിരുഹൃദയത്തെ തന്നെയാണ് അവൾ ഏല്പിച്ചത്. ഒല്ലൂർ മഠത്തിന്റെ പൂമുഖത്ത് എവുപ്രാസ്യ തിരുഹൃദയരൂപം പ്രതിഷ്ഠിച്ചു. തിരുഹൃദയക്കൊന്ത അവളുടെ ശക്തിസ്രോതസായി മാറി. ഒല്ലൂർ മഠത്തിലെ കപ്പേളയുടെ മൂലയ്ക്ക് പകലധികവും പ്രാർത്ഥിച്ചിരുന്ന എവുപ്രാസ്യമ്മയ്ക്ക് ജനം കൊടുത്ത പേരാണ് 'പ്രാർത്ഥിക്കുന്ന അമ്മ' എന്നത്. അവർ ആവശ്യങ്ങളും സങ്കടങ്ങളുമായി അമ്മയുടെ അടുത്ത് എത്തുമായിരുന്നു. പ്രാർത്ഥന ആവശ്യപ്പെടുന്ന എല്ലാവർക്കും വേണ്ടി എവുപ്രാസ്യമ്മ മാധ്യസ്ഥ്യം വഹിച്ചു.

എവുപ്രാസ്യമ്മയുടെ സ്നേഹസ്പർശം കൂടുതൽ സ്വീകരിച്ചിട്ടുള്ളത് കുട്ടികളാണ്. കൊച്ചു കൊച്ചു പ്രാർത്ഥനകളും ആശ്വാസവചനങ്ങളും കുട്ടികളുടെ നൊമ്പരങ്ങളെ ഒപ്പിയെടുത്തു. പരീക്ഷയടുക്കുമ്പോഴായിരുന്നു അമ്മയുടെ അടുക്കൽ അവർ കൂടുതൽ ഓടിയെത്തിയിരുന്നത്. അതുപോലെ അമ്മയുടെ സ്നേഹപൂർവകമായ കരുതലും സാന്ത്വനവും ഏറ്റുവാങ്ങിയവരാണ് മഠത്തിലെ അന്തേവാസികളും. പ്രാർത്ഥന കൊണ്ട് പ്രവർത്തനങ്ങളെ വിശുദ്ധീകരിക്കാൻ അമ്മ ജോലിക്കാരെ അഭ്യസിപ്പിച്ചിരുന്നു. മറ്റുള്ളവർക്ക് പ്രകാശമേകിയ ആ പുണ്യജീവിതം 1952 ഓഗസ്റ്റ് 29-ന് എഴുപത്തിയഞ്ചാം വയസിൽ ഇഹലോകവാസം വെടിഞ്ഞു. എവുപ്രാസ്യമ്മയുടെ ഭൗതികശരീരം ഒല്ലൂർ കർമ്മലീത്താമഠത്തിൽ സംസ്കരിക്കപ്പെട്ട അമ്മയുടെ വിശുദ്ധി അനുഭവിച്ചറിഞ്ഞ അനേകർ അമ്മയുടെ മാധ്യസ്ഥ്യം നേടി ആ കബറിടത്തിങ്കലേക്ക് പ്രവഹിച്ചുകൊണ്ടിരുന്നു.1986 സെപ്തംബർ 27-ന് ആരംഭിച്ച നാമകരണനടപടികൾ ഇപ്പോൾ മകുടം ചൂടിയിരിക്കുന്നു. മറ്റുള്ളവരിൽ നിന്നു കൊച്ചു സഹായം സ്വീകരിക്കുമ്പോഴും 'മരിച്ചാലും മറക്കില്ലട്ടോ' എന്ന് അമ്മ പറയുമായിരുന്നു. ആ വാക്ക് എവുപ്രാസ്യമ്മ സ്വർഗ്ഗത്തിലിരുന്ന് ഇന്നു നിറവേറ്റുന്നു.

പ്രാർത്ഥനയെയും പ്രവർത്തനങ്ങളെയും വ്യത്യസ്തതലങ്ങളിൽ സംയോജിപ്പിച്ച രണ്ടുവിശുദ്ധരെയാണ് നമുക്ക് ലഭിച്ചിരിക്കുന്നത്. ദൈവമനുഷ്യബന്ധങ്ങളിൽനിന്ന് അകലുന്ന ഇന്നത്തെ ലോകത്തിന് ചാവറയച്ചനും എവുപ്രാസ്യമ്മയും പ്രത്യേക പ്രചോദനവും മാതൃകയുമാണ്. കേരളസഭയുടെ ഈ പ്രിയപ്പെട്ട വീരസന്താനങ്ങൾ





വിശുദ്ധപദവിയിലേക്ക് ഉയർത്തപ്പെടുന്ന നവംബർ 23 ഞായറാഴ്ച സ്തുതിയുടെയും നന്ദിയുടെയും ദിനമായി നമുക്കാചരിക്കാം. കേരള കത്തോലിക്കാസഭയുടെ വിശുദ്ധീകരണത്തിനും, പ്രേഷിതവളർച്ചയ്ക്കും ദൈവവിളി പ്രോത്സാഹനത്തിനും കുടുംബങ്ങളുടെ വിശുദ്ധീകരണത്തിനും ഈ നവവിശുദ്ധരുടെ മാദ്ധ്യസ്ഥ്യം നമുക്കു സഹായകരമാകട്ടെ.

റോമിൽ നടക്കുന്ന നാമകരണ നടപടികളോടനുബന്ധിച്ച് ഈ രണ്ടു വിശുദ്ധരെ അനുസ്മരിക്കാൻ വേണ്ടി കേരള കത്തോലിക്കാസഭയിൽ നടത്തുന്ന "വിശുദ്ധിയുടെ ഉത്സവത്തിൽ" (ഖാദോഷ് ഫെസ്റ്റ്) സജീവമായി പങ്കുകൊള്ളാൻ ഏവരെയും സ്നേഹപൂർവം ആഹ്വാനം ചെയ്യുന്നു. നാമകരണ ശുശ്രൂഷകൾക്കുശേഷം അടുത്തുവരുന്ന ശനിയാഴ്ച നവംബർ 29-ന് കൊച്ചിയിലെ രാജഗിരി മൈതാനിയിൽ വെച്ചുനടക്കുന്ന കൃതജ്ഞതാബലിയിലും അനുസ്മരണസമ്മേളനത്തിലും പങ്കെടുക്കുവാൻ കേരളസഭയിലെ എല്ലാ ബഹുമാനപ്പെട്ട വൈദികരെയും സമർപ്പിതരേയും എല്ലാ വിശ്വാസികളെയും പ്രത്യേകം ക്ഷണിക്കുന്നു. ഭാരതകത്തോലിക്കാമെത്രാൻസമിതിയുടെയും കേരളകത്തോലിക്കാസഭയുടെയും സംയുക്താഭിമുഖ്യത്തിൽ നടക്കുന്ന ഈ ദേശീയ ആഘോഷം നമ്മുടെ വിശ്വാസസാക്ഷ്യത്തിന്റെയും ക്രൈസ്തവ കൂട്ടായ്മയുടെയും സംഗമമാക്കിത്തീർക്കാം.

റോമിൽ നടക്കുന്ന നാമകരണ നടപടിയുടെയും അതിനോടനുബന്ധിച്ച് നമ്മുടെ നാട്ടിൽ നടക്കുന്ന പരിപാടികളുടെയും വിജയത്തിനായി എല്ലാവരും പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. വിശുദ്ധരായ ചാവറയച്ചന്റെയും എവുപ്രാസ്യമ്മയുടെയും മാദ്ധ്യസ്ഥ്യം നമുക്കു യാചിക്കാം. സ്വർഗ്ഗീയവരങ്ങളാൽ അവർ നമ്മെയും നമ്മുടെ കുടുംബങ്ങളെയും നമ്മുടെ നാടിനെയും നിറയ്ക്കട്ടെ.

നിങ്ങളെ ഏവരെയും ദൈവം അനുഗ്രഹിക്കട്ടെ!

കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി,

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ**
പ്രസിഡന്റ്, കെസിബിസി

**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**
വൈസ് പ്രസിഡന്റ്, കെസിബിസി

**ബിഷപ് ജോസഫ് കരിയിൽ**
സെക്രട്ടറി ജനറൽ, കെസിബിസി

---

NB: 2014 നവംബർ 9-ാം തീയതി ഈ സർക്കുലർ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കേണ്ടതാണ്.

**+ മാർ ജേക്കബ് മനത്തോടത്ത്**

Prot. No. 1836/2014

# സർക്കുലർ

**സീറോ മലബാർസഭയുടെ മേജർ ആർച്ച്ബിഷപ്പ് ജോർജ്ജ് ആലഞ്ചേരി മെത്രാപ്പോലീത്ത തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.**

ഇക്കഴിഞ്ഞ ആഗസ്റ്റ് 18 മുതൽ 30 വരെ നമ്മുടെ സഭാകാര്യാലയമായ കാക്കനാട് സെന്റ് തോമസിൽ നടന്ന 22-ാം സീറോമലബാർ സിനഡിന്റെ രണ്ടാം സമ്മേളനത്തെ സംബന്ധിച്ച പ്രസക്തമായ വിവരങ്ങൾ നിങ്ങളെല്ലാവരെയും അറിയിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ആകെ 43 മെത്രാന്മാർ സിനഡിൽ സംബന്ധിക്കുകയുണ്ടായി. പ്രഥമദിവസം പിതാക്കന്മാർ ഒരുമിച്ച് പ്രാർത്ഥിച്ചും ധ്യാനിച്ചും വി. കുർബാനയർപ്പിച്ചും ആത്മീയമായി ഒരുങ്ങിയാണ് സിനഡിന്റെ ഔദ്യോഗിക പ്രവർത്തനങ്ങളിലേക്കു പ്രവേശിച്ചത്.

സിനഡിന്റെ കഴിഞ്ഞ ജനുവരിയിലെ സമ്മേളനത്തിനുശേഷം നടന്ന ചില പ്രധാന സംഭവങ്ങൾ അനുസ്മരിച്ചു കൊണ്ടാണ് പുതിയ വിഷയങ്ങളിലേക്കു കടന്നത്. അവയിൽ ഒന്നാണ് കഴിഞ്ഞ ഫെബ്രുവരിയിൽ പാലായിൽവച്ചു നടന്ന ഭാരതകത്തോലിക്കാ മെത്രാന്മാരുടെ ദ്വൈവാർഷിക പൊതുസമ്മേളനം. ഏറെ പ്രശംസനീയമായ രീതിയിൽ ഈ സമ്മേളനത്തിന് ആതിഥ്യം വഹിക്കാൻ പാലാ രൂപതയ്ക്കു കഴിഞ്ഞു എന്നത് സന്തോഷത്തോടെ അറിയിക്കട്ടെ.

വത്തിക്കാനിൽ പൗരസ്ത്യസഭാകാര്യാലയത്തിന്റെ പ്രീഫക്ടായിരുന്ന കർദ്ദിനാൾ ലൂർദ്ദുസാമി നിത്യവസതിയിലേക്കു വിളിക്കപ്പെട്ടു എന്നതാണ് മറ്റൊരു സംഭവം. സീറോ മലബാർ സഭയെ സംബന്ധിച്ചിടത്തോളം വളരെ നിർണായകമായ ഒരു കാലഘട്ടത്തിലാണ് ആദ്ദേഹം സുപ്രധാനമായ ഈ ചുമതല വഹിച്ചത്. അദ്ദേഹത്തിന്റെ വിലപ്പെട്ട ശുശ്രൂഷയെ നമുക്ക് നന്ദിയോടെ ഓർക്കുകയും വന്ദ്യപിതാവിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യാം.

സീറോമലബാർ സഭയ്ക്ക് രണ്ടു പുതിയ മെത്രാന്മാർ ഉണ്ടായിരിക്കുന്നു എന്നതാണ് മറ്റൊരു പ്രധാന സംഭവം. പ്രഥമ സീറോമലബാർ മിഷൻ





രൂപതയായ ചാന്ദായുടെ ഇടയൻ അഭിവന്ദ്യ വിജയാനന്ദ് നെടുമ്പുറം C.M.I. സഭാനിയമപ്രകാരം വിരമിക്കുകയും തൽസ്ഥാനത്തേക്ക് അഭിവന്ദ്യ എഫ്രേം നരികുളം നിയമിക്കപ്പെടുകയും ചെയ്തു. കൂടാതെ, അമേരിക്കയിലെ ചിക്കാഗോ രൂപതയുടെ സഹായ മെത്രാനായി അഭിവന്ദ്യ ജോയ് ആലപ്പാട്ടും നിയമിക്കപ്പെട്ടിരിക്കുന്നു.ഇരുവർക്കുംവേണ്ടി പ്രാർത്ഥിക്കുകയും ആശംസകൾ നേരുകയും ചെയ്യാം.

തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലിത്ത മാർ ജോർജ്ജ് വലിയമറ്റം പിതാവ് സഭാനിയമപ്രകാരം മേൽപ്പട്ട ശുശ്രൂഷയിൽ നിന്ന് വിരമിക്കുകയും തൽസ്ഥാനത്ത് മണ്ഡ്യാരൂപതയുടെ മെത്രാനായിരുന്ന മാർ ജോർജ്ജ് ഞരളക്കാട്ട്നിയമിതനാവുകയും ചെയ്തു. വലിയമറ്റം പിതാവിന്റെ സഭാശുശ്രൂഷയെ നമുക്ക് നന്ദിപൂർവ്വം സ്മരിക്കാം. ഞരളക്കാട്ടു പിതാവിനു പ്രാർത്ഥനാശംസകൾ നേരുകയും ചെയ്യാം. സത്നാ രൂപതാദ്ധ്യക്ഷൻ മാർ മാത്യു വാണിയക്കിഴക്കേൽ ആരോഗ്യപരമായ കാരണങ്ങളാൽ രൂപതാദ്ധ്യക്ഷസ്ഥാനത്തു നിന്നു വിരമിച്ചിരിക്കുന്നു. പിതാവിന്റെ ആരോഗ്യത്തിനായി നമുക്ക് പ്രാർത്ഥിക്കാം.

**റോമിൽ ഒരു ഓഫീസ്** (Procura)

നമ്മുടെ സഭാസംബന്ധമായ കാര്യങ്ങൾക്ക് ആവശ്യാനുസരണം വത്തിക്കാനുമായി ബന്ധപ്പെടുന്നതിന് സൗകര്യപ്രദമായ ഒരു ഓഫീസ് സംവിധാനം (Procura) റോമിൽ സജ്ജമായി വരികയാണ്. അതിനുള്ള സ്ഥലവും കെട്ടിടവും സ്വന്തമാക്കുന്നതിനു നല്ലൊരു തുക നൽകേണ്ടതുണ്ട്. ഈ തുക സമാഹരിക്കുന്നതിനു രൂപതകളും മറ്റു ഉപകാരികളും ആത്മാർത്ഥമായി സഹകരിക്കണമെന്നഭ്യർത്ഥിക്കുന്നു. അതു സംബന്ധിച്ചുള്ള വിവരങ്ങൾ നേരത്തേ അറിയിച്ചിട്ടുള്ളതാണ്.

**മതപീഡനം**

ഇറാക്ക്, സിറിയ തുടങ്ങിയ പശ്ചിമേഷ്യൻ പ്രദേശങ്ങളിൽ ക്രൈസ്തവർക്കും മറ്റ് ന്യൂനപക്ഷ വിഭാഗങ്ങൾക്കുമെതിരായി കഠിനമായ പീഡനങ്ങളാണ് അരങ്ങേറുന്നത്. നിരപരാധികൾ മതത്തിന്റെ പേരിലും മറ്റും നിഷ്ഠൂരമായി വധിക്കപ്പെടുകയും എല്ലാം ഉപേക്ഷിച്ച് സ്വന്തം നാട്ടിൽനിന്ന് പലായനം ചെയ്യേണ്ടിവരികയും അല്ലെങ്കിൽ മതപരിവർത്തനത്തിന് നിർബന്ധിക്കപ്പെടുകയും ചെയ്യുന്ന ദാരുണമായ അവസ്ഥയാണുള്ളത്. ഒരുകൂട്ടം ഭീകരപ്രവർത്തകരാണ് ഇതിന് നേതൃത്വം കൊടുക്കുന്നത്. ഇതിനെതിരെ ലോകമനസ്സാക്ഷി ഉണരേണ്ടതുണ്ട്. പീഡകരുടെ മാനസാന്തരത്തിനും ക്രൈസ്തവർ തങ്ങളുടെ വിശ്വസത്തിൽ ഉറച്ചുനിൽക്കാനുമുള്ള ദൈവകൃപക്കായി എല്ലാവരും

പ്രാർത്ഥിക്കണമെന്നും സാധ്യമായ എല്ലാ പിന്തുണയും ഈ പീഡിത സമൂഹത്തിനു നൽകണമെന്നും ഞാനഭ്യർത്ഥിക്കുന്നു.ബാഗ്ദാദിലെ കൽദായ കത്തോലിക്കാ പാത്രിയർക്കീസിനെ സന്ദർശിച്ച് നമ്മുടെ സഭയുടെ പ്രാർത്ഥനയും ഐക്യദാർഢ്യവും അറിയിക്കുന്നതിന് മെത്രാന്മാരുടെ ഒരു ഡലഗേഷൻ പോകുവാൻ സിനഡ് നിശ്ചയിച്ച കാര്യവും അറിയിക്കുന്നു.

**പ്രവാസികളുടെ അജപാലനം**

സീറോമലബാർ സഭയുടെ അധികാരപരിധിക്കു പുറത്ത് ഇന്ത്യയിലും മറ്റു വിദേശരാജ്യങ്ങളിലും വസിക്കുന്ന നമ്മുടെ സഭാമക്കളുടെ അജപാലനപരമായ ആവശ്യങ്ങൾ നിറവേറ്റുന്നതിന് വേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് പരിശ്രമങ്ങൾ തുടരുന്നു.പ്രത്യേകിച്ച് അറബ് രാജ്യങ്ങളിൽ സീറോമലബാർ സഭാംഗങ്ങളുടെ അജപാലനത്തിനായുള്ള സംവിധാനങ്ങൾ വേഗത്തിൽ സാധിതമാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സിനഡ് പിതാക്കന്മാർ ഒപ്പിട്ട എഴുത്ത് മാർപാപ്പയ്ക്ക് അയച്ചുകൊടുക്കുകയുണ്ടായി. ഇന്ത്യയിലും വിദേശത്തുമുള്ള പല ക്രൈസ്തവ സമൂഹങ്ങളെയും ഞാൻ നേരിട്ടു സന്ദർശിക്കുകയുണ്ടായി. ഇക്കാര്യത്തിനായി പ്രവാസികൾക്കും സുവിശേഷവത്കരണത്തിനും വേണ്ടിയുള്ള സിനഡിന്റെ കമ്മീഷനും അപ്പസ്തോലിക് വിസിറ്ററും ഉത്സാഹത്തോടെപ്രവർത്തിക്കുന്നുണ്ട്. നമ്മുടെ പരിശ്രമങ്ങൾ വിജയിക്കുന്നതിന് എല്ലാവരും പ്രാർത്ഥിക്കണമെന്നഭ്യർത്ഥിക്കുന്നു. ആസ്ത്രേലിയായിൽ നമുക്കു ലഭിച്ച മെൽബൺ രൂപത ആരംഭദശയിലാണെങ്കിലും എല്ലാവരുടെയും സഹകരണത്തോടെ വളർച്ചയുടെ പാതയിലാണ്. ദൈവത്തിനു നമുക്കു നന്ദി പറയാം.

**മിഷൻ ഫണ്ട്**

നമ്മുടെ സഭയുടെ മിഷൻ പ്രവർത്തനങ്ങളെ സാമ്പത്തികമായും മറ്റും സഹായിച്ചു പ്രോത്സാഹിപ്പിക്കുന്നതിന് രൂപീകരിച്ചിരിക്കുന്ന അടടങ എന്ന പ്രസ്ഥാനത്തിന് ഇതിനോടകം വളരെ കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. നേരത്തേ അറിയിച്ചിട്ടുള്ളതുപോലെ എല്ലാവരും ആത്മാർത്ഥമായി സഹകരിക്കാൻ തയ്യാറായാൽ നമുക്ക് ഏറെക്കാര്യങ്ങൾ ചെയ്യാൻ സാധിക്കും. മിഷൻ രൂപതകൾക്കും മിഷൻ പ്രവർത്തനങ്ങൾക്കും അത് വലിയ ഉത്തേജനമായിരിക്കും.ദനഹാ കഴിഞ്ഞുള്ള ഞായറാഴ്ച സീറോമലബാർ മിഷൻ സൺഡേയായി ആചരിച്ച് സംഭരിക്കുന്ന സംഭാവനകൾ മിഷൻ ഫണ്ടിന്റെ പ്രവർത്തനങ്ങൾക്കായി കൂരിയായിലേയ്ക്ക് അയച്ചുകൊടുക്കേണ്ടതാണെന്ന്





സിനഡ് തീരുമാനിക്കുകയുണ്ടായി. ഇക്കാര്യത്തിൽ നിങ്ങളെല്ലാവരുടെയും ഉദാരമായ സഹകരണം ഞാൻ വീണ്ടും അഭ്യർത്ഥിക്കുന്നു. ഇതുവരെ മിഷൻഫണ്ട് ചെയർമാനായി സേവനം ചെയ്തുവന്ന അഭിവന്ദ്യ ഗ്രിഗറി കരോട്ടെമ്പ്രേൽ പിതാവിനുപകരമായി അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ് ചാർജ് എടുത്തിരിക്കുകയാണ്. മിഷൻഫണ്ട് സ്ഥാപിക്കാൻ പ്രചോദനമായിരുന്ന കരോട്ടെമ്പ്രേൽ പിതാവിനെ കൃതജ്ഞതയോടെ സമ്മേളനം അനുസ്മരിച്ചു.

**ദൈവവിളിയും പരിശീലനവും**

സഭയിൽ ദൈവവിളികളുടെ പ്രോത്സാഹനം, വൈദികാർത്ഥികളുടെ പരിശീലനം എന്നിവ സിനഡ് ഗൗരവപൂർവ്വം ചർച്ച ചെയ്തു. സന്ന്യാസ സമർപ്പിത ദൈവവിളികളും അതോടൊപ്പം സന്യസ്ത സഹോദരന്മാരുടെ ദൈവവിളികളും പ്രോത്സാഹിപ്പിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. സമർപ്പിത ജീവിതം തെരഞ്ഞെടുക്കുന്നവർക്ക് ശരിയായ പരിശീലനത്തിനാവശ്യമായ സഹായങ്ങളും മാർഗദർശനവും നൽകുന്നതിന് സഭയ്ക്ക് ഉത്തരവാദിത്വമുണ്ട്. ഇക്കാര്യങ്ങളെല്ലാം കണക്കിലെടുത്ത് സിനഡ് ഒരു ദൈവവിളി കമ്മീഷന് രൂപം കൊടുത്തു കഴിഞ്ഞു. നമ്മുടെ സഭയിലെ മേജർ സെമിനാരികളിൽ വൈദികാർത്ഥികൾക്കു നൽകപ്പെടുന്ന പരിശീലനം മെച്ചപ്പെടുത്തുന്നതിനെക്കുറിച്ച് സിനഡ് ചർച്ച ചെയ്യുകയും തുടർനടപടികൾ ഫലപ്രദമായി നടത്തുന്നതിന് നിശ്ചയിക്കുകയും ചെയ്തു. സീറോ മലബാർ സഭയുടെ മിഷൻ സെമിനാരിയായി സത്നായിലെ സെന്റ് എഫ്രേംസ് മേജർ സെമിനാരിയെ സിനഡ് അംഗീകരിച്ചിരിക്കുന്ന കാര്യം അറിഞ്ഞിരിക്കുമല്ലോ. അവിടെ നല്ല രീതിയിൽ മിഷനറി ഫോർമേഷൻ കൊടുക്കാൻ പരിശ്രമിക്കുന്നു. സഭയിൽ പ്രേഷിതചൈതന്യം വളർത്താൻ അത് സഹായകരമാകും.

**സമർപ്പിതരുടെ വർഷം**

അടുത്തവർഷം സമർപ്പിതരുടെ വർഷമായി ആചരിക്കാൻ കത്തോലിക്കാസഭനിശ്ചയിച്ചിരിക്കുകയാണ്. സമർപ്പിതവർഷാചരണത്തെക്കുറിച്ചും സമർപ്പിത ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിനെക്കുറിച്ചും ചർച്ച ചെയ്യുന്നതിന് സമർപ്പിത സമൂഹങ്ങളുടെ മേജർ സുപ്പീരിയേഴ്സുമായി സിനഡിന്റെ പ്രത്യേക സമ്മേളനം നടത്തുകയുണ്ടായി. മറ്റു വ്യക്തിസഭകളിൽ സേവനം ചെയ്യുന്ന സന്ന്യാസസമൂഹങ്ങളുടെ പ്രവർത്തനത്തിനു വേണ്ട മാർഗ്ഗ നിർദ്ദേശം നല്കുന്നതിനായുള്ള മാർഗ്ഗരേഖ സിനഡ് അംഗീകരിക്കുകയുണ്ടായി.

സമർപ്പിത വർഷാചരണത്തിന്റെ ആരംഭത്തിൽത്തന്നെ നമ്മുടെ സഭയിലെ രണ്ടു സന്ന്യസ്തരുടെ വിശുദ്ധപദവി പ്രഖ്യാപനം നടക്കുന്നു എന്നത് നമുക്ക് അഭിമാനവും സന്തോഷവും നൽകുന്ന കാര്യമാണ്. നവംബർ 23-ന് വാഴ്ത്തപ്പെട്ടവരായ ചാവറ കുര്യാക്കോസ് അച്ചനും എവുപ്രാസ്യാമ്മയും വിശുദ്ധരായി പ്രഖ്യാപിക്കപ്പെടുന്നതിൽ നമുക്ക് ദൈവത്തോട് നന്ദി പറയാം. അതോടനുബന്ധിച്ചു നടത്തുന്ന പ്രധാന പൊതുപരിപാടികളിൽ എല്ലാവരുടെയും സഹകരണം ഉണ്ടാകുമെന്നും അവ എല്ലാവരുടെയും ആത്മീയവളർച്ചക്ക് സഹായകമാകുമെന്നും കരുതുന്നു. പുണ്യചരിതനായ ഫോർത്തുണാത്തൂസ് താൻഹോയ്സർ എന്ന സന്യാസസഹോദരന്റെ നാമകരണ നടപടി ആരംഭിക്കുന്നതിന് സിനഡ് അനുകൂലമായ തീരുമാനം എടുത്തു. കാഞ്ഞിരപ്പള്ളിയിലെ കട്ടപ്പന പ്രദേശമായിരുന്നു അദ്ദേഹത്തിന്റെ മുഖ്യപ്രേഷിതരംഗം.

**സിനഡ് ചർച്ച ചെയ്ത മറ്റു ചില വിഷയങ്ങൾ താഴെ പറയുന്നവയാണ്.**

**സീറോ മലബാർ യൂത്ത് മൂവ്മെന്റ്**

ലത്തീൻ സഭയ്ക്കും സീറോ മലങ്കര സഭയ്ക്കും പ്രത്യേകം പ്രത്യേകം യുവജന പ്രസ്ഥാനങ്ങളുള്ളതുപോലെ നമ്മുടെ സഭയിലും സീറോമലബാർ യൂത്ത് മൂവ്മെന്റ് എന്ന പേരിൽ യുവജന പ്രസ്ഥാനത്തിന് രൂപം നൽകിയിരിക്കുന്നു. അതിന്റെ ഉദ്ഘാടനം ആഗസ്റ്റ് 30 ന് മൗണ്ട് സെന്റ് തോമസിൽ നടക്കുകയുണ്ടായി. പുതിയ നിയമാവലിക്കനുസരിച്ച് അതിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ എല്ലാ രൂപതകളും പരിശ്രമിക്കുമല്ലോ. വളരെ സജീവമായി പ്രവർത്തിക്കുന്ന പ്രസ്ഥാനമാണ് ജീസസ് യൂത്ത്. അവർ മാതൃസഭയോടു ചേർന്നു പ്രവർത്തിക്കാനും സഭയ്ക്കു ചേർന്നവിധം വിശ്വാസപരിശീലനം ആർജ്ജിക്കുവാനും ശ്രദ്ധിക്കേണ്ടതുണ്ട്.

**കത്തോലിക്കാ കോൺഗ്രസ്**

കത്തോലിക്കാ കോൺഗ്രസ് സീറോ മലബാർ സഭയിൽ ശക്തി പ്രാപിച്ചുവരികയാണ്. രൂപതാതലത്തിൽ ഈ സംഘടനയെ വളർത്തിയെടുക്കാൻ എല്ലാവരും ഒന്നുചേർന്നു പ്രവർത്തിക്കണം. നമ്മുടെ സഭയിലെ പ്രായപൂർത്തിയായ എല്ലാ അത്മായരെയും ഏകോപിപ്പിക്കുന്ന ഒരു സംഘടനയായി വിഭാഗീയതകൾക്ക് അടിമപ്പെടാതെ കത്തോലിക്കാ കോൺഗ്രസ് ഒത്തൊരുമിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. സഭാതലത്തിൽ അടുത്ത കാലത്തു പ്രവർത്തനമാരംഭിച്ച വനിതാ ഫോറം വളർന്നു വരുന്നതിൽ സന്തോഷമുണ്ട്.





**കുടുംബകൂട്ടായ്മകൾ**

കുടുംബകൂട്ടായ്മകൾക്ക് അജപാലനശുശ്രൂഷയിൽ വളരെ പ്രധാനപ്പെട്ട ഒരു പങ്കുണ്ട്. അവയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും സഹായകരമായ ഒരു മാർഗരേഖക്ക് രൂപംകൊടുത്തു വരുന്നു.

**സംരക്ഷണകേന്ദ്രങ്ങൾ**

ജീവകാരുണ്യ പ്രവർത്തനരംഗത്ത് നമ്മുടെ സഭ മുൻപന്തിയിൽത്തന്നെയാണ്. അഗതികൾ, പരസഹായം ആവശ്യമുള്ള വൃദ്ധജനങ്ങൾ, ശാരീരികവും മാനസികവുമായ ന്യൂനതകളുള്ളവർ, അനാഥർ തുടങ്ങിയ സഹോദരങ്ങൾക്ക് സാധ്യമായ ശുശ്രൂഷകളും സംരക്ഷണവും നൽകുന്നതിനുള്ള ധാരാളം ഭവനങ്ങളും കേന്ദ്രങ്ങളും സീറോ മലബാർ സഭയിലുണ്ട് . വൈദികരും സന്ന്യസ്തരും അത്മായ സഹോദരങ്ങളും ഇക്കാര്യത്തിൽ വളരെ താൽപര്യത്തോടെ പ്രവർത്തിക്കുന്നതിൽ സന്തോഷമുണ്ട്. ഈ സ്ഥാപനങ്ങളുടെ നടത്തിപ്പ് എല്ലാക്കാര്യങ്ങളിലും നിയമാനുസൃതമായിരിക്കാൻ ജാഗ്രത പുലർത്തണമെന്ന് ഓർമ്മിപ്പിക്കുന്നു.

**വിദ്യാഭ്യാസരംഗം**

സഭയുടെ പ്രവർത്തനങ്ങളിൽ വിദ്യാഭ്യാസരംഗം അതിപ്രധാനമാണ്. സഭയുടെ പ്രബോധനദൗത്യത്തിൽ പങ്കുചേരുന്നവരാണ് അദ്ധ്യാപകർ. അവരുടെ ശുശ്രൂഷ വിലപ്പെട്ടതാണ്. ഭൗതികവിദ്യാഭ്യാസ കാര്യത്തിൽ മികവു പുലർത്തുന്നതോടൊപ്പം കുട്ടികളുടെ ധാർമ്മികവും മൂല്യാധിഷ്ഠിതവുമായ ജീവിതത്തിന് അടിത്തറ പാകാനും അദ്ധ്യാപകർ ശ്രദ്ധിക്കണം. ഇക്കാര്യത്തിൽ സഭയ്ക്ക് വലിയ ഉത്തരവാദിത്വമുണ്ട്. അദ്ധ്യാപകർ സഭയുടെ ദർശനം ഉൾക്കൊണ്ട് തങ്ങളുടെ ശുശ്രൂഷ നിർവ്വഹിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**സഭൈക്യ പ്രവർത്തനങ്ങൾ**

സഭൈക്യ പ്രവർത്തനങ്ങൾ സജീവമാക്കാനും മതാന്തര ബന്ധങ്ങളിലൂടെ മതസൗഹാർദ്ദം വളർത്താനും നാം പരിശ്രമിക്കണം. സഭൈക്യസംബന്ധമായ വിഷയങ്ങളിൽ ആവശ്യമായ അറിവും പരിശീലനവും വൈദികവിദ്യാർത്ഥികൾക്ക് നൽകാൻ ശ്രദ്ധിക്കണം. സഭൈക്യ പ്രവർത്തനങ്ങൾ സജീവമാക്കാനും മതാന്തര ബന്ധങ്ങളിലൂടെ മതസൗഹാർദ്ദം വളർത്താനും നാം പരിശ്രമിക്കണം. സഭൈക്യ സംബന്ധമായ വിഷയങ്ങളിൽ ആവശ്യമായ അറിവും പരിശീലനവും വൈദികവിദ്യാർത്ഥികൾക്ക് നൽകാൻ ശ്രദ്ധിക്കണം.

**മദ്യവിരുദ്ധ പ്രവർത്തനങ്ങൾ**

കേരളസർക്കാരിന്റെ മദ്യനയത്തെ സഭ പിന്തുണക്കുന്നു. ഒരു മദ്യവിമുക്ത സമൂഹമാണ് നമ്മുടെ ലക്ഷ്യം. ഈ വിഷയത്തിൽ ബോധവത്കരണവും നിരന്തരമായ ജാഗ്രതയും ആവശ്യമാണ്. മദ്യ വിരുദ്ധ പ്രവർത്തനങ്ങൾ കൂടുതൽ ശക്തവും വ്യാപകവുമാക്കി ലഹരി രഹിതസമൂഹത്തെ രൂപപ്പെടുത്താൻ നമുക്ക് ശ്രമിക്കാം.

മറ്റു ചില കാര്യങ്ങൾ നിങ്ങളുടെ അറിവിലേക്കായി ശ്രദ്ധയിൽ പ്പെടുത്തുന്നു. സീറോ മലബാർ സഭയെ സംബന്ധിച്ച മനോഹരമായ ഒരു ഡോക്യുമെന്ററി ഫിലിം മാർഗം എന്ന പേരിൽ നിർമ്മിച്ചി രിക്കുന്നു. അതിന് പ്രചാരം നൽകുന്നത് നന്നായിരിക്കും. മാർത്തോമ്മാ ശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950 ാം വാർഷികാഘോഷ ത്തോടനുബന്ധിച്ചുള്ള കർമ്മപരിപാടികളുടെ ഭാഗമായി ആഗസ്റ്റ് 23 ന് മെത്രാന്മാർ സപ്തദൈവാലയങ്ങളിലൊന്നായ പറവൂർ, കോട്ട ക്കാവ് പള്ളിയിലേക്ക് തീർത്ഥാടനം നടത്തുകയുണ്ടായി. മെത്രാന്മാ രുടെ ഭൗതിക ശരീരം ഇനിമുതൽ ദൈവാലയത്തിലെ മദ്ബഹയിൽ അടക്കേണ്ടതില്ല എന്ന് സിനഡ് തീരുമാനിക്കുകയുണ്ടായി.

ക്നാനായ സമൂഹത്തിന്റെ ആശങ്കകളെയും ആവശ്യങ്ങളെയും കുറിച്ച് സമ്മേളനം ചർച്ച ചെയ്യുകയും വിശദമായ പഠനത്തിനായി ഒരു കമ്മറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തു.

വളരെ ഫലപ്രദവും സജീവവുമായ ചിന്തകൾക്കും ചർച്ച കൾക്കും തീരുമാനങ്ങൾക്കും ശേഷം 30 -ാം തീയതി ഉച്ചയ്ക്ക് 12.30 മണിയോടെ സിനഡ് സമാപിച്ചു. സിനഡിന്റെ എല്ലാ പ്രവർത്തനങ്ങളും നമ്മുടെ സഭയുടെ വളർച്ചയ്ക്കും നന്മയ്ക്കും ഉപകരിക്കുന്നതിന് നിങ്ങ ളെല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം

**മാർ ജോർജ്ജ് കാർഡിനൽ ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്

---

NB : ഈ സർക്കുലറിലെ പ്രസക്തകാര്യങ്ങൾ ജനങ്ങളെ അറിയിക്കേണ്ട താണ്.

**+ മാർ ജേക്കബ് മനത്തോടത്ത്**





# കെസിബിസി വിദ്യാഭ്യാസ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

അഭിവന്ദ്യ പിതാക്കന്മാരേ, സമർപ്പിതസമൂഹശ്രേഷ്ഠരേ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ചുമതല വഹിക്കുന്ന വന്ദ്യവൈദികരേ, ബഹുമാന പ്പെട്ട സഹോദരിമാരേ, സ്ഥാപനങ്ങളിലെ അധ്യാപക അനധ്യാപക ശുശ്രൂഷകരേ,

കത്തോലിക്കാസഭയുടെ വിദ്യാഭ്യാസദർശനം നിങ്ങളുമായി പങ്കുവെയ് ക്കുന്നതിനും നമ്മുടെ കലാലയങ്ങളിലും വിദ്യാലയങ്ങളിലും മൂല്യ ബോധനക്ളാസ്സുകൾ തികഞ്ഞ ഗൗരവത്തോടും നിരന്തരമായ ശ്രദ്ധ യോടും കൂടി നിർവ്വഹിക്കണമെന്ന് ഓർമ്മിപ്പിക്കുന്നതിനും വേണ്ടി യാണ് ഈ സർക്കുലർ നിങ്ങൾക്ക് അയക്കുന്നത്. നിങ്ങൾക്കറിയാവു ന്നവയും അനുവർത്തിക്കുന്നവയുമാണെങ്കിലും ഇടയ്ക്കിടെ ഓർമ്മി പ്പിക്കുന്നത് കൂടുതൽ പ്രോത്സാഹജനകമാകുമെന്ന് പ്രതീക്ഷിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലും, ഭാരതകത്തോലിക്കാമെത്രാൻസ മിതിയും നമ്മുടെ വിദ്യാഭ്യാസപ്രവർത്തനങ്ങൾക്കായി നല്കിയിട്ടുള്ള മാർഗ്ഗരേഖകളുടെ വെളിച്ചത്തിൽ നമ്മുടെ പ്രവർത്തനങ്ങൾ വിലയി രുത്തുവാൻ ഈ കത്ത് സഹായിക്കട്ടെ.

കത്തോലിക്കാസഭ അമ്മയെന്ന നിലയിൽ മനുഷ്യമക്കളുടെ സാമൂ ഹിക ഉന്നമനത്തിനും ഉൽക്കർഷത്തിനുമായി നിരവധി പരിശ്രമങ്ങൾ വിവിധങ്ങളായ പദ്ധതികളിലൂടെ നടത്തുന്നത് ഏവരും അംഗീകരി ക്കുന്ന കാര്യമാണല്ലോ. അതിൽ പ്രഥമസ്ഥാനം വിദ്യാഭ്യാസത്തിനാ ണ്. ലോകത്തിൽ യഥാർത്ഥ ഐക്യവും സമാധാനവും മറ്റു മനുഷ്യ രുമായി സഹോദരതുല്യമായ സൗഹൃദവും സ്ഥാപിക്കുന്നതിന് വിദ്യാ ഭ്യാസം ഉപകരിക്കുമെന്ന ബോധ്യത്തോടെയാണ് സഭ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നത്. അതുകൊണ്ട് ഓരോ വ്യക്തി യുടെയും സ്വഭാവത്തിനും ലിംഗഭേദത്തിനും സംസ്കാരത്തിനും ദേശീയ പാരമ്പര്യത്തിനും അനുരൂപമായ പദ്ധതികളിലൂടെ ഓരോരു ത്തർക്കും തങ്ങളുടെ ലക്ഷ്യപ്രാപ്തിക്ക് ഉതകുന്ന വിദ്യാഭ്യാസം നൽകാ നാണ് സഭ ആഗ്രഹിക്കുന്നത്. മനുഷ്യവ്യക്തിയെന്ന മാഹാത്മ്യത്തിന്റെ ഉടമകളെന്ന നിലയിൽ ആർക്കും അന്യാധീനപ്പെടുത്താൻ പാടില്ലാ ത്തതാണ് വിദ്യാഭ്യാസത്തിനുള്ള അവകാശം. ഏതു ജാതിയിലോ മത

ത്തിലോ പരിതസ്ഥിതിയിലോ പ്രായത്തിലോ ആയിരിക്കട്ടെ വിദ്യാഭ്യാസത്തിനുള്ള അവകാശം നിഷേധിക്കപ്പെടാൻ പാടില്ല. കാരണം മന:ശാസ്ത്രത്തിലും ബോധനശാസ്ത്രത്തിലും ധാർമ്മികശാസ്ത്രത്തിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന പുരോഗതിക്കനുസൃതമായി ശാരീരികവും ബൗദ്ധികവും ധാർമ്മികവുമായ സ്വഭാവഗുണങ്ങൾ സമന്വയിപ്പിച്ച് കരുത്തുള്ളവരായി വളർന്നു വരുവാൻ കുട്ടികളും യുവജനങ്ങളും സഹായിക്കപ്പെടുന്നത് വിദ്യാഭ്യാസത്തിലൂടെയാണ്.

എന്തിനുവേണ്ടിയാണ് നാം വിദ്യ അഭ്യസിപ്പിക്കുന്നത്? പലപ്പോഴും ഗൗരവപൂർവ്വം ഈ ചോദ്യം ഉന്നയിക്കപ്പെടുന്നില്ല. ഉപജീവനോപാധികൾ കണ്ടെത്താൻ സഹായിക്കുകയെന്ന ലളിതമായ ഉത്തരം നൽകി കടന്നുപോകാനാണ് നാം ശ്രമിക്കുന്നത്. എന്നാൽ, സഭ അഞ്ച് പ്രധാന ആശയങ്ങൾ മുന്നോട്ടു വയ്ക്കുന്നു.

1. കുട്ടികളും യുവജനങ്ങളും സ്വജീവിതത്തിൽ സ്ഥിരപരിശ്രമം വഴി പരിശീലിക്കേണ്ട തികഞ്ഞ ഉത്തരവാദിത്വബോധം നേടിയെടുക്കുന്നതിന് അവരെ വിദ്യ അഭ്യസിപ്പിക്കണം.
2. സാമൂഹികജീവിതത്തിൽ ഭാഗഭാഗിത്വം വഹിക്കുന്നതിന് ആവശ്യമായ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് നാം അവരെ വിദ്യ അഭ്യസിപ്പിക്കണം.
3. മനുഷ്യ സമ്പർക്കസമൂഹങ്ങളിൽ ഉൾചേരുന്നതിന് അവർ പരിശീലിപ്പിക്കപ്പെടണം.
4. പൊതുനന്മയ്ക്കായുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് അവർ പ്രാപ്തരാകണം.
5. ധാർമ്മികമൂല്യങ്ങൾ ശരിയായ മനസ്സാക്ഷിയോടെ വിലയിരുത്തുന്നതിനും നിഷ്ഠയോടെ ആശ്ലേഷിക്കുന്നതിനും അവർ കരുത്തുള്ളവരായിത്തീരണം.

നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങൾ തങ്ങളുടെ വിദ്യാർഥികളിൽ സന്നിവേശിപ്പിക്കേണ്ട ഗുണങ്ങൾ എന്തൊക്കെയാണെന്നും സഭ നിഷ്കർഷിക്കുന്നുണ്ട്.

1. ബൗദ്ധികമായ കഴിവുകൾ.
2. തെറ്റും ശരിയും വിവേചിക്കാനുള്ള കഴിവ്.
3. പൂർവ്വികരുടെ സംസ്കാരപൈതൃകം എന്തെന്നു ബോധ്യപ്പെടുത്തൽ.
4. സനാതനമൂല്യങ്ങളിൽ അവബോധമുള്ളവരാകൽ.
5. തൊഴിൽപരമായ നൈപുണികൾ വികസിപ്പിക്കൽ.
6. കൂട്ടായ്മയുടെ പ്രാധാന്യവും പ്രസക്തിയും.
7. പരസ്പരം മനസ്സിലാക്കുന്നതിനുള്ള ചൈതന്യം.





അങ്ങനെ ഓരോ വിദ്യാഭ്യാസസ്ഥാപനവും മാതാപിതാക്കളും, അധ്യാപകരും, സാംസ്കാരിക, രാഷ്ട്രീയ, മതസമൂഹങ്ങളും ഒരുപോലെ പങ്കു വഹിക്കുന്ന പ്രവർത്തനങ്ങൾക്കും വളർച്ചയ്ക്കുമുള്ള പൊതുവേദികളായി പരിണമിക്കണമെന്ന് സഭ പഠിപ്പിക്കുന്നു.അങ്ങനെ വരുമ്പോൾ വിദ്യാഭ്യാസപ്രക്രിയയിൽ എല്ലാവർക്കും തുല്യവും ഗൗരവപൂർണ്ണവുമായ ഉത്തരവാദിത്വമുണ്ടെന്ന വസ്തുത അംഗീകരിക്കപ്പെടും.

ഓരോ സ്ഥലത്തെയും പ്രത്യേകതകൾക്കനുസൃതമായി അനുരൂപമായ വിദ്യാഭ്യാസസമ്പ്രദായങ്ങളും പഠന പദ്ധതികളും കണ്ടുപിടിക്കണമെന്ന് സഭ വിശ്വാസസമൂഹത്തോട് ആവശ്യപ്പെടുന്നുണ്ട്. അവ ശരിയായവിധം പരിശീലിപ്പിക്കുന്നതിന് സമർത്ഥരായ അധ്യാപകരെ രൂപീകരിക്കുന്ന ഉത്തരവാദിത്വവും അവർക്കു തന്നെയാണെന്നും, ധാർമ്മികബോധനം നൽകുന്നതിൽ നിർബന്ധബുദ്ധിയുണ്ടാകണമെന്നും സഭ നിഷ്കർഷിക്കുന്നു. സഭയുടെ വിദ്യാഭ്യാസസ്ഥാപനങ്ങൾ തീർച്ചയായും സഭയുടെ സജീവമായ സാന്നിദ്ധ്യമാണ് സമൂഹമധ്യേ പ്രകാശിപ്പിക്കുന്നത്. മാത്രമല്ല സ്വാതന്ത്ര്യത്തിന്റെയും സ്നേഹത്തിന്റെയും സുവിശേഷചൈതന്യത്താൽ സജീവമായ അന്തരീക്ഷമായിരിക്കണം സ്ഥാപനാങ്കണത്തിൽ ഉണ്ടാകേണ്ടതെന്നും സഭ ബന്ധപ്പെട്ടവരെ ഓർമ്മിപ്പിക്കുന്നു. അധ്യാപകരാകട്ടെ, ബൗദ്ധികവിഷയങ്ങളിൽ ബിരുദമുള്ളവർ മാത്രമായാൽപ്പോരാ, അവർ അധ്യാപനകലയിൽ നിപുണരും തമ്മിൽതമ്മിലും വിദ്യാർത്ഥികളോടും സ്നേഹം പുലർത്തുന്നവരുമായിരിക്കണം. അവർ തങ്ങളുടെ ജീവിതം വഴിയും പ്രബോധനം വഴിയും ഏകഗുരുവായ യേശുക്രിസ്തുവിനു സാക്ഷ്യം വഹിക്കണം. പാഠ്യവിഷയങ്ങൾക്കു പുറമേ വ്യക്തിജീവിതവിശുദ്ധിക്കു സഹായകരമായ ഉപദേശവും സ്നേഹവും നൽകി കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നവരുമായിരിക്കണം. ഇതിന് മനസ്സിന്റെയും ഹൃദയത്തിന്റെയും സവിശേഷമായ കഴിവുകളും അങ്ങേയറ്റം ശുഷ്കാന്തിയോടെയുള്ള ഒരുക്കവും തുടർച്ചയായ നവീകരണത്തിനും അനുരൂപണത്തിനുമുള്ള സന്നദ്ധതയും ആവശ്യമാണ്.

നമ്മുടെ വിദ്യാഭ്യാസപ്രവർത്തനങ്ങളിൽ അവശ്യം ഉണ്ടായിരിക്കേണ്ട നന്മ സഹകണത്തിന്റേതാണ്.വിദ്യാഭ്യാസപ്രവർത്തനത്തിൽ അത്യന്താപേക്ഷിതമാണത്. നമ്മുടെ എല്ലാ സ്ഥാപനങ്ങളും ഒരേ ഭൗതിക നിലവാരത്തിലോ ആധുനിക ഭൗതിക സംവിധാനങ്ങളുടെ കാര്യത്തിലോ തുല്യമായിരിക്കില്ല. എന്നാൽ ഒരേ ലക്ഷ്യമാണ് നമ്മുടേത് എന്നതുകൊണ്ട് സഹകരണത്തിന്റെ വലിയ പാഠം സമൂഹത്തെ പഠിപ്പിക്കാൻ നമുക്കു കഴിയും. അതിനാൽ സ്ഥാപനങ്ങൾ തമ്മിൽ യുക്തമായ ഏകോപനമുണ്ടാകുന്നതും ഒരുമിച്ചുള്ള സമ്മേളനങ്ങൾ കൂടുന്നതും ശാസ്ത്രഗവേഷണങ്ങൾ പങ്കുവെയ്ക്കുന്നതും കണ്ടുപിടുത്തങ്ങളും അധ്യാപകരുടെ സേവനങ്ങളും കൈമാറുന്നതുമൊക്കെയായി പരസ്പരസഹകരണത്തിന് ഉതകുന്നവ പ്രോത്സാഹിപ്പിക്കാൻ നമുക്കു കഴിയണം. കാരണം മനുഷ്യസമൂഹത്തിന്റെ നന്മയാണല്ലോ ഈദൃശ പ്രവൃത്തികളുടെ ലക്ഷ്യങ്ങൾ.

ചുരുക്കത്തിൽ സനാതനമൂല്യങ്ങളും ക്രൈസ്തവമൂല്യങ്ങളും പങ്കു വെയ്ക്കപ്പെടുകയാണ്. പ്രകൃതിയെയും മനുഷ്യനെയും ഇതര ജീവജാലങ്ങളെയും അർഹിക്കുന്ന ആദരവോടെ പരിഗണിക്കാനും പരിചരിക്കാനും പരിപോഷിപ്പിക്കാനും ക്രിസ്തുസ്നേഹത്തിൽ പരിശീലിപ്പിക്കുകയാണ്. നന്മയും തിന്മയും ശരിയും തെറ്റും വിവേചിക്കാനും നന്മയെ നിഷ്ഠയോടെ ആശ്ലേഷിക്കാനും ശരിയുടെ ഭാഗത്ത് ചങ്കുറപ്പോടെ പക്ഷം ചേരുവാനും സുവിശേഷചൈതന്യത്താൽ പ്രേരിതരായി പരസ്നേഹപ്രവർത്തികളിൽ വ്യാപരിക്കുവാനും കത്തോലിക്കാവിദ്യാലയങ്ങളിൽ നിന്ന് പഠിച്ചിറങ്ങുന്ന വിദ്യാർഥികൾ പ്രാപ്തരാകണം. അതിനു സഹായകരമാകുംവിധം മൂല്യബോധനക്ളാസ്സുകൾ ക്രമീകരിക്കുകയും പൊതുവായ സിലബസ് എല്ലാവരും അനുവർത്തിക്കുകയും വേണം. സഭയുടെ കാഴ്ചപ്പാടുകൾ വ്യക്തമാക്കുന്നതും സനാതനമൂല്യങ്ങൾ പരിശീലിപ്പിക്കാൻ കഴിയുന്നതുമായ പാഠപുസ്തകങ്ങൾ തയ്യാറാക്കപ്പെടണം. ഈ ചിന്തകളുടെ വെളിച്ചത്തിൽ നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ നൽകിവരുന്ന മൂല്യബോധനക്ളാസ്സുകൾക്ക് ഒരു ഏകോപനം ഉണ്ടാകണമെന്ന് കഴിഞ്ഞ ജൂൺ മാസത്തിലെ കെ.സി.ബി.സി. യോഗത്തിൽ ധാരണയായി. അടുത്ത അധ്യയനവർഷം മുതൽ നമ്മുടെ എല്ലാ മലയാളം, ഇംഗ്ളീഷ് മീഡിയം വിദ്യാലയങ്ങളിലും പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള കുട്ടികളെ പരിശീലിപ്പിക്കുവാൻ ഉതകുന്ന മൂല്യബോധന പുസ്തകങ്ങൾ പി.ഒ.സി.യിൽ നിന്ന് പ്രസിദ്ധീകരിക്കുകയും അവ എല്ലാ വിദ്യാലയങ്ങളും ഉപയോഗിക്കുകയും വേണമെന്നാണ് അഭിവന്ദ്യപിതാക്കന്മാർ ആഗ്രഹിക്കുന്നത്. ഇപ്പോൾതന്നെ പല വിദ്യാലയങ്ങളും പി.ഒ.സി. പ്രസിദ്ധം ചെയ്തിട്ടുള്ള മലയാളം ടെക്സ്റ്റുബുക്കുകൾ ഉപയോഗിക്കുന്നുണ്ട്.





എല്ലാ ക്ലാസ്സുകളിലെയും വാർഷികപരീക്ഷ കെ.സി.ബി.സി. വിദ്യാഭ്യാസകമ്മീഷൻ തയ്യാറാക്കുന്ന ചോദ്യപേപ്പർ ഉപയോഗിച്ചാകണം നടത്തേണ്ടത്. ആയത് മൂല്യബോധനക്ലാസ്സുകളുടെ ചുമതലയുള്ള രൂപതാഡയറക്ടർമാർ വിദ്യാഭ്യാസകമ്മീഷന്റെ ഓഫീസിൽനിന്നും വാങ്ങേണ്ടതും അവരുടെ മേൽനോട്ടത്തിൽ പരീക്ഷകൾ നടത്തി മൂല്യനിർണ്ണയം ചെയ്ത് അർഹരായവർക്ക് രൂപതാതലത്തിൽ പ്രോത്സാഹനങ്ങൾ നൽകേണ്ടതുമാണ്.

എന്നാൽ പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിലെ വാർഷികപരീക്ഷയുടെ ഉത്തരക്കടലാസ്സുകൾ മൂല്യനിർണ്ണയം നടത്തി 80% ത്തിൽ അധികം മാർക്ക് ലഭിക്കുന്ന ഉത്തരക്കടലാസ്സുകൾ കെ.സി.ബി.സി. വിദ്യാഭ്യാസകമ്മീഷന്റെ ഓഫീസ്സിലേക്ക് അയയ്ക്കേണ്ടതാണ്. അവ സംസ്ഥാനതലത്തിൽ പുന:മൂല്യനിർണ്ണയം നടത്തുന്നതും അർഹരായവർക്കു പ്രോത്സാഹനങ്ങൾ നൽകുന്നതുമായിരിക്കും.

കെ.സി.ബി.സി. വിദ്യാഭ്യാസകമ്മീഷന്റെ പ്രവർത്തനങ്ങൾക്ക് നിങ്ങൾ ഓരോരുത്തരും നൽകി വരുന്ന പ്രോത്സാഹനങ്ങൾക്കും സഹകരണങ്ങൾക്കും കൃതജ്ഞത പ്രകാശിപ്പിക്കുന്നു. സഭയുടെ വിദ്യാഭ്യാസമേഖലയിൽ സജീവമാകാനും ആവശ്യമായ ക്രിയാത്മക നേതൃത്വം കൊടുക്കാനും വിദ്യാഭ്യാസകമ്മീഷൻ കൂടുതൽ ശ്രദ്ധിക്കുന്നതാണ്. ഈ പ്രേഷിതമേഖലയിൽ നിങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ കമ്മീഷനുമായി പങ്കുവെയ്ക്കുന്നതിന് നിങ്ങൾ താത്പര്യം കാണിക്കുമല്ലോ. കഴിയുന്നത്രവിധത്തിൽ നിങ്ങളെ സഹായിക്കാൻ കമ്മീഷൻ പ്രതിജ്ഞാബദ്ധമാണ്.

സഭയുടെ വിദ്യാഭ്യാസരംഗത്തെ എല്ലാ ശുശ്രൂഷകർക്കും പരമഗുരുവായ യേശുക്രിസ്തുവിന്റെ കൃപയും സമാധാനവും ആശംസിക്കുന്നു.

**ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്,**

ചെയർമാൻ, കെ.സി.ബി.സി. വിദ്യാഭ്യാസകമ്മീഷൻ

# റൂബിജൂബിലി

## റിപ്പോർട്ട്

2013 സെപ്റ്റംബർ 8-ാം തിയ്യതി ഞായറാഴ്ച രാവിലെ അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് പിതാവ് കത്തീഡ്രലിലെ ദിവ്യബലിമധ്യേ തിരിതെളിച്ചുകൊണ്ട് രൂപതയുടെ റൂബിജൂബിലിയ്ക്ക് തുടക്കം കുറിച്ചു. ഇടവകകളിൽ അന്നേദിവസം തന്നെ ബഹു. വികാരിയച്ചന്മാരും ഇതാവർത്തിച്ചു. അന്ന് പള്ളികളിൽ വായിച്ച ഇടയലേഖനത്തിൽ അഭിവന്ദ്യ പിതാവ് ഇപ്രകാരം ഉദ്ബോധിപ്പിച്ചു "യാദൃശ്ചികമായിട്ടല്ല, വലിയൊരു ദൈവിക പദ്ധതിയുടെ ഭാഗമായിട്ടാണ് 1974-ൽ രൂപത സ്ഥാപിതമായത്. ഈ നാട്ടിലെ നാനാജാതി മതസ്ഥരോടും സകലസൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കാൻ (മർക്കോസ് 16,15) വേണ്ടിയാണ് പ്രാഥമികമായി രൂപത സ്ഥാപിതമായത്... ക്രിസ്തുവിന്റെ സ്നേഹത്തിന്റെയും കരുണയുടെയും ജീവിക്കുന്ന സാക്ഷികളായി നമ്മൾ മാറുകയും അവ ഏവർക്കും ലഭ്യമാക്കുകയുമാണ് നമ്മുടെ കടമ".

ഇടയലേഖനത്തിന്റെ പശ്ചാത്തലത്തിൽ രൂപകല്പന ചെയ്ത പാരിപാടികൾക്ക് മേളക്കൊഴുപ്പോ ആർഭാട പെരുമയോ ഇല്ലായിരുന്നു. രൂപതയാകുന്ന വിശ്വാസസമൂഹത്തെ സുവിശേഷാനുസൃതം കൂടുതൽ തീക്ഷ്ണതയോടെ ജീവിക്കുവാൻ സജ്ജമാക്കുന്ന മഡോണധ്യാനവും ഇടവക നവീകരണപരിപാടികളും ഹോം മിഷനും എപ്പാർക്കിയൽ അസംബ്ലിയുമായിരുന്നു മുഖ്യ കർമ്മപദ്ധതികൾ. ഹോം മിഷൻ എല്ലാ ഇടവകകളിലും സംഘടിപ്പിച്ചു. അതുവഴി ക്രൈസ്തവജീവിതത്തിന് പുത്തൻ ഉണർവ്വ് സംജാതമായിട്ടുണ്ട്. അസംബ്ലിക്കൊരുക്കമായിട്ടുള്ള പഠനങ്ങളും ചർച്ചകളും ഇടവകയിൽ കുടുംബസമ്മേളന യൂണിറ്റുവഴി നടത്തികഴിഞ്ഞു. നവംബർ 10 മുതൽ അസംബ്ലി ആരംഭിക്കുന്നതാണ്.

2014 ഒക്ടോബർ 2 ന് രാവിലെ 10 മണിക്ക് ആയിരുന്നു ജൂബിലി ആഘോഷപരിപാടികൾ. മതാദ്ധ്യാപകദിനവും വിശ്വാസവർഷാചരണ സമാപനവും അന്നേദിവസം സംയുക്തമായി നടത്തപ്പെട്ടു. സീറോമലബാർ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി പിതാവായിരുന്നു മുഖ്യ അതിഥി. അവിഭക്ത പാലക്കാട് രൂപതയിലെ വൈദികരോടൊപ്പം തിരുവസ്ത്രങ്ങളണിഞ്ഞ് ദിവ്യബലിയ്ക്കായി കത്തീഡ്രൽ സ്കൂൾ ഗ്രൗണ്ടിലെ വേദിയിലേക്ക് ആഗതനായ ശ്രേഷ്ഠ മെത്രാപ്പോലീത്ത തിരുമേനിയെ കത്തീഡ്രൽ വികാരി പെരി. ബഹു. മാത്യു വാഴയിലച്ചൻ തിരി നൽകി സ്വീകരിച്ചു. രൂപതയുടെ റൂബിജൂബിലി ആഘോഷിക്കാൻ തക്കവിധം നമ്മെ അനുഗ്രഹിച്ച ദൈവപിതാവിനെ സ്തുതിച്ചും പ്രാരംഭത്തിന്റെ പ്രാരാബ്ധങ്ങളെ അതിജീവിച്ച് രൂപതയെ സുവിശേഷാരൂപിയിൽ ഇരുപത് വർഷത്തോളം നയിച്ച പ്രഥമ ബിഷപ്പ് മാർ ജോസഫ് ഇരിമ്പൻ പിതാവിനെ കൃതജ്ഞതയോടെ അനുസ്മരിച്ചും അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് പിതാവ് നടത്തിയ ആമുഖ പ്രഭാഷണത്തോടെ, ശ്രേഷ്ഠ മെത്രാപ്പോലീത്തയുടെ കാർമ്മികത്വത്തിൽ സമൂഹബലി ആരംഭിച്ചു.

നാല്പതു വർഷം പാലക്കാട് സഭയെ കൈപിടിച്ചുനടത്തിയ ദൈവപിതാവിനെ മഹത്വപ്പെടുത്തുന്നതോടൊപ്പം രൂപതയുടെ വളർച്ചക്കായി കഠിനാദ്ധ്വാനം ചെയ്ത വൈദികരെയും സന്യസ്തരെയും അല്മായ സഹോദരങ്ങളെയും പ്രത്യേകം സ്മരിക്കേണ്ടതാണെന്നും കർദ്ദിനാൾ സൂചിപ്പിച്ചു. ആഘോഷങ്ങളേക്കാൾ വിശ്വാസത്തിലും സ്നേഹകൂട്ടായ്മയിലും ശക്തിപ്രാപിക്കുവാൻ രൂപതാംഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കണമെന്ന് പിതാവ് ഓർമ്മപ്പെടുത്തി.

ദിവ്യബലിയ്ക്കുശേഷം കൃപാസദൻ വൃദ്ധസദനത്തിന്റെ പുതിയ കെട്ടിടത്തിനുള്ള അടിസ്ഥാന ശിലയുടെ ആശീർവാദവും പി. എസ്.എസ്.പി. നേതൃത്വം നൽകുന്ന കുടുംബകൃഷിവർഷത്തിന്റെ രൂപതാതല ഉദ്ഘാടനവും കർദ്ദിനാൾ തിരുമേനി നിർവ്വഹിച്ചു. ഉച്ചഭക്ഷണത്തിനുശേഷം ഒരുമണിക്ക് പാലക്കാട് രൂപതയുടെ 40 വർഷത്തെ ചരിത്രസംഭവങ്ങൾ കോർത്തിണക്കി ബഹു. ഷൈജു നടുവത്താനിയിൽ അച്ചൻ തയ്യാറാക്കിയ സി.ഡി.യുടെ പ്രകാശനവും പ്രദർശനവും നടന്നു.

1.30ന് കത്തീഡ്രൽ ടീമിന്റെ രംഗപൂജയോടെ പൊതുസമ്മേളനം ആരംഭിച്ചു. വളരെ എളിയ സ്ഥിതിയിൽനിന്നും സമാരംരംഭിച്ച പാലക്കാട് രൂപതയാകുന്ന ദൈവരാജ്യത്തിന്റെ കെട്ടുപണിയിൽ ആത്മീയാചാര്യന്മാരോടൊപ്പം കൂട്ടുവേലക്കാരായ എല്ലാവരെയും അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് കൃതജ്ഞതയോടെ അനുസ്മരിച്ചുകൊണ്ട് പൊതുസമ്മേളനത്തിൽ പങ്കെടുത്ത എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ഈ ജൂബിലി വരാനിരിക്കുന്ന സുവർണ്ണജൂബിലിക്കുള്ള പ്രാർത്ഥ

നാപൂർവ്വകവും പ്രതീക്ഷാനിർഭരവുമായ ഒരുക്കവും വിലയിരുത്തലും കൂടിയാണെന്ന് പിതാവ് അനുസ്മരിച്ചു. ഉദ്ഘാടന പ്രസംഗത്തിൽ സഭ ഇക്കാലത്ത് നിർവ്വഹിക്കേണ്ട ഉത്തരവാദിത്വങ്ങൾ പിതൃവാത്സല്യത്തോടും നർമ്മരസത്തോടുംകൂടി മേജർ ആർച്ചുബിഷപ്പ് ഉദ്ബോധിച്ചപ്പോൾ വേദിയിലും സദസ്സിലുമുള്ളവർക്ക് പുത്തൻ ഉൾക്കാഴ്ച ലഭിക്കുവാൻ നിമിത്തമായി. സത്യത്തിലും ആത്മാവിലും കൂട്ടായ്മയിലും ദൈവത്തെ ആരാധിക്കുന്ന സമൂഹത്തെ രൂപപ്പെടുത്തുകയെന്ന ഉത്തരവാദിത്വമാണ് ക്രൈസ്തവരിൽ നിക്ഷിപ്തമായിരിക്കുന്നതെന്ന് പിതാവ് പ്രത്യേകം സൂചിപ്പിച്ചു.

വികാരി ജനറാൾ ബഹു. ജോസഫ് ചിറ്റിലപ്പിള്ളിയച്ചന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ രൂപതയുടെ ചരിത്രഗ്രന്ഥം പ്രകാശനം ചെയ്ത തൃശൂർ അതിരൂപതാദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് പിതാവ്, രൂപതയുടെ ചരിത്രമെന്നത് ഇന്നലകളുടെ വെറും പഴങ്കഥയല്ലെന്നും പ്രത്യുത നാളേക്കുള്ള ദർശനവും ദൗത്യവും നൽകുന്ന അനുഭവ പാഠങ്ങളാണെന്നും എടുത്തുപറഞ്ഞു. നാല്പതു വർഷത്തിനുള്ളിൽ രൂപത കൈവരിച്ച നേട്ടങ്ങളിൽ അനുമോദനവും ചരിത്രഗ്രന്ഥ നിർമ്മിതിയ്ക്ക് നേതൃത്വം നൽകിയവർക്ക് അഭിനന്ദനങ്ങളും പിതാവ് നേരുകയുണ്ടായി.

പാലക്കാട് രൂപതയുടെ ഭൂപടം അനാഛാദനം ചെയ്ത രാമനാഥപുരം രൂപതാദ്ധ്യക്ഷൻ മാർ പോൾ ആലപ്പാട്ട് പിതാവ്, രാമനാഥപുരം രൂപതയുടെ രൂപീകരണത്തിനും വളർച്ചയ്ക്കും നേതൃത്വമെടുത്ത അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് പിതാവിനും, അജപാല ശുശ്രൂഷയിലൂടെ ആരാധനാ സമൂഹങ്ങൾക്ക് രൂപം നൽകി വളർത്തിയ വൈദികർക്കും കൃതജ്ഞതയർപ്പിച്ചു.

ജൂബിലിയോടനുബന്ധിച്ച് തുടക്കം കുറിച്ച ജനപ്രകാശം എന്ന രൂപത പത്രത്തിന്റെ പ്രകാശനകർമ്മം നിർവ്വഹിച്ച പാലക്കാട് എം.എൽ.എ. ശ്രീ. ഷാഫി പറമ്പിൽ പാലക്കാട് ജില്ലയിൽ വിദ്യാഭ്യാസ സാമൂഹിക രംഗങ്ങളിൽ പാലക്കാട് രൂപത നൽകുന്ന സംഭാവനകൾ ചാരിതാർത്ഥ്യത്തോടെ അക്കമിട്ടുനിരത്തിയപ്പോൾ പ്രസംഗം ശ്രോതാക്കളിൽ അഭിമാനത്തിന്റെ കയ്യടികൾ മുഴങ്ങികേട്ടു. പാലക്കാട് രൂപത മതസൗഹാർദ്ദത്തിന്റെയും സാമൂഹ്യസേവനത്തിന്റെയും ഉദാത്ത മാതൃകയാണെന്നും അദ്ദേഹം ഉറക്കെപ്രഖ്യാപിച്ചു. ആശംസയർപ്പിച്ച ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കണ്ടമുത്തൻ പാലക്കാട് രൂപതയുടെ





സാമൂഹ്യ പ്രതിബദ്ധതയെയും വിവിധ സംഘടനകളിലൂടെ രൂപത ചെയ്യുന്ന നിസ്തുല സേവനങ്ങളെയും അനുസ്മരിച്ചു. മുൻസിപ്പൽ ചെയർമാൻ പി.വി. രാജേഷ് രൂപതയുടെ സാമൂഹ്യ സേവനങ്ങളിൽ പി.എസ്.എസ്.പി. നിർവ്വഹിക്കുന്ന മഹത്തായ സേവനങ്ങളെ പ്രശംസിച്ച് ആശംസനേർന്നു.

രൂപതാ പ്രസ്ബിറ്ററൽ കൗൺസിലിനെ പ്രതിനിധീകരിച്ച് ബഹു. ജിജോ ചാലക്കൽ, സന്ന്യസ്തരെ പ്രതിനിധിയായി ബഹു. സി. ലീമ OP, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി അഡ്വ. കെ.ടി. തോമസ്, മാതൃസംഘം രൂപത പ്രസിഡന്റ് ശ്രീമതി മിനി വിൽസൺ, കെ.സി.വൈ.എം. പ്രസിഡന്റ് ശ്രീ. ഷിജു കുര്യൻ എന്നിവരും ആശംസകളർപ്പിച്ചു. റൂബിജൂബിലിയുടെ ഭാഗമായി വിവാഹത്തിന്റെയും പൗരോഹിത്യ സന്ന്യാസ ജീവിതത്തിന്റെയും റൂബിജൂബിലിയും സുവർണ്ണജൂബിലിയും ആഘോഷിക്കുന്നവരെയും ഏറ്റവും കുടുതൽ മക്കളുള്ള ദമ്പതിമാരെയും പഠനകലാകായിക മേഖലകളിൽ പ്രശസ്ത വിജയികളായവരെയും അവാർഡ് ജേതാക്കളെയും വിശ്വാസപരിശീലകരെയും (15,25,35 വർഷങ്ങൾ) ആദരിക്കുകയുണ്ടായി. തൃശൂർ അതിരൂപത അദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത്, പാലക്കാട് രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് മനത്തോടത്ത്, രാമനാഥപരും രൂപതാദ്ധ്യക്ഷൻ മാർ പോൾ ആലപ്പാട്ട് എന്നിവരാണ് പാരിതോഷകങ്ങൾ വിതരണം ചെയ്തത്.

പിന്നിട്ട നാലുപതിറ്റാണ്ടുകളിൽ പ്രകാശിതമായ ദൈവപരിപാലനയും കഠിനാദ്ധ്വാനത്തിലൂടെ ദൈവജനം കൈവരിച്ച നേട്ടങ്ങളെയും താളലയങ്ങളോടെ ഗായകസംഘം ജൂബിലിഗാനമായി ആലപിച്ചപ്പോൾ ദൈവാനുഭവത്തിന്റെ സ്വർഗ്ഗീയാനുഭവത്തിലേക്ക് ഏവരെയും നയിച്ചു.

ഈ പരിപാടിയിൽ സംബന്ധിച്ച അഭിവന്ദ്യ പിതാക്കന്മാർക്കും അതിഥികൾക്കും പങ്കെടുത്ത എല്ലാവർക്കും പരിപാടികളുടെ ക്രമീകരണത്തിനും വിജയത്തിനായുംപ്രവർത്തിച്ച വിവിധ കമ്മിറ്റിയംഗങ്ങൾക്കും കത്തീഡ്രൽ ഇടവകാംഗങ്ങൾക്കും ജൂബിലി ആഘോഷ ജനറൽ കൺവീനർ ബഹു. ജോസഫ് ചിറ്റിലപ്പിള്ളിയച്ചൻ രൂപതയുടെ നാമത്തിൽ നന്ദിയറിയിച്ചു. ദേശിയ ഗാനത്തോടെ 4.00 മണിക്ക് പൊതുസമ്മേളനം പര്യവസാനിച്ചു.

**ഫാ. ജോസഫ് ചിറ്റിലപ്പിള്ളി**
വികാരി ജനറാൾ & ജനറൽ കൺവീനർ

# റവ. ഫാ. സെബാസ്റ്റ്യൻ തട്ടിൽ

ക്രിസ്തുവിന്റെ പ്രതിനിധിയായി 47 വർഷം ദൈവത്തിനും ദൈവജനത്തിനും വേണ്ടി എല്ലാം സമർപ്പിച്ച് ശുശ്രൂഷ ചെയ്ത നമ്മുടെ പ്രിയപ്പെട്ട ബഹു. സെബാസ്റ്റ്യൻ തട്ടിലച്ചൻ 2014 ഒക്ടോബർ 21-ന് ചൊവ്വാഴ്ച 4 മണിക്ക് സ്വർഗ്ഗപിതാവിന്റെ പക്കലേക്ക് എടുക്കപ്പെട്ടു. തൃശ്ശൂർ രൂപതയിലെ പുത്തൻപീടിക പ്രദേശത്ത് തട്ടിൽ കുരുവിള കുടുംബത്തിൽ 1940 ജൂലൈ 29-ാം തിയ്യതി കുഞ്ഞുപ്പാലു - റോസ ദമ്പതികളുടെ ആറ് മക്കളിൽ ഇളയ പുത്രനായി സെബാസ്റ്റ്യൻ ജനിച്ചു. പെരിങ്ങോട്ടുകര ഗവ. ഹൈസ്ക്കൂളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം വൈദികപഠനത്തിനായി തൃശ്ശൂർ തോപ്പ് മൈനർ സെമിനാരിയിലും തുടർന്ന് ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ മേജർ സെമിനാരിയിലും വൈദിക പഠനം പൂർത്തിയാക്കി 1967 മാർച്ച് 11-ന് തൃശ്ശൂർ രൂപതക്കുവേണ്ടി ലൂർദ്ദ് ഭദ്രാസനത്തിൽ വച്ച് മാർ ജോർജ്ജ് ആലപ്പാട്ട് പിതാവിന്റെ കൈവെപ്പു ശുശ്രൂഷയിലൂടെ പുരോഹിതനായി ഉയർത്തപ്പെട്ടു. അവിഭക്ത തൃശ്ശൂർ രൂപതയിലെ പേരാമ്പ്ര മുണ്ടൂർ പള്ളികളിൽ അസ്തേന്തിയായും 1971-ൽ തൃശ്ശൂർ രൂപതയുടെ മിഷൻ പ്രദേശമായ പാലക്കാട് ജില്ലയിലെ വടക്കുഞ്ചേരി ലൂർദ്ദാ മാതാ പള്ളി വികാരിയായും സേവനം ആരംഭിച്ചു. തുടർന്ന് മേലാർകോട്. ഒലിപ്പാറ, കോയമ്പത്തൂർ ഭാഗത്ത് രാമനാഥപുരം, ഈറോഡ്, സൂളൂർ, വാൽപാറ, പൊള്ളാച്ചി എന്നീ സ്ഥലങ്ങളിലും കാഞ്ഞിരപ്പുഴ, മെഴുകുംപാറ, കൂനത്തറ, ഒറ്റപ്പാലം, പാലപ്പുറം, താവളം, പാലക്കാട് ടൗൺ, പന്തലാംപാടം എന്നിവിടങ്ങളിലും വികാരിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. പാലക്കാട് തൃശ്ശൂർ രൂപതയിലായിരുന്നപ്പോൾ അവിടത്തെ എപ്പാർക്കിയൽ ജഡ്ജ്, പ്രീസ്റ്റ് സെനറ്റ് അംഗം, പാലക്കാട് രൂപതയിൽ ലിറ്റർജിക്കൽ കമ്മിറ്റി അംഗം, രൂപത ആലോചനാസംഘാംഗം, പാസ്റ്ററൽ സെന്റർ ഡയറക്ടർ, സോഷ്യൽ ആക്ഷൻ ഡയറക്ടർ എന്നീ തുറകളിലും സെബാസ്റ്റ്യനച്ചൻ പ്രവർത്തിച്ചിട്ടുണ്ട്.

ബഹു. തട്ടിലച്ചന്റെ വ്യക്തിത്വത്തിന്റെ പൂർണ്ണരൂപം അദ്ദേഹത്തിന്റെ മരണപത്രത്തിലെ ആദ്യഭാഗത്ത് വ്യക്തമാണ്. “യേശുവിലുള്ള വിശ്വാസവും പൗരോഹിത്യത്തിലേക്കുള്ള വിളിയുമാണ് എന്റെ വലിയ സമ്പത്ത്. ഈ നിധി എനിക്കുലഭിച്ചത് എന്റെ വീട്ടിൽനിന്നും കൂദാശകളിലൂടെ എന്നെ വളർത്തിയ ഇടവകപ്പള്ളിയിൽ നിന്നുമാണ്” ഈ





വിശ്വാസബോധ്യത്തിന്റെ വർണ്ണശബളമായ പ്രവർത്തനങ്ങളാണ് ബഹു. തട്ടിലച്ചന്റെ കഴിഞ്ഞ 47 വർഷത്തെ പൗരോഹിത്യ ശുശ്രൂഷകളുടെ സാരാംശം.

പാലക്കാട് രൂപതയിൽ ആദ്യകാലങ്ങളിലെ പ്രാരാബ്ദങ്ങളുടെ നടുവിലും ഊർജ്ജസ്വലതയോടെ നല്ല ഇടയനുതുല്യം തന്റെ അജഗണത്തെ പഠിപ്പിക്കുവാനും വിശുദ്ധീകരിക്കുവാനും നയിക്കുവാനും പ്രവർത്തനമേഖലകളിൽ കൂട്ടായ്മയുടെ സഭാത്മകവീക്ഷണം വളർത്തിയെടുക്കുവാനും ബഹു. അച്ചൻ ശ്രദ്ധിച്ചിരുന്നു. നന്നായി പാടുവാനും ദൈവവചനം ലളിതമായി ദൈവജനത്തിന് പ്രായോഗികതലത്തിൽ വ്യാഖ്യാനിച്ചുകൊടുക്കുവാനും അദ്ദേഹത്തിന് കഴിയുമായിരുന്നു.

ഏതുകാര്യത്തിലും തന്റെതായ വ്യക്തമായ അഭിപ്രായവും കാഴ്ച്ചപ്പാടും, സത്യസന്ധതയുടെയും സുരാതൃതയുടെയും നീതിബോധത്തിന്റെയും ജീവിതശൈലിയും അദ്ദേഹം കാത്തുസൂക്ഷിച്ചിരുന്നു; ഒപ്പം ജനങ്ങളുമായി നല്ല സൗഹൃദവും വ്യക്തിബന്ധങ്ങളും പുലർത്തിയിരുന്നു.

പ്രായോഗിക ജീവിതത്തിലൂടെ ആർജ്ജിച്ചെടുത്ത നന്മയുടെ കരുത്തുമായി പദ്ധതികൾ ധീരതയോടെ നടപ്പാക്കിയ കർമ്മയോഗിയായിരുന്നു ബഹു. തട്ടിലച്ചൻ. പീപ്പിൾസ് സർവ്വീസ് സൊസൈറ്റിയുടെ സെക്രട്ടറിയായിരുന്നപ്പോൾ ജാതിമതഭേദമെന്യേ പാവപ്പെട്ടവരുടെ സമഗ്രപുരോഗതിക്കായി അദ്ദേഹം പലപദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കി. കരൾ സംബന്ധമായ രോഗംമൂലം കഠിനവേദന സഹിക്കുമ്പോഴും മനോധൈര്യത്തോടെ അജപാലന പ്രവർത്തനങ്ങളിൽ വ്യാപൃതനായിരുന്നു.

2012 ഫെബ്രുവരി 17-നാണ് അദ്ദേഹം പ്രീസ്റ്റ് ഹോമിൽ വിശ്രമജീവിതം ആരംഭിച്ചത്. തന്റെ രോഗാവസ്ഥയെക്കുറിച്ച് നന്നായി അറിഞ്ഞിരുന്ന ബഹു. അച്ചൻ ദൈവം എല്ലാം നന്മക്കായി വരുത്തുന്നുവെന്ന ബോധ്യത്തോടെയായിരുന്നു ആ നാളുകൾ തള്ളിനീക്കിയിരുന്നത്. സഹനം വിശുദ്ധീകരണ മാർഗ്ഗമായി അദ്ദേഹം സ്വീകരിച്ചു. സെപ്റ്റംബർ 4-ന് അച്ചൻ താൽപര്യപ്പെട്ടതനുസരിച്ച് രോഗീലേപനം കൂദാശനൽകി. പ്രാർത്ഥനകൾക്കെല്ലാം വളരെ ബോധപൂർവ്വം പ്രത്യുത്തരിക്കുകയും ചെയ്തു. അങ്ങിനെ മരണം വരിക്കുവാൻ അദ്ദേഹം സദാ തയ്യാറായിരുന്നു. ഒക്ടോബർ 10-ാം തിയ്യതിയാണ് അവസാനമായി അദ്ദേഹം വീട്ടിൽ പോയതെങ്കിലും ആരോഗ്യവസ്ഥ വളരെ മോശമായതിനാൽ തൃശ്ശൂർ ഹാർട്ട് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഡോക്ടർമാർ കഴിവതും ശ്രദ്ധിച്ചുവെങ്കിലും 21-ന് വൈകിയിട്ട് 4 മണിക്ക്

അദ്ദേഹത്തിന്റെ പാവനാത്മാവിനെ മാലാഖമാർ സ്വർഗ്ഗപിതാവിന്റെ പക്കലേക്ക് കൂട്ടിക്കൊണ്ടുപോയി.

22-ന് ഉച്ചതിരിഞ്ഞ് 3 മണിക്ക് പന്തലാംപാടം നിത്യസഹായമാതാപ്പള്ളിയിൽ അദ്ദേഹത്തിന്റെ മൃതദേഹം പൊതുദർശനത്തിനായി വെച്ചു. സേവനം ചെയ്ത ഇടവകകളിൽനിന്ന് ധാരാളം അൽമായസഹോദരങ്ങളും ബഹു. സിസ്റ്റേഴ്സും ബഹു. വൈദികരും അദ്ദേഹത്തിന് അന്ത്യോപചാരം അർപ്പിക്കുന്നതിനായി എത്തിയിരുന്നു. രാത്രി 7 മണിക്ക് മൃതദേഹം പുത്തൻപീടികയിലെ വസതിയിലേക്ക് കൊണ്ടുപോയി. 23-ന് രാവിലെ 8 മണിക്ക് വികാരി ജനറാൾ ബഹു. ജോസഫ് ചിറ്റിലപ്പിള്ളിയച്ചന്റെ കാർമ്മികത്വത്തിൽ നടത്തപ്പെട്ട പ്രാർത്ഥന ശുശ്രൂഷക്കുശേഷം മൃതദേഹം ദൈവാലയത്തിലേക്ക് ധാരാളം ജനങ്ങളുടെയും വൈദിരുടെയും സിസ്റ്റേഴ്സിന്റെയും അകമ്പടിയോടെ ദൈവാലയത്തിലേക്ക് സംവഹിക്കപ്പെട്ടു. 10.30-ന് പാലക്കാട് രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് പിതാവിന്റെ കാർമ്മികത്വത്തിൽ നടത്തപ്പെട്ട മൃതസംസ്കാര ശുശ്രൂഷയിൽ താമരശ്ശേരി മുൻ രൂപതാദ്ധ്യക്ഷൻ മാർ പോൾ ചിറ്റിലപ്പിള്ളി, തൃശ്ശൂർ അതിരൂപത സിൻചെല്ലൂസ് മോൺ. ജോർജ്ജ് എടക്കളത്തൂർ, ഇടവകാംഗങ്ങളായ മോൺ. റാഫേൽ വടക്കൻ, ഫാ. പീറ്റർ കുരുതുകുളങ്ങര, സഹപാഠികളായ ബഹു. ജെയിംസ് കവലക്കാട്ട്, ബഹു. ജോർജ്ജ് കാളൻ എന്നിവർ സഹകാർമ്മികരായിരുന്നു. ബഹു. തട്ടിലച്ചന്റെ പൗരോഹിത്യ ജീവിത വിജയത്തിന്റെ രഹസ്യവും മർമ്മവും ചരമപ്രസംഗത്തിലൂടെ ബഹു. ജോസ് പി. ചിറ്റിലപ്പിള്ളിയച്ചൻ തൊട്ടുണർത്തിയപ്പോഴാണ് വലിയൊരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു അദ്ദേഹമെന്ന് പലർക്കും അറിയുവാൻ കഴിഞ്ഞത്. തിരുക്കർമ്മത്തിൽ സംബന്ധിക്കുവാൻ വന്നവരെല്ലാം പുഷ്പദളങ്ങളും കുന്തിരിക്കവും സമർപ്പിച്ച് അദ്ദേഹത്തിന് അന്തിമോപചാരങ്ങൾ നേർന്നു.

തൃശ്ശൂർ അതിരൂപതാദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത്, സഹായമെത്രാൻ മാർ റാഫേൽ തട്ടിൽ, രാമനാഥപുരം രൂപതാദ്ധ്യക്ഷൻ മാർ പോൾ ആലപ്പാട്ട് എന്നീ പിതാക്കന്മാരും സാമൂഹ്യ സംസ്കാരിക രാഷ്ട്രീയ മേഖലകളിലെ നേതാക്കന്മാരും വീട്ടിൽവന്ന് പ്രാർത്ഥിക്കുകയും അന്തിമോപചാരങ്ങൾ അർപ്പിക്കുകയും ചെയ്തു.

ബഹു. സെബാസ്റ്റ്യൻ തട്ടിലച്ചന്റെ ദീപ്ത സ്മരണക്കുമുമ്പിൽ രൂപതാംഗങ്ങളുടെ സ്നേഹത്തിന്റെ, നന്ദിയുടെ, കടപ്പാടിന്റെ ബാഷ്പാഞ്ജലികൾ ഹൃദയപൂർവ്വം സമർപ്പിച്ചുകൊള്ളുന്നു.








**2014 November**

| | | |
|---|---|---|
| 1 | PM | FCC Vestition, Mangalam Dam |
| 2 | | Infant Jesus Church, Edayarpalayam |
| 3 | PM | FCC Vestition, Pulluvazhy |
| 4 | | Valamangalam |
| 6 | | Sehion Retreat Centre, Thavalam |
| 7 | | Meeting, Bishop's House |
| 8 | | CMC Generalate, Thaikkattukara |
| 9 | | St. Antony's Church, Kozhinjampara |
| 10-13 | | Eparchial Assembly, Yuvakshetra |
| 15 | PM | Lourde Matha Forane Church, Vadakkencherry Pastoral Centre |
| 16 | | 'Daiva Sabdam Convention', Trichur |
| 17 | | Jubilee, Vimal Rani Provincial House, Mundur |
| 18 | PM | Villa Pax Convent, Kannadi |
| 19 | | Home Day, St. Mary's Minor Seminary, Kallepully |
| 21 | | Departure for Rome |
| 28 | | Return From Rome |
| 29 | | Rajagiri College, Trikkakara |

**2014 December**

| | | |
|---|---|---|
| 3 | | Inter Curia Meeting, Bishop's House |
| 4 | PM | Holy Trinity Convent, Mannarkkad |
| 8 | PM | Marian College, Koduvayur |
| 9-11 | | KCBC Meeting |
| 16 | | Monthly recollection |




### എപ്പാർക്കിയൽ അസംബ്ലി

2014 നവംബർ 10 മുതൽ 13 വരെ എഴക്കാട് യുവക്ഷേത്രയിൽ വച്ച് നടക്കുന്ന എപ്പാർക്കിയൽ അസംബ്ലിയിലേക്കുള്ള ക്ഷണക്കത്തും അതിന്റെ വിഷയാവതരണരേഖയും ഇതിനകം അംഗങ്ങൾക്ക് കിട്ടികാണുമെന്ന് കരുതുന്നു. അതിന്റെ 6, 7, 8 പേജുകളിൽ അസംബ്ലി ദിവസങ്ങളിലെ സമയ ക്രമീകരണം കൊടുത്തിട്ടുണ്ട്. അംഗങ്ങൾ അസംബ്ലിയുടെ എല്ലാ പരിപാടികളിലും സംബന്ധിക്കേണ്ടതാണ്.

**മാർ ജേക്കബ് മനത്തോടത്ത്**

**ആദരാഞ്ജലികൾ**

ഫാ. ഫ്രാൻസീസ് പാറയ്ക്കൽ, നവംബർ 22

**വൈദികരുടെ മാസധ്യാനം**

നവംബർ മാസത്തിലെ വൈദികരുടെ മാസധ്യാനം അതാത് ഫൊറോനകളിൽ വെച്ച് നടത്തപ്പെടുന്നതാണ്. ഡിസംബറിലെ മാസധ്യാനം രൂപതാകാര്യാലയത്തിൽ വച്ച് ഡിസംബർ 16ന് നടത്തപ്പെടുന്നതാണ്.

**മാധ്യമദിനം**

നവംബർ 16 ഞായറാഴ്ച ആഗോളസഭ മാധ്യമദിനമായി ആഘോഷിക്കുന്നു. മാധ്യമങ്ങളുടെ വിസ്ഫോടനാത്മകമായ വളർച്ചയും സമൂഹത്തിൽ അവ ചെലുത്തുന്ന വർദ്ധിച്ച സ്വാധീനവും മനസ്സിലാക്കി ദൈവരാജ്യശുശ്രൂഷയ്ക്ക് അവയെ ഫലപ്രദമായി ഉപയോഗിക്കേണ്ടിയിരിക്കുന്നു. മാധ്യമദിനം സമുചിതമായി ആചരിക്കുകയും അന്നത്തെ സ്തോത്രകാഴ്ച രൂപതാ കാര്യാലയത്തിൽ എത്തിക്കുകയും ചെയ്യേണ്ടതാണ്.

**ചരിത്രഗ്രന്ഥം**

ഇടവകകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ചരിത്രഗ്രന്ഥത്തിനുള്ള ഓഡർ നവംബർ 15ന് മുമ്പ് രൂപതാകാര്യാലയത്തിൽ ഏൽപ്പിക്കേണ്ടതാണ്.

**രൂപത ചരിത്ര സി.ഡി.**

റൂബിജൂബിലിയോടനുബന്ധിച്ച് പ്രദർശിപ്പിച്ച രൂപതാ ചരിത്രത്തിന്റെ ഹ്രസ്വ ദൃശ്യ ശ്രാവ്യാവിഷ്ക്കാരത്തിന്റെ സി.ഡി. ജിം ഓഫ്സെറ്റ് പ്രസ്സിൽ പ്രവർത്തിക്കുന്ന രൂപതാ കൗണ്ടറിൽനിന്നും സാൻജോ ബുക്ക്സ്റ്റാളിൽനിന്നും ലഭിക്കുന്നതാണ്.





### Transfer & Appointment of Priests

**റവ. ഫാ. തോം കിഴക്കേടത്ത് :** റിലീവ്ഡ്, സെന്റ് പീറ്റേഴ്സ് ചർച്ച്, മാങ്കുറിശി, w.e.f. 13 October 2014

**റവ. ഫാ. ടോം വടക്കേക്കര :** വികാരി, സെന്റ് പീറ്റേഴ്സ് ചർച്ച്, മാങ്കുറിശി; സർക്കുലേഷൻ & മാർക്കറ്റിംഗ് മാനേജർ, ജനപ്രകാശം; കപ്ലോൻ, മരിയഗൊരേത്തി കോൺവെന്റ്, മാങ്കുറിശി; w.e.f. 13 October 2014

**റവ. ഫാ. ബിജു കല്ലിങ്കൽ :** ജോയിന്റ് ഡയറക്ടർ, യുവക്ഷേത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജിംഗ് സ്റ്റഡീസ് & കോളേജ്; കപ്ലോൻ, സെന്റ് ഡൊമിനിക് കോൺവെന്റ്, എഴക്കാട്, w.e.f. 13 October 2014

**റവ. ഫാ. മാർട്ടിൻ ഏറ്റുമാനൂർക്കാരൻ :** വികാരി, ഹോളി ട്രിനിറ്റി ചർച്ച്, ത്രിത്വമല; കപ്ലോൻ, ഹോളിഫാമിലി കോൺവെന്റ് & അസീസി നിലയം, ത്രിത്വമല, w.e.f. 8 November 2014

**റവ. ഫാ. ജിൻസ് പ്ലാത്തോട്ടം :** വികാരി, സെന്റ് ഫ്രാൻസീസ് ഓഫ് അസീസി ചർച്ച്, കടമ്പൂർ & സെന്റ് മേരീസ് ചർച്ച് ചെർപ്പുളശ്ശേരി; കപ്ലോൻ, കാർമ്മലമാത കോൺവെന്റ്, കടമ്പൂർ, w.e.f. 8 November 2014

**റവ. ഫാ. പീറ്റർ കൊച്ചുപുരയ്ക്കൽ :** വികാരി, കർമ്മലനാഥ ചർച്ച്, നെല്ലിയാമ്പതി & സെന്റ് മേരീസ് ചർച്ച്, സീതാർകുണ്ട്; കപ്ലോൻ സെന്റ് മേരീസ് കോൺവെന്റ്, w.e.f. 8 November 2014

**റവ. മോൺ. ജോസഫ് ചിറ്റിലപ്പിള്ളി :** ചീഫ് എഡിറ്റർ, ജനപ്രകാശം w.e.f. 6 October 2014

**റവ. ഫാ. ജോൺ ജോസഫ് ആളൂർ :** സീനിയർ എഡിറ്റർ, ജനപ്രകാശം, w.e.f. 6 October 2014

## ന്യൂനപക്ഷക്ഷേമ സ്കോളർഷിപ്പ്

സി.എച്ച് മുഹമ്മദ്കോയ ഗേൾസ് സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപ്പന്റിന് സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ മുസ്ലീം, ലത്തീൻ, ക്രിസ്ത്യൻ/പരിവർത്തിത ക്രിസ്ത്യൻ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളിൽനിന്നു സംസ്ഥാന ന്യൂനപക്ഷ ക്ഷേമവകുപ്പ് അപേക്ഷ ക്ഷണിച്ചു.

3000 ബിരുദ വിദ്യാർത്ഥിനികൾക്കു 4000 രൂപവീതവും 1000 ബിരുദാനന്തര ബിരുദ വിദ്യാർത്ഥിനികൾക്കു 5000 രൂപവീതവും പ്രൊഫഷണൽ കോഴ്സിനു പഠിക്കുന്ന 1000 പേർക്കു 6,000 രൂപവീതവും സ്കോളർഷിപ്പു നൽകി. 2000 വിദ്യാർത്ഥിനികൾക്കു ഹോസ്റ്റൽ സ്റ്റൈപ്പന്റായി 12,000 രൂപവീതവും നൽകും. ഒരാൾക്ക് സ്കോളർഷിപ്പ് അല്ലെങ്കിൽ സ്റ്റൈപ്പന്റ് എന്നിവയിൽ ഏതെങ്കിലും ഒന്നിന് അപേക്ഷിക്കാം.

സംസ്ഥാന സർക്കാർ, സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കും പൊതുപ്രവേശന പരീക്ഷ എഴുതി സർക്കാർ കോട്ടയിൽ പ്രവേശനം നേടി സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കും അപേക്ഷിക്കാം. ആദ്യവർഷങ്ങളിൽ അപേക്ഷിക്കാൻ കഴിയാതെ പോയവർക്കു ഇപ്പോൾ പഠിക്കുന്ന വർഷത്തേക്ക് അപേക്ഷിക്കാം.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഹോസ്റ്റലുകളിലും സ്ഥാപനമേധാവി അംഗീകരിച്ചിട്ടുള്ള സ്വകാര്യ ഹോസ്റ്റലുകളിലും താമസിക്കുന്നവർക്കു സ്റ്റൈപ്പന്റിനും അപേക്ഷിക്കാം. അപേക്ഷകർക്കു യോഗ്യത പരീക്ഷയിൽ 50 ശതമാനത്തിൽ കുറയാത്ത മാർക്കുവേണം. കുടുംബവാർഷിക വരുമാനം നാലരലക്ഷം രൂപയ്ക്കുതാഴെ. എസ്.ബി.ടി./എസ്.ബി.ഐ. തുടങ്ങിയ ബാങ്കുകളിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടാകണം. 18 വയസ്സിനുമുൻപ് അക്കൗണ്ട് തുടങ്ങിയവർ 18 വയസ്സിനുശേഷം ബാങ്കുമായി ബന്ധപ്പെട്ട് മേജർ/അഡൽറ്റ് അക്കൗണ്ടാക്കി മാറ്റണം.

ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷസമർപ്പിക്കണം. അപേക്ഷ നൽകിയശേഷം ലഭിക്കുന്ന രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റ് ബന്ധപ്പെട്ട രേഖകൾസഹിതം സ്ഥാപനമേധാവികൾക്കു സമർപ്പിക്കണം.

അപേക്ഷസ്വീകരിക്കുന്ന അവസാന തീയതി നവംബർ 30.

ഫോൺ : 0471 – 2300524, 2302090

**കൂടുതൽ വിവരങ്ങൾക്ക് പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടുക**





## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 01-Dec-14 | MON | Rev. Fr. Kalapurakkal Joseph |
| 02-Dec-14 | TUE | Rev. Fr. Kalarickal Shinoj |
| 03-Dec-14 | WED | Rev. Fr. Kallingal Joseph |
| 04-Dec-14 | THU | Rev. Fr. Kanjirathinkal Renny |
| 05-Dec-14 | FRI | Rev. Fr. Kannampadathil Johnson |
| 06-Dec-14 | SAT | Rev. Fr. Kannampuzha Jose |
| 08-Dec-14 | MON | Rev. Fr. Karackad Christo |
| 09-Dec-14 | TUE | Rev. Fr. Karikkattil Ceejo |
| 10-Dec-14 | WED | Rev. Fr. Keettikkal Anto |
| 11-Dec-14 | THU | Rev. Fr. Kizhakkedath Roy |
| 12-Dec-14 | FRI | Rev. Fr. Kizhakkedath Thom |
| 13-Dec-14 | SAT | Rev. Fr. Kochuparambil Jose |
| 15-Dec-14 | MON | Rev. Fr. Kochupurackal Peter |
| 16-Dec-14 | TUE | Rev. Fr. Kodakasseril Jomis |
| 17-Dec-14 | WED | Rev. Fr. Kolamkanny Justin |
| 18-Dec-14 | THU | Rev. Fr. Kollannur Jaison |
| 19-Dec-14 | FRI | Rev. Fr. Kozhipadan Tony |
| 20-Dec-14 | SAT | Rev. Fr. Kulampallil Thomas |
| 22-Dec-14 | MON | Rev. Fr. Kulampil Jose |
| 23-Dec-14 | TUE | Rev. Fr. Kulampil Abin |
| 27-Dec-14 | SAT | Rev. Fr. Kummamkottil Biju |
| 29-Dec-14 | MON | Rev. Fr. Kunthaniyil Varghese |
| 30-Dec-14 | TUE | Rev. Fr. Kuruthukulngara Peter |
| 31-Dec-14 | WED | Rev. Fr. Kuttikadan Aljo |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 3.00 p.m and do the ministry till 3.00 p.m on the given day.**

# വിശ്വാസപരിശീലനവേദി

Email: catechismpalghat@gmail.com, Website: www.catechismpalghat.org

**മതാദ്ധ്യാപകദിനം**

ഈ വർഷത്തെ രൂപതാ റൂബിജൂബിലിയും മതാദ്ധ്യാപകദിനവും ഒക്ടോബർ 2-ാം തിയ്യതി സംയുക്തമായി ആഘോഷിച്ചു. കത്തീഡ്രൽ ഗ്രൗണ്ടിൽവെച്ച് നടത്തിയ ആഘോഷങ്ങളിൽ എത്തിയ എല്ലാ മതാദ്ധ്യാപകർക്കും പ്രത്യേകം നന്ദി.

**മതാദ്ധ്യാപക സെമിനാറുകൾ**

ഈ വർഷത്തെ മതബോധന വിഷയമായ **"ശിശുക്കൾ എന്റെ അടുത്തു വരാൻ അനുവദിക്കുവിൻ; അവരെ തടയരുത്"** (ലൂക്ക. 18:16) എന്നതിനെ ആസ്പദമാക്കി ഏകദിന സെമിനാറുകൾ എല്ലാ ഫൊറോനകളിലും സംഘടിപ്പിക്കുന്നു. ഈ അധ്യയനവർഷം നമുക്ക് കുട്ടികളെ യേശുവിന്റെ പക്കലേക്ക് നയിക്കുന്ന ഉത്തരവാദിത്വമുള്ള വഴികാട്ടികളായി മാറാം. **സെമിനാർ നടക്കുന്ന സ്ഥലവും തിയ്യതിയും ചുവടെ ചേർക്കുന്നു.**

| | | | |
|---|---|---|---|
| **നവംബർ 8** | **ശനി** | **9.30 am to 4.00 pm** | **പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ)** |

**സ്കൊളാസ്റ്റിക് ടെസ്റ്റ്**

മതാദ്ധ്യാപകരുടെ അറിവ് നവീകരിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും കുട്ടികൾക്ക് മാതൃകയാകാനും രൂപത വിശ്വാസ പരിശീലനവേദി മതാദ്ധ്യപകർക്കുവേണ്ടിയൊരുക്കുന്ന ഒരു പരിശീലന സഹായിയാണ് സ്കൊളാസ്റ്റിക് ടെസ്റ്റ്. ബ്രാക്കറ്റിൽനിന്ന് തിരഞ്ഞെടുത്ത് എഴുതുന്നരീതിയിലുള്ള 100 ചോദ്യങ്ങളും 3 ചോദ്യങ്ങൾ ഒന്നോ രണ്ടോ മൂന്നോ വാക്യത്തിൽ എഴുതുവാനുള്ള രീതിയിലാണ് ചോദ്യപേപ്പർ. സമയം രണ്ടര മണിക്കൂർ (10.00 മുതൽ 12.30 വരെ). എല്ലാ മതാദ്ധ്യാപകരും സ്കൊളാസ്റ്റിക് ടെസ്റ്റ് നിർബന്ധമായും എഴുതേണ്ടതാണ്.

**പഠനഭാഗം :**

1. വിശ്വാസപരിശീലനത്തിനൊരു വഴികാട്ടി (പേജ് 100 മുതൽ 143 വരെ) - 40%
2. വി. ലൂക്കായുടെ സുവിശേഷം (ലോഗോസ് പഠനഭാഗം) - 40%
3. യേശുവിന്റെ അധ്യാപനകല - 10%
4. സഭാസംബന്ധമായ പൊതുവിജ്ഞാനം - 10%

**VII & VIII ലൈംഗിക ധാർമ്മികാവബോധ ഏകദിന സെമിനാർ 2014-15**

വർദ്ധിച്ചുവരുന്ന ലൈംഗിക അരാജകത്വത്തിന്റെ നടുവിൽ കുട്ടികൾക്ക് ദിശാബോധം നൽകുന്നതിനായി ലൈംഗിക ധാർമ്മികാവബോധ സെമിനാറുകൾ സംഘടിപ്പിച്ചിരിക്കുന്നു. ലൈംഗികത ദൈവദാനമാണെന്നുള്ള തിരിച്ചറിവിലേക്ക് കടന്നുവരുവാൻ ഈ സെമിനാറുകൾ കുട്ടികളെ സഹായിക്കട്ടെ.
**രജിസ്ട്രേഷൻ ഫീസ് 25 രൂപ**





**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും**

| | | | |
|---|---|---|---|
| **നവം. 2** | **ഞായർ** | **9.30am to 4.00pm** | **മേലാർക്കോട് ഫൊറോന (ചിറ്റിലഞ്ചേരി പാരിഷ്ഹാൾ)** |
| **നവം.9** | **ഞായർ** | **9.30am to 4.00pm** | **താവളം ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| **നവം.23** | **ഞായർ** | **9.30am to 4.00pm** | **പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ)** |
| ഡിസം. 14 | ഞായർ | 9.30am to 4.00pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഡിസം. 21 | ഞായർ | 9.30am to 4.00pm | മംഗലം ഡാം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജനുവരി 4 | ഞായർ | 9.30am to 4.00pm | കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |

**കയ്യെഴുത്ത് മാസികാമത്സരം**

V മുതൽ XII വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കാണ് കയ്യെഴുത്ത് മാസിക മത്സരം സംഘടിപ്പിച്ചിരിക്കുന്നത്. മാസികയുടെ നീളം 12 ഇഞ്ചും വീതി 9 ഇഞ്ചും ആയിരിക്കണം. വരച്ച ചിത്രങ്ങൾ അല്ലാതെ ഫോട്ടോകൾ പാടില്ല. ഈ വർഷത്തെ പഠനവിഷയത്തെ ആസ്പദമാക്കി 2 രചനകൾ എങ്കിലും ഉണ്ടായിരിക്കണം.100 പേജിൽ കവിയാനും 75 പേജിൽ കുറയാനും പാടില്ല. മാസികയുടെ പേര് കഴിഞ്ഞുള്ള പേജ് ഒന്നും എഴുതാതിരിക്കാൻ ശ്രദ്ധിക്കണം. 2014 ഡിസംബർ 1-ാംതിയ്യതി ഫൊറോന ഡയറക്ടറെ കയ്യെഴുത്തു മാസിക ഏൽപ്പിക്കേണ്ടതാണ്. ഒരു ഇടവകയിൽ നിന്ന് ഒരു കയ്യെഴുത്തുമാസികയേ സ്വീകരിക്കുകയുള്ളൂ. അവയിൽനിന്ന് മികവുപുലർത്തുന്ന രണ്ട് മാസികകൾ ഫൊറോന ഡയറക്ടറുടെ മേൽനോട്ടത്തിൽ തിരഞ്ഞെടുത്ത് ഡിസംബർ 15ന് മുമ്പ് വിശ്വാസപരിശീലനവേദിയുടെ ഓഫീസിൽ എത്തിക്കേണ്ടതാണ്. ഫൊറോനാ തലത്തിലും രൂപതാ തലത്തിലും സമ്മാനങ്ങൾ ഉണ്ടായിരിക്കുന്നതാണ്. മലയാളം, ഇംഗ്ലീഷ്, എന്നീ ഭാഷകളിൽ രചനകൾ തയ്യാറാക്കാവുന്നതാണ്.

**കുട്ടികളുടെ ചെറുകഥാ ഉപന്യാസ മത്സരം**

അഞ്ച് മുതൽ II HDC വരെയുള്ള മതബോധന വിദ്യാർത്ഥികൾക്കായി നവംബർ 2-ാം തിയ്യതി ചെറുകഥാ മത്സരം സംഘടിപ്പിച്ചിരിക്കുന്നു. UP, HS, HSS എന്നിങ്ങനെ മൂന്നുവിഭാഗങ്ങളായി തിരിച്ചാണ് മത്സരങ്ങൾ നടത്തുന്നത്. അതാത് സെന്ററുകളിൽവച്ച് നടത്തുന്ന മത്സര രചനകൾ അവിടെ തന്നെ പരിശോധിച്ച് ഓരോ വിഭാഗത്തിൽനിന്നും ഏറ്റവും മികച്ച രണ്ട് രചനകൾ (70% എങ്കിലും മാർക്കുള്ളവ) മാത്രം മതബോധന കേന്ദ്രത്തിൽ നവംബർ 3 ന് (ചെറുകഥ, ഉപന്യാസ മത്സരം) മുമ്പായി എത്തിക്കുക. മത്സര സമയം

ഒരു മണിക്കൂർ ആയിരിക്കും. രചനകൾ മൂന്ന് പേജിൽ കവിയരുത്. രചനകളിൽ പേര്, സീൽ, മാർക്ക് എന്നിവ എഴുതരുത്. പേര്, ക്ലാസ്സ്, ഇടവക എന്നിവ ഒരു സ്ലിപ്പിൽ എഴുതി പിൻ ചെയ്യുക.

കേന്ദ്രത്തിലേക്ക് അയക്കുന്ന പേപ്പറിൽ മാർക്ക് ഇടരുത്. രൂപതാ തലത്തിലും ഫൊറോനാ തലത്തിലും സമ്മാനങ്ങൾ ഉണ്ടായിരിക്കും. ഫലം അറിഞ്ഞയുടൻ ഫൊറോനതല വിജയികൾ മതബോധന കേന്ദ്രത്തിൽ നിന്ന് സമ്മാനം സ്വീകരിക്കുക. രൂപതാതല വിജയികൾക്ക് 2015 മെയ് 30-ാം തിയ്യതി മതബോധന സംയുക്ത സമ്മേളനത്തിൽ വച്ച് സമ്മാനങ്ങൾ നൽകുന്നതാണ്.

**ടീച്ചേഴ്സ് ക്വിസ്**

അദ്ധ്യാപകർക്കായുള്ള ഫൊറോനാതല ക്വിസ് മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനം നേടി രൂപതാതല മത്സരത്തിന് യോഗ്യത നേടിയവർക്ക് പ്രത്യേകം അഭിനന്ദനങ്ങൾ. രൂപതാതല മത്സരം നവംബർ 1 ന് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. രൂപതാതല മത്സരം ഓഡിയോ വിഷ്വലോടുകൂടിയതായിരിക്കും. നവംബർ 1 ന് രൂപതാതലത്തിൽ ഓഡിയോ വിഷ്വലോടുകൂടിയ പരീക്ഷ നടത്തപ്പെടുന്നു.

**പഠനഭാഗം :** വിശ്വാസപരിശീലനത്തിനൊരുവഴികാട്ടി 50% (പേജ് : 100 -143), ബൈബിൾ 50% (ലോഗോസ് ക്വിസ്)

**കുട്ടികളുടെ ക്വിസ്**

UP, HS, HSS എന്നിങ്ങനെ മൂന്നുവിഭാഗങ്ങളായി തിരിച്ചാണ് മത്സരങ്ങൾ നടത്തുന്നത്. നവംബർ 1 ന് രൂപതാതല മത്സരം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്. രൂപതാതലത്തിൽ ഓഡിയോ വിഷ്വലോടുകൂടിയ പരീക്ഷയായിരിക്കും നടത്തപ്പെടുന്നത്.

**പഠനഭാഗം :** വിശ്വാസപരിശീലനത്തിനൊരുവഴികാട്ടി 50%

ക്ലാസ്സ് 5, 6, 7 - പേജ് 21 മുതൽ 50 വരെ, 100 മുതൽ 132 വരെ

ക്ലാസ്സ് 8,9,10 - പേജ് 51 മുതൽ 98 വരെ, 134 മുതൽ 149 വരെ

ക്ലാസ്സ് 11, 12 - പേജ് 155 മുതൽ 215 വരെ

ബൈബിൾ ലോഗോസ് പഠനഭാഗം 50%

**SMCC സോണൽ മീറ്റ്**

SMCC സോണൽ മീറ്റ് നടക്കുന്ന തീയതിയും സ്ഥലവും താഴെചേർക്കുന്നു.

**നവം. 2 9.30am to 4.00pm കാഞ്ഞിരപ്പുഴ സോൺ**
**(ഫൊറോന പാരിഷ്ഹാൾ)**
**കാഞ്ഞിരപ്പുഴ,പൊന്നംകോട്,മണ്ണാർക്കാട്**

**SMCC രൂപതാതല ശിൽപശാല**

രൂപതയിൽ നിന്നും സഭാതലത്തിലേയ്ക്ക് രണ്ട് ആൺകുട്ടികളേയും രണ്ട് പെൺകുട്ടികളേയും തെരഞ്ഞെടുത്ത് അയക്കുന്നതിനുള്ള ശിൽപശാല പാസ്റ്ററൽ സെന്ററിൽ വച്ച് നവംബർ 15-ാം തിയ്യതി ശനിയാഴ്ച 9.30 മുതൽ





ഞായർ 3.30 വരെ നടത്തപ്പെടുന്നു.

**സഭാതല ശിൽപശാല**

SMCC സഭാതല ശിൽപശാലയും അവാർഡ് ദാനവും ഡിസംബർ 26,27,28 തിയ്യതികളിലായി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വെച്ച് നടക്കുന്നു.

**ലോഗോസ് ക്വിസ് 2014 റിസൽട്ട്**

2014 വർഷത്തെ ലോഗോസ് ക്വിസിൽ 100% പേർ പരീക്ഷ എഴുതിയ സൺഡേസ്കൂളുകളുടെ പേരുവിവരം ചുവടെ ചേർക്കുന്നു. അതിനുവേണ്ടി ദൈവരാജ്യ സ്നേഹത്തിൽ നിറഞ്ഞ് തീക്ഷ്ണതാപൂർവ്വം പ്രവർത്തിച്ച ബഹു. വികാരിമാർക്കും പ്രധാനാദ്ധ്യപകർക്കും അവരുടെ സഹപ്രവർത്തകർക്കും പ്രത്യേകം അഭിനന്ദനങ്ങൾ.

100 ശതമാനം പേർ പരീക്ഷ എഴുതിയ സൺഡേ സ്ക്കൂളുകൾ

1. St. Thomas Church, Cheenickapara
2. St. Joseph's Church, Kanjirapuzha Dam
3. St. Mary's Church, Karimkayam
4. St. Peter's Church, Mankurissi
5. St. Jude Church, Odemthode
6. St. Joseph's Church, Karapadam
7. St. John The Baptist Church, Kottapuram
8. St. Joseph's Church, Mezhukumpara
9. St. Mary's Church, Pullissery
10. Sacred Heart Church, Thiruvizhamkunnu
11. St. Joseph's Church, Anakkal
12. St. Mary's Church, Karakurissi
13. St. Antony's Church, Pombra
14. St. Joseph's Church, Moochamkundu
15. St. Antony's Church, Paruthikkad
16. Santhi Natha Church, Santhithadam
17. St. Joseph's Church, Josegiri
18. Santhi Natha Church, Pazhambalakode
19. St. Paul's Church, Kalla
20. St. George Church, Puliyara
21. Christ the King Church, Panamkutty
22. Divyakarunya Church, Valuparambu
23. Christu Raja Church, Kandamangalam

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ

## സ്റ്റാർസ്

Blogspot: starspalghat.blogspot.in

ഒക്ടോബർ മാസത്തിലെ എല്ലാ ബാച്ചുകാർക്കുമുള്ള പ്രതിമാസ മുഖാഭിമുഖ പരിശീലനപരിപാടി ഒക്ടോബർ 18 ന് പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെട്ടു. ജോഷി സാർ, ദീപ ടീച്ചർ, പത്മ ടീച്ചർ എന്നിവർ ക്ലാസ്സുകൾ എടുത്തു. റവ. ഫാ. ജോമിസ് കൊടകശ്ശേരിൽ, ഫാ. ജോമി തേക്കുംകാട്ടിൽ, ടോജോ സാർ എന്നിവർ നേതൃത്വം നൽകി.

**അടുത്ത പരിശീലനദിനം**

**നവംബർ 8 ശനി 9.30 am to 3.30 pm പാലക്കാട് പാസ്റ്ററൽ സെന്റർ**

**സെലക്ഷൻ ക്യാമ്പ്**

പുതിയബാച്ചിലേക്ക് അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിലേക്കുള്ള ആദ്യ സെലക്ഷൻ ക്യാമ്പ് **ഒക്ടോബർ 22 ബുധൻ 9.30** am to **3.30** pm **പാലക്കാട് പാസ്റ്ററൽ സെന്ററിൽ** വച്ച് നടന്നു.**രണ്ടാമത്തെ സെലക്ഷൻ ക്യാമ്പ് നവംബർ 22 ശനി 9.30 am to 3.30 pm പാലക്കാട് പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്നു**. ആദ്യ ക്യാമ്പിൽ വന്ന കുട്ടികൾ മാതാപിതാക്കളോടൊപ്പം രണ്ടാം ദിനം നടക്കുന്ന തിരഞ്ഞെടുപ്പു പരിപാടിയിൽ സംബന്ധിക്കേണ്ടതാണ്

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ

## ബൈബിൾ അപ്പോസ്റ്റലേറ്റ്

Blogspot: bibleapostolatepalghat.blogspot.in

**ലോഗോസ് 2014**

ലോഗോസ് ക്വിസ് 2014 രൂപതാതല മത്സരപരിപാടികൾ പൂർത്തിയായി. രൂപതയിൽ വിവിധകേന്ദ്രങ്ങളിൽനിന്നായി 9000 പേർ പരീക്ഷയിൽ പങ്കെടുത്തു. മത്സരത്തിൽ പങ്കെടുത്തവർക്കും മത്സരം വിവിധ സെന്ററുകളിൽ നടക്കുന്നതിന് മുൻകയ്യെടുത്തു പ്രവർത്തിച്ചവർക്കും കേന്ദ്രീകൃതമൂല്യനിർണ്ണയത്തിന് രൂപത ബൈബിൾ അപ്പോസ്റ്റലേറ്റിനെ സഹായിച്ചവർക്കും പ്രത്യേകം നന്ദിയും അഭിനന്ദനങ്ങളും. രൂപതാതല വിജയികൾക്കായുള്ള (3x6=18) സംസ്ഥാനതല മത്സരം പി.ഒ.സിയിൽ വച്ച് 2014 നവംബർ 29 ന് രാവിലെ 10 ന് ആരംഭിക്കും.





LOGOS QUIZ RANK LIST - 2014

| | | | |
|---|---|---|---|
| **A GROUP** | | | |
| 1st Rank | Nikhil Roy, Edathanattukara | - | 72 Marks |
| 2nd Rank | Aleena Joji, Thachanady | - | 69 Marks |
| 3rd Rank | Ritty Rose, Vadakkenchery | - | 67 Marks |
| **B GROUP** | | | |
| 1st Rank | Angaleena Abraham,Pulappattta | - | 91 Marks |
| 2nd Rank | Mereena Sunny, Kanjikode | - | 90 Marks |
| 3rd Rank | Grace Antu, Kozhinjampara | - | 88 Marks |
| **C GROUP** | | | |
| 1st Rank | Sweety Mandumpala, Town Church | - | 97 Marks |
| 2nd Rank | Retty Thomas, Mezhukumpara | - | 95 Marks |
| 3rd Rank | Sangeetha Sajeevu, Vadakkenchery | - | 94 Marks |
| **D GROUP** | | | |
| 1st Rank | Saly Thomas, Thiruvizhamkunnu | - | 100 Marks |
| 2nd Rank | Sr. Clare MJL, Chittilanchery | - | 98 Marks |
| 3rd Rank | Asha Denni, Paruthikkad | - | 97 Marks |
| **E GROUP** | | | |
| 1st Rank | Laila John, Kallepully | - | 99 Marks |
| 2nd Rank | Francis Vadukkoott, Kallepully | - | 93 Marks |
| 3rd Rank | Sr. Elsy Rose, Pattambi | - | 91 Marks |
| **F GROUP** | | | |
| 1st Rank | Sr. Finbar C.M.C, Mercy College | - | 94 Marks |
| 2nd Rank | Sr. Alphonsa FCC, Seraphic | - | 85 Marks |
| 3rd Rank | Leelamma Mathew, Cheenickapara | - | 84 Marks |

**IV Rank**

**A Group**

1. Aleena Maramattam, Marianagar Chittady
2. Annmary Vadakkekuttu, Nirav
3. Nisan Benny, Cheenickapara
4. Niya Jimmy, Kannambra
5. Annmariaya Soni, Irumbakachola
6. Sneha M Biju, Olavakode
7. Nicy Kalngottil, Elavampadam

**B Group**

1. Ligi George, Cathedral
2. Jibin Pious, Nemmara

3. Jithu Jose, Sreekrishnapuram
4. Sona Babu, Odamthode
5. Anasty Rose Lal, Irumbakachola
6. Anila Mathew, Cheenickapara
7. Sebastian Alex, Marianagar Chittady

**C Group**

1. Amenda Ben, Ponnamkode
2. Asha Shinu, Palakuzhy
3. Libina Seabastian, Kodunthirapully
4. Maria Hyanath, Karimba
5. Sr. Jisha OP, Kottapuram
6. Sr. Jees Therese, Ottappalam
7. Arun Abraham, Karara

**D Group**

1. Sali John, Arogyapuram
2. Laila Sunny, Ponkandam
3. Thresiamma Joseph, Alanallur
4. Gracy Thomas, Vadakkenchery
5. Ancy Jose, Katambazhipuram
6. Sheeja Jimmy, Chittur-PKD
7. Sr. Sigi OP, Sreekrishnapuram

**E Group**

1. John K V, Edathanattukara
2. Eliyamma Sebastian, Mannarkkad
3. Annice Augustine, Palappuram
4. Marykutty Joseph, Poonchola
5. Leena Eenthumthottathil, Elavampadam
6. Sr. Merlin FCC, Mangalam Dam
7. Anees Nellissery, Elavampadam

**F Group**

1. Sr. Deogratias CHF, Vadakkechery
2. Sr. Prbha, Marian Provincial House
3. Mathew Mukkalayil, Alengad
4. Sr. Eugine, Palana Hospital
5. Sr. Brenda FCC, Seraphic Provincial House
6. Sr. Reji CMC, Kottathara
7. Sr. Savio CMC, Jai Christo Provincial House





**V Rank**

**A Group**

1. Lena Joseph, Irumbakachola
2. Christo Saneesh, Vadakkenchery

**B Group**

1. Akhil Jacob, Edathanattukara
2. Jomy Vattakanayil, Palakuzhy
3. Ajay John, Nirav
4. Amal Sebastian, Ponnamkode
5. Anoop James, Edathanattukara
6. Christy Jose, Mangalam Dam
7. Anuja Kochezhuthil, Chittilanchery
8. Anju Benny, Irumbakachola
9. Angel George, Ponnamkode
10. Jolsana Thankachan, Poonchola
11. Angelin Joji, Thachanadi
12. Nithya Maria John, Kanjirapuzha
13. Neethu Thomas, Arogyapuram
14. Linsa Maria, Kottathara
15. Anoop Perimbrayil, Karapadam

**C Group**

1. Ashish Sunny, Karapadam
2. Treesa Joseph, Mezhukumpara
3. Liji Thomas, Vimal Rani Adoration
4. Christy Kurian, Maryland Chittady
5. Sr. Nirmal Rose, Mangalam Dam
6. Sofi Sunil, Poonchola
7. Dona Joseph, Vimal Rani Adoration
8. Sr. Anupama MSJ, Vadakkenchery
9. Sandra Maria J, Shornur
10. Sr. Keerthana FCC, Seraphic Provincial House
11. Sneha Shaji, Agali
12. Reena Jose, Vimal Rani Adoration
13. Sr. Kripa Maria CHF, Pazhambalakode
14. Soumya Kizhakkethottam, Kaithachira
15. Sr. Liya CSC, Thachanady
16. Sr. Alphonsa DST, Kairady

D Group

1. Sr. Alphin, Baleswaram
2. Sherly Rao, Dhoni
3. Sr. Anjaly DDP, Pulapatta
4. Shiny Kalathil, Kanjikode
5. Reji John, Poonchola
6. Beena Chacko, Kairady
7. Gracy Jacob, Karara
8. Saley Thomas, Mangalam Dam
9. Lissi Pious, Nemmara
10. Misha John, Kalladikode
11. Rosamma Thodupuzhathottathil, Kottapuram
12. Mary Babu, Sreekrishnapuram
13. Moly Babu, Marianagar Chittady
14. Ancy Joe, Marymatha Church, Kalladikode
15. Mini Joseph, Olippara
16. Rajan Mathew, Walayar

E Group

1. Sr. Mary Suma, Katambazhipuram
2. Annie George, Kallepully
3. Grace, Kozhinjampara
4. Sr. Selin DST, Pombra
5. Marykutty Philip, St. Jude Malampuzha
6. Lissy Joseph, Thachanady
7. Thresiamma Alummoottil, Ponnamkode
8. Chinnamma James, Katambazhipuram
9. Annamma Johny, Kadambur
10. Omana Kurian, Poonchola
11. Celine Thottupuram, Vachanagiri
12. Sr. Thresiamma, Mannarkkad
13. Sr. Alphonsa SABS, Chittur ATPDY
14. Cicily John, Edathanattukara
15. Sally Joseph, Katambazhipuram

F Group

1. Sr. Veera Blessy, Mangalam Dam
2. P L Devassy, Kozhinjampara
3. Sr. Nina Kanjirapuzha





4. Theresin, Kozhinjampara
5. Sr. Maria CMC, Karapadam
6. Sr. Mary Reema FCC, Kadappara
7. Sr. Milix CHF, Chittur PKD
8. Sr. Maria Margeret,St. Jude Malampuzha
9. Sr. Dana, Karimba
10. Mercy Thomas, Cheenickapara
11. Marvin Thengumpilly, Snehagiri
12. Sr. Grace FCC, Mangalam Dam
13. Sr. Sebastiana, Mannarkkad
14. Thresiamma, Vachanagiri
15. Sr. Calista, Panthalampadam

**ലോഗോസ് ക്വിസിന് ഏറ്റവും കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾ**

1st Lourde Matha Forane Church, Vadakkenchery - 744
2nd St. Rapael's Cathedral, Palakkad - 350
3rd St. Thomas Forane Church, Kanjirapuzha - 348

**ആനുപാതികമായി ഏറ്റവും കൂടുതൽ അംഗങ്ങൾ രജിസ്റ്റർ ചെയ്ത ഇട വകകൾ**

1st St. Antony's Church, Kozhinjampara - 69.37%
2nd Christ Church, Thachnady - 68.42%
3rd Vimalahrudaya Church, Kodunthirapully - 60.55%

LOGOS QUIZ 2014

(Malayalam Answer Key: A)

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 1 | C | 16:5 | 26 | D | 21:2-3 | 51 | B | 14:11 | 76 | B | 21:37 |
| 2 | A | 21:5 | 27 | D | 16:6 | 52 | D | 14:15 | 77 | C | 21:36 |
| 3 | C | 16:8 | 28 | B | | 53 | C | 19:33 | 78 | B | 22:32 |
| 4 | B | 26:44 | 29 | D | 22:19-22 | 54 | D | | 79 | C | |
| 5 | C | 16:4,23 | 30 | D | | 55 | D | 23:53 | 80 | C | 22:69 |
| 6 | A | 16:29 | 31 | C | 23:13 | 56 | C | 15:1-2 | 81 | B | 23:4 |
| 7 | C | 21:5 | 32 | A | 23:22 | 57 | C | 15:8-10 | 82 | C | 23:35 |
| 8 | A | 17:3-5 | 33 | B | | 58 | A | 16:13-14 | 83 | C | 23:48 |
| 9 | D | 17:14 | 34 | A | | 59 | C | 16:16 | 84 | C | 23:50-51 |
| 10 | D | | 35 | D | 23:34 | 60 | D | 22:6 | 85 | B | 24:13 |
| 11 | A | 20:3 | 36 | D | 24:5 | 61 | D | 17:5 | 86 | C | 13:16 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 12 | D | 16:14 | 37 | A | 24:11 | 62 | C | 18:13 | 87 | A | |
| 13 | C | | 38 | C | 25:4 | 63 | C | 18:26 | 88 | A | |
| 14 | B | | 39 | A | 25:23 | 64 | A | 18:28 | 89 | D | 22:8-13 |
| 15 | C | 19:18 | 40 | B | | 65 | B | 18:31 | 90 | D | 18:38-43 |
| 16 | A | 19:19 | 41 | D | | 66 | C | 19:1-2 | 91 | C | Intro |
| 17 | C | 19:23-25 | 42 | D | | 67 | C | 19:9 | 92 | D | 2Jn 12 |
| 18 | A | 22:32 | 43 | B | 16:11 | 68 | B | 19:10 | 93 | C | 2Jn 1 |
| 19 | B | 19:32 | 44 | A | 27:5 | 69 | B | 19:38 | 94 | C | 3Jn 9 |
| 20 | C | 19:34 | 45 | B | 23:24 | 70 | B | | 95 | C | 3Jn 11 |
| 21 | A | | 46 | B | | 71 | C | 20:20 | 96 | A | 3Jn 15 |
| 22 | C | 20:2 | 47 | C | Lk 13:13 | 72 | A | 21:2 | 97 | B | 2Jn 2 |
| 23 | D | 27:34 | 48 | A | 13:17 | 73 | A | 22:19-20 | 98 | A | 2Jn 6 |
| 24 | B | 23:14 | 49 | A | 19:38 | 74 | A | 21:19 | 99 | C | 2Jn 9 |
| 25 | C | | 50 | A | 14:7 | 75 | B | 21:28 | 100 | B | 3Jn 5 |

## LOGOS QUIZ 2014
(Malayalam Answer Key: B-F)

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 1 | C | 16:5 | 26 | B or D | | 51 | B | 14:12 | 76 | B | 22:66-67 |
| 2 | A | 16:2 | 27 | D | 21:2-3 | 52 | D | 24:19 | 77 | C | 23:35 |
| 3 | C | 16:6 | 28 | B | | 53 | C | 15:8-10 | 78 | B | 23:48 |
| 4 | B | 16:14 | 29 | D | 22:12 | 54 | D | 16:13-14 | 79 | C | 23:50-55 |
| 5 | C | 16:27-28 | 30 | D | | 55 | D | 16:16 | 80 | C | 13:16 |
| 6 | A | 16:29 | 31 | C | 22:23 | 56 | C | 16:16 | 81 | B | 13:14 |
| 7 | C | 21:5 | 32 | A | | 57 | C | 17:6 | 82 | C | 17:14 |
| 8 | A | | 33 | B | 23:6 | 58 | A | 17:19 | 83 | C | 18:34 |
| 9 | D | | 34 | A | 23:13 | 59 | C | 18:7 | 84 | C | 19:11-27 |
| 10 | D | 18:5 | 35 | D | 23:22 | 60 | D | 18:13 | 85 | B | 19:33 |
| 11 | A | 18:21 | 36 | D | | 61 | D | 18:26 | 86 | C | 20:25 |
| 12 | D | | 37 | A | 24:5 | 62 | C | 18:29-30 | 87 | A | 22:35-38 |
| 13 | C | | 38 | C | 24:11 | 63 | C | 20:40 | 88 | A | 22:6 |
| 14 | B | | 39 | A | 25:23 | 64 | A | 19:10 | 89 | D | 22:7 |
| 15 | C | 19:13 | 40 | B | | 65 | B | 19:38 | 90 | D | 22:20 |
| 16 | A | 19:18 | 41 | D | 26:19 | 66 | C | 20:17 | 91 | C | Intro |
| 17 | C | 19:23-25 | 42 | D | 27:5 | 67 | C | 20:20 | 92 | D | 2Jn 12 |
| 18 | A | 19:28 | 43 | B | 22:32 | 68 | B | 21:15 | 93 | C | 2Jn 1 |
| 19 | B | 19:32 | 44 | A | | 69 | B | 21:19 | 94 | C | 3Jn 9 |
| 20 | C | 16:26 | 45 | B | 19:34 | 70 | B | 21:28 | 95 | C | 3Jn 11 |
| 21 | A | | 46 | B | Lk 13:17 | 71 | C | 21:37 | 96 | A | 3Jn 15 |
| 22 | C | 27:34 | 47 | C | Lk 13:28 | 72 | A | 21:36 | 97 | B | 2Jn 2 |
| 23 | D | 20:3 | 48 | A | 19:38 | 73 | A | 22:31 | 98 | A | 2Jn 6 |
| 24 | B | | 49 | A | 14:15 | 74 | A | | 99 | C | 2Jn 9 |
| 25 | C | | 50 | A | 14:27 | 75 | B | 22:69 | 100 | B | 3Jn 5 |





101. അനീതിയായി വിധിക്കരുത്. ദരിദ്രനോടു ദാക്ഷിണ്യമോ ശക്തനോടു പ്രത്യേക പരിഗണനയോ കാണിക്കാതെ അയൽക്കാരെ നീതിപൂർവം വിധിക്കണം. ഏഷണി പറഞ്ഞു നടക്കുകയോ അയൽക്കാരൻെറ ജീവനെ അപകടത്തിലാക്കുകയോ അരുത്. ഞാനാണ് കർത്താവ്. സഹോദരനെ ഹൃദയംകൊണ്ട് വെറുക്കരുത്. അയൽക്കാരനെ ശാസിക്കണം. അല്ലെങ്കിൽ അവൻമൂലം നീ തെറ്റുകാരനാകും. നിൻെറ ജനത്തോടു പകയോ പ്രതികാരമോ പാടില്ല. നിന്നെപ്പോലെതന്നെ നിൻെറ അയൽക്കാരനെയും സ്നേഹിക്കുക. ഞാനാണ് കർത്താവ്.

102. അവൻ പന്ത്രണ്ടു പേരെയും അടുത്തുവിളിച്ചു പറഞ്ഞു: ഇതാ, നമ്മൾ ജറുസലെമിലേക്കു പോകുന്നു. മനുഷ്യപുത്രനെപ്പറ്റി പ്രവാചകൻമാർ വഴി എഴുതപ്പെട്ടതെല്ലാം പൂർത്തിയാകും. അവൻ വിജാതീയർക്ക് ഏൽപിക്കപ്പെടും. അവർ അവനെപരിഹസിക്കുകയും അപമാനിക്കുകയും അവന്റെമേൽ തുപ്പുകയും ചെയ്യും. അവർ അവനെപ്രഹരിക്കുകയും വധിക്കുകയും ചെയ്യും. എന്നാൽ, മൂന്നാംദിവസം അവൻ ഉയിർത്തെഴുന്നേൽക്കും. ഇക്കാര്യങ്ങൾ ഒന്നും അവർ ഗ്രഹിച്ചില്ല. ഈ പറഞ്ഞതിന്റെ പൊരുൾ അവരിൽനിന്നു മറയ്ക്കപ്പെട്ടിരുന്നു; അവൻ സംസാരിച്ചവ അവർ മനസ്സിലാക്കിയതുമില്ല.

103. 1. യോഹന്നാൻ ആത്മാർത്ഥമായി സ്നേഹിക്കുന്ന പ്രിയപ്പെട്ടവൻ
2. ആത്മാവ് ക്ഷേമസ്ഥിതിയിലുള്ളവൻ
3. സത്യമനുസരിച്ചു ജീവിക്കുന്നവൻ
4. സഹോദരർക്കുവേണ്ടി, പ്രത്യേകിച്ച് അപരിചിതർക്കുവേണ്ടി, പലതും ചെയ്തിരുന്നവൻ
5. സ്നേഹമുള്ളവൻ

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ

# തിരുബാലസഖ്യം

Blogspot: www.holychildhoodpalghat.blogspot.in

**തിരുബാലസഖ്യ സെമിനാറുകൾ**

ഒക്ടോബർ മാസത്തെ തിരുബാലസഖ്യം ഫൊറോനതല സെമിനാർ 11, 25 തീയ്യതികളിൽ വടക്കുംഞ്ചേരി, താവളം ഫൊറോനയകളിൽ നടന്നു. പാലക്കാട് രൂപതാ ക്രിസ്റ്റീൻ ടീം അംഗങ്ങൾ ഫാ.റെന്നി പുല്ലുകാലായുടെ നേതൃത്വത്തിൽ സെമിനാർ നടത്തി. സഹകരിച്ച വേണ്ട ക്രമീകരണങ്ങൾ നടത്തിയ എല്ലാവർക്കും ദൈവാനുഗ്രഹം നേരുന്നു.

**തിരുബാലസഖ്യ സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും**

| | | | |
|---|---|---|---|
| **നവം. 03** | **തിങ്കൾ** | **9.30 am to 4.00 pm** | **ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| **നവം. 22** | **ശനി** | **9.30 am to 4.00 pm** | **ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| ഡിസംബർ 6 | ശനി | 9.30 am to 4.00 pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |

ഫൊറോന സെമിനാറുകൾക്ക് വേണ്ട ക്രമീകരണങ്ങൾ നടത്തുവാൻ ഫൊറോന ഡയറക്ടറോടൊപ്പം എല്ലാ ആനിമേറ്റേഴ്സും ശ്രദ്ധിക്കുമല്ലോ.

**കലോത്സവം**

കുഞ്ഞുങ്ങളുടെ ആത്മീയ വളർച്ചക്കായി പരിശ്രമിക്കുന്നതോടൊപ്പം അവരുടെ നൈസർഗ്ഗിക കഴിവുകൾ വികസിപ്പിച്ചെടുക്കുക എന്ന ലക്ഷ്യത്തോടെ ഫൊറോന രൂപതാതല മൽസരങ്ങൾ ഈ വർഷവും നടത്തുന്നു. **രൂപതാതല മൽസരം നടത്താൻ തീരുമാനിച്ചിരിക്കുന്നത് 2015 ജനുവരി 3-ാം തിയ്യതി ശനിയാഴ്ചയാണ്.** അതിനു മുമ്പായി ഫൊറോന മൽസരങ്ങൾ നടത്തേണ്ടതുണ്ട്. അതിനാൽ **സെപ്തംബർ, ഒക്ടോബർ, നവംമ്പർ മാസങ്ങളിലായി ഫൊറോനതല മൽസരം നടത്തി രൂപതയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നവരുടെ ലിസ്റ്റുകൾ 2014 ഡിസംബർ 10 ന് മുമ്പായി രൂപതാ മതബോധന കേന്ദ്രത്തിൽ ഏൽപിക്കേണ്ടതാണ്.** ഫൊറോന മൽസരങ്ങളുടെ നടത്തിപ്പിനായുള്ള പണം ഇടവകകളിൽ നിന്ന് തന്നെ ശേഖരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

ഇടവകതലത്തിൽ വ്യക്തിഗത ഇനങ്ങളിൽ ഒന്നും രണ്ടും സ്ഥാനങ്ങളും ഗ്രൂപ്പ് ഇനങ്ങളിൽ ഒന്നാം സ്ഥാനവും നേടുന്നവർക്ക് ഫൊറോന തലത്തിൽ മൽസരിക്കാവുന്നതാണ്.

ഫൊറോന തലത്തിൽ വ്യക്തിഗത ഇനങ്ങളിൽ ഒന്നും രണ്ടും സ്ഥാനങ്ങളും ഗ്രൂപ്പ് ഇനങ്ങളിൽ ഒന്നാം സ്ഥാനവും നേടുന്നവർക്ക് രൂപതാതല





ത്തിൽ മൽസരിക്കാവുന്നതാണ്.

**വ്യക്തിഗത ഇനങ്ങളിൽ ഒരു കുട്ടി 2 എണ്ണത്തിലേ പങ്കെടുക്കാവൂ.**

മതബോധനത്തിൽ നാലാം ക്ലാസ് വരെ പഠിക്കുന്ന കുട്ടികൾ മാത്രമാണ് തിരുബാലസഖ്യം അംഗങ്ങൾ. ആദ്യകുർബ്ബാന സ്വീകരണത്തിന്റെ അടിസ്ഥാനത്തിലല്ല തിരുബാലസഖ്യം അംഗങ്ങളെ നിശ്ചയിക്കുന്നത്. ഒരു മൽസരത്തിനും ആൺ-പെൺ വേർതിരിവുണ്ടായിരിക്കുന്നതല്ല.

**മൽസര ഇനങ്ങൾ**

**ജൂനിയേഴ്സ് (1,2 ക്ലാസ്സുകളിൽ പഠിക്കുന്നവർ)**

ലളിതഗാനം, ആക്ഷൻ സോംഗ്, ബൈബിൾ കഥ പറയൽ, പ്രസംഗം

**സീനിയേഴ്സ് (3,4 ക്ലാസ്സുകളിൽ പഠിക്കുന്നവർ)**

ലളിതഗാനം, ഗ്രൂപ്പ് സോംഗ്, ആക്ഷൻ സോംഗ്, ബൈബിൾ വാക്യങ്ങൾ എഴുതൽ, പ്രസംഗം

**മത്സരനിയമാവലി**

**ലളിതഗാനം** - ക്രിസ്തീയ ഭക്തിഗാനങ്ങൾ ആയിരിക്കണം

**ആക്ഷൻ സോംഗ്-** കുറഞ്ഞത് 4 പേർ. 7 പേരിൽ കൂടരുത്. കുട്ടികൾ തന്നെ പാടി കളിക്കണം. ഒരു ആക്ഷൻസോംഗ് മാത്രമേ അവതരിപ്പിക്കാവൂ. ക്രിസ്തീയ മൂല്യങ്ങൾ ഉൾക്കൊള്ളുന്നതാകണം. സമയം. 5 മിനിട്ട് (ഇത് ഡാൻസ് ആകരുത്, സിംഗിൾ സ്റ്റെപ്പ് മാത്രമേ പാടുള്ളു.)

**ബൈബിൾ കഥ പറയൽ-** ബൈബിൾ കഥ തന്നെയായിരിക്കണം. സമയം 5 മിനിട്ട്

**പ്രസംഗം-** സമയം 5 മിനിട്ട്

വിഷയം. കൂദാശകൾ ജീവന്റെ നീർച്ചാലുകൾ (സീനിയേഴ്സ്)

ശിശുക്കൾ എന്റെ അടുക്കൽ വരുവിൻ അവരെ തടയേണ്ട (ജൂനിയേഴ്സ്)

**ഗ്രൂപ്പ് സോംഗ്-** ക്രിസ്തീയ ഗാനം ആയിരിക്കണം. ഒരു ടീമിൽ ചുരുങ്ങിയത് 4 പേർ. 7 പേരിൽ കൂടാൻ പാടില്ല. ഒരു സംഗീത ഉപകരണവും അനുവദനീയമല്ല. സീനിയർ വിഭാഗത്തിൽ മാത്രമേ മൽസരം ഉള്ളുവെങ്കിലും കുട്ടികൾ തികയുന്നില്ലെങ്കിൽ ജൂനിയേഴ്സിനെക്കൂടി ഇതിൽ പങ്കെടുപ്പിക്കാം. സമയം 5 മിനിട്ട്. (ഡ്രസ്സിന്റെ ഭംഗി നോക്കിയല്ല ഈ ഇനങ്ങളിൽ മാർക്കിടുന്നത്.)

**ബൈബിൾ വാക്യങ്ങൾ എഴുതൽ-** പുസ്തകത്തിന്റെ പേര്, അദ്ധ്യായം, വാക്യം, എന്നിവ കൃത്യമായിരിക്കണം. ഉദ്ദേശിക്കുന്ന വാക്യം മുഴുവൻ എഴുതണം. ഒരു ഭാഗത്തിലെ വചനങ്ങൾ തുടർച്ചയായി എഴുതാൻ പാടില്ല. പി. ഒ. സി ബൈബിൾ ഉപയോഗിക്കുക. വി. മർക്കോസിന്റെ സുവിശേഷത്തിൽ നിന്ന് മാത്രമായിരിക്കണം ബൈബിൾ വാക്യങ്ങൾ എഴുതേണ്ടത്. സമയം 10 മിനിട്ട്.

**ശ്രദ്ധിക്കുക.**

* മത്സരത്തിൽ പങ്കെടുക്കുന്ന കുട്ടികൾ രൂപതയിൽ രജിസ്റ്റർ ചെയ്തവരായിരിക്കണം
* മത്സരത്തിന് ബാഡ്ജ് ഉണ്ടായിരിക്കണം
* ഫൊറോനകളിൽ നിന്ന് ലിസ്റ്റ് നൽകേണ്ട അവസാന ദിവസം ഡിസംബർ 15-ാം തിയ്യതിയാണ്. അതിന് ശേഷം വരുത്തുന്ന മാറ്റങ്ങൾ സ്വീകരിക്കുന്നതല്ല.
* ലിസ്റ്റിലില്ലാത്തവർ മത്സരിക്കാൻ വന്നാൽ മത്സരിപ്പിക്കുന്നതല്ല.
* കഴിഞ്ഞവർഷം എവർറോളിംഗ് ട്രേഫികൾ നേടിയവർ അത് തിരികെ ഏല്പിക്കുമല്ലോ.
* മത്സരദിനം സമ്മാനം കൈപ്പറ്റാത്തവർക്ക് പിന്നീട് നൽകുന്നതല്ല.

**കലോത്സവ ദിനം**

2015 ജനുവരി 3-ാം തിയ്യതി ശനിയാഴ്ചയാണ് രൂപതാ കലോത്സവം നടത്തപ്പെടുന്നത്. രാവിലെ കൃത്യം 9.30 ന് പ്രാർത്ഥനയോടെ മൽസരം ആരംഭിക്കും. 9 മണി മുതൽ ഫൊറോനകൾക്ക് ഓഫീസിൽ നിന്ന് നമ്പർ നൽകുന്നതാണ്. രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതല്ല.

**ഭക്ഷണം**

ഉച്ചഭക്ഷണം ആവശ്യമുള്ളവർ 9544334162 (ഫാ.ജോമി, ഡയറക്ടർ) എന്ന നമ്പറിൽ വിളിച്ച് പറയുക. മത്സരദിനം രാവിലെ പണമടച്ച് ടോക്കൺ വാങ്ങാവുന്നതാണ്. ടോക്കൺ ഉള്ളവർക്കേ ഭക്ഷണം ലഭിക്കുകയുള്ളു.

**ഫൊറോന കലോത്സവ ദിവസങ്ങൾ**

രൂപതാ കലോത്സവത്തിനൊരുക്കമായി ഫൊറോന കലോത്സവം നടത്തപ്പെടുന്നതിന്റെ തിയ്യതിയും സ്ഥലവും താഴെ ചേർക്കുന്നു. വിശദ വിവരങ്ങൾക്ക് അതാത് ഫൊറോന തിരുബാലസഖ്യം ഡയറക്ടറച്ചന്മാരെ വിളിക്കുക.

| ഫൊറോന | തിയ്യതി | സ്ഥലം |
|---|---|---|
| താവളം | നവംബർ 8 ശനി | ബേസിൽ കോംപ്ലക്സ് ഗുളിക്കടവ് |
| കാഞ്ഞിരപ്പുഴ | നവംബർ 8 ശനി | മുണ്ടക്കുന്ന് സ്ക്കൂൾ |
| പൊന്നംകോട് | നവംബർ 8 ശനി | ഹോളിഫാമിലി സ്ക്കൂൾ, പൊന്നംകോട് |
| മണ്ണാർക്കാട് | നവംബർ 22 ശനി | ഫൊറോന പള്ളി |
| തത്തമംഗലം | നവംബർ 22 ശനി | ഫൊറോന പള്ളി |
| പാലക്കാട് | നവംബർ 29 ശനി | ചക്കാന്തറ |
| ഒലവക്കോട് | നവംബർ 29 ശനി | ഒലവക്കോട് പള്ളി |
| വടക്കഞ്ചേരി | ഡിസംബർ 13 ശനി | വടക്കഞ്ചേരി |
| ഒറ്റപ്പാലം | ഡിസംബർ 13 ശനി | ഫൊറോന പള്ളി |

**ഫാ. ജോമി തേക്കുംകാട്ടിൽ**
ഡയറക്ടർ





# അൾത്താരസംഘം

Blogspot: abapalghat.blogspot.in

ഒക്ടോബർ മാസത്തെ അൾത്താരസംഘം ഫൊറോനതല സെമിനാർ 11, 25 തീയ്യതികളിൽ വടക്കുംഞ്ചേരി, താവളം ഫൊറോനയകളിൽ നടന്നു. പാലക്കാട് രൂപതാ ക്രിസ്റ്റീൻ ടീം അംഗങ്ങൾ ഫാ. റെന്നി പുല്ലുകാലായുടെ നേതൃത്വത്തിൽ സെമിനാർ നടത്തി. സഹകരിച്ച് വേണ്ട ക്രമീകരണങ്ങൾ നടത്തിയ എല്ലാവർക്കും ദൈവാനുഗ്രഹം നേരുന്നു.

| **അൾത്താരസംഘം** | | **സെമിനാറുകൾ** | |
|---|---|---|---|
| **നവം. 03** | **തിങ്കൾ** | **9.30 am to 4.00 pm** | **ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| **നവം. 22** | **ശനി** | **9.30 am to 4.00 pm** | **ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| ഡിസംബർ 6 | ശനി | 9.30 am to 4.00 pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |

**അൾത്താരസംഘം ക്വിസ് മൽസരം**

ഈ വർഷവും അൾത്താരബാലന്മാർക്കായി ക്വിസ് മൽസരം സംഘടിപ്പിക്കുന്നുണ്ട്. ഇടവകയിൽനിന്നും ജൂനിയർ (5,6,7) സീനിയർ (8-12) വിഭാഗങ്ങളിൽ ഓരോ ടീമിന് ഫൊറോനയിൽ നടക്കുന്ന മത്സരത്തിൽ പങ്കെടുക്കാം.

**പഠനഭാഗം**

| | | |
|---|---|---|
| വിശ്വാസപരിശീലനത്തിന് ഒരു വഴികാട്ടി | - | 50 മാർക്ക് (പേജ് 21-169) |
| കുർബ്ബാനപുസ്തകം | - | 15 മാർക്ക് |
| ലോഗോസ് ക്വിസ് പഠനഭാഗം | - | 20 മാർക്ക് |
| അൾത്താരശുശ്രൂഷകർ | - | 5 മാർക്ക് |
| അൾത്താര സംഘടന, പാലക്കാട് രൂപത | - | 10 മാർക്ക് |

ഫൊറോനതല മൽസരം നവംബർ 3 ന് 9.30 മണി മുതൽ 12 മണി വരെ ഫൊറോന സെന്ററുകളിൽ വച്ചും (കൂടുതൽ വിവരങ്ങൾക്ക് ഫൊറോന അൾത്താരസംഘം ഡയറക്ടറുമായി ബന്ധപ്പെടുക) രൂപതാതല മൽസരം ഡിസംബർ 13 ശനിയാഴ്ച 9.45 മുതൽ 1 മണി വരെ പാസ്റ്ററൽ സെന്ററിൽ വച്ചും നടക്കുന്നു.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ

## ചെറുപുഷ്പ മിഷൻ ലീഗ്

ഈശോയിൽ പ്രിയ കുഞ്ഞുമിഷനറിമാരേ,

ഇക്കഴിഞ്ഞ ഒക്ടോബർ 1 മുതൽ 4 വരെ ധോണി മരിയൻ ധ്യാനകേന്ദ്രത്തിൽവച്ച് നടത്തപ്പെട്ട ലീഡർഷിപ്പ് ധ്യാനത്തിൽ വിവിധ ശാഖാ - മേഖലാ തലങ്ങളിൽനിന്നായി ധാരാളം ഭാരവാഹികൾ പങ്കെടുത്തു. ഇത് വളരെ നല്ലൊരു ധ്യാന പ്രോഗ്രാം ആയിരുന്നുവെന്നും സംഘടനാ പ്രവർത്തനങ്ങളെക്കുറിച്ചും സംഘടനയുടെ നേതൃനിരയിൽ പ്രവർത്തിക്കേണ്ടതെങ്ങനെയാണെന്നതിനെക്കുറിച്ചും പൂർണ്ണബോധ്യം ലഭിച്ചുവെന്ന് ധ്യാനത്തിൽ പങ്കെടുത്ത ഭാരവാഹികൾ പങ്കുവച്ചു. ധ്യാനത്തിൽ പങ്കെടുത്തവർക്കും എല്ലാ ശാഖാ-മേഖലാ-രൂപതാ ഭാരവാഹികൾക്കും ഡയറക്ടേഴ്സിനും മാതാപിതാക്കൾ, ആനിമേറ്റർമാർ എന്നിവർക്കും രൂപതാസമിതിയുടെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു.

നവംബർ മാസം ഈശോയുടെ രാജത്വത്തിരുന്നാൾ ഭക്തിപൂർവ്വം ആചരിക്കപ്പെടുന്ന മാസമാണ്. എല്ലാ കുഞ്ഞുമിഷനറിമാരും ഈശോയുടെ തിരുഹൃദയത്തിന് സ്വയം പ്രതിഷ്ഠിക്കുകയും പിറവിത്തിരുനാളിനൊരുക്കമായ ഇരുപത്തഞ്ച് നോമ്പാചരണത്തിന് പരസ്പരം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. തുടർ പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു.

**കർമ്മപരിപാടികൾ - നവംബർ**

15 ശനി : മുൻ സംസ്ഥാനഡയറക്ടർ റവ. ഫാ പീറ്റർ ഊരാളിൽ ചരമദിനം. അദ്ദേഹത്തിന്റെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുക.

23 ഞായർ: മിശിഹായുടെ രാജത്വ തിരുനാൾ

**അനുബന്ധ പ്രവർത്തനങ്ങൾ**

* പ്രാർത്ഥനാനിയോഗം - സഭാ നേതൃത്വത്തിനുവേണ്ടി.
* സംസ്ഥാന മത്സരവിജയികളെ ശാഖകളിൽ ആദരിക്കുക.
* 25 നോമ്പിന്റെ ഒരുക്കങ്ങൾ നടത്തുക.
* ശാഖകളിൽ സെമിനാറുകൾ നടത്തുക (വിഷയം - നോമ്പിന്റെ പ്രസക്തി, വിശുദ്ധരുടെ ജീവിത മാതൃക എന്റെ കാഴ്ച്ചപ്പാടിൽ) ആധുനിക കാലഘട്ടത്തിൽ വിശ്വാസജീവിതം.

**സുകൃതജപം** : "ഈശോയുടെ മാധുര്യമുള്ള തിരുഹൃദയമേ, ഞങ്ങളുടെ മേൽ സ്നേഹമായിരിക്കണമേ"

**ഫാ. ജോജി വടക്കേക്കര**

ഡയറക്ടർ





## സി. എൽ. സി

**കർമ്മപരിപാടികൾ - നവംബർ**

1 ശനി : സകലമരിച്ചവരുടെയും തിരുനാൾ അനുസ്മരണം

23 ഞായർ : മിശിഹായുടെ രാജത്വത്തിരുന്നാൾ,
വാ. ചാവറയച്ചൻ, വാ. എവുപ്രാസ്യാമ്മ എന്നിവരുടെ വിശുദ്ധ പദവി പ്രഖ്യാപനദിനം

**പ്രാർത്ഥന** : മിശിഹായെ, സകലമരിച്ചവിശ്വാസികളുടെയും ആത്മാക്കൾ അങ്ങയുടെ കരുണയാൽ നിത്യമോക്ഷം പ്രാപിക്കുവൻ ഇടവരുത്തണമേ.

**പഠനം** : വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ്, വാഴ്ത്തപ്പെട്ട എവുപ്രാസ്യാമ്മ

**പ്രവർത്തനം**: വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെടുന്നവരെക്കുറിച്ച് യൂണിറ്റുതലത്തിൽ ഒരു പ്രസംഗമത്സരം നടത്തുക. ഇടവക സെമിത്തേരി സന്ദർശിച്ച് പ്രാർത്ഥിക്കുക.

**ഫാ. തോം കിഴക്കേടത്ത്**

ഡയറക്ടർ

## കെ. സി. വൈ. എം

**ഉത്സവ് 2014**

കെ.സി.വൈ.എം. ന്റെ രൂപത കലാ-കായിക മത്സരങ്ങൾ 2014 നവംബർ 8-ാം തിയ്യതി പാലക്കാട് മേഴ്സി കോളേജ് ഗ്രൗണ്ട്, പാസ്റ്ററൽ സെന്റർ, കത്തീഡ്രൽ സ്കൂൾ ഗ്രൗണ്ട് എന്നിവിടങ്ങളിലായി നടത്തപ്പെടുന്നു. രാവിലെ 8.30ന് കായിക മത്സരങ്ങൾ മേഴ്സി കോളേജ് ഗ്രൗണ്ടിൽ ആരംഭിക്കുന്നതാണ്. ഉച്ചകഴിഞ്ഞ് 1 മണിക്ക് കത്തീഡ്രൽ സ്കൂളിൽ കലാമത്സരങ്ങൾ ആരംഭിക്കുന്നതാണ്. ഓരോ ഫൊറോനയിൽനിന്നും വ്യക്തിഗതയിനങ്ങളിൽ ഒന്നും രണ്ടും സ്ഥാനം ലഭിച്ചവരും ഗ്രൂപ്പിനങ്ങളിൽ ഒന്നാംസ്ഥാനം ലഭിച്ചവരുമാണ് രൂപതാമത്സരങ്ങളിൽ പങ്കെടുക്കാൻ അർഹതയുള്ളത്. രൂപത KCYM ലെ സർക്കുലറിൽ കൊടുത്തിരിക്കുന്ന മത്സരങ്ങളെ സംബന്ധിച്ച നിബന്ധനകളും മറ്റു വിവരങ്ങളും ശ്രദ്ധിക്കുമല്ലോ. നവംബർ 1 ന് മുൻപ് എല്ലാ ഫൊറോനകളും മത്സരങ്ങൾക്കുള്ള രജിസ്ട്രേഷൻ പൂർത്തീകരിക്കേണ്ടതാണ്.

**1. കായികമത്സരങ്ങൾ**

**ഓട്ടം** 100 മീ., 200 മീ., 400 മീ., 1500 മീ., റിലേ 4x100 മീ.

ഷോട്ട്പുട്ട്, ഡിസ്കസ് ത്രോ, ജാവലിൻത്രോ, ഹൈജംപ്, ലോങ്ങ് ജംപ്

**2. കലാമത്സരങ്ങൾ**

ലളിതഗാനം, പ്രസംഗം, മോണോ ആക്ട്, സിംഗിൾ ഡാൻസ്, കെ.സി. വൈ.എം ആന്തം, സംഘഗാനം, മാർഗ്ഗംകളി

**ഗ്രാമോത്സവ് 2014**

പൊന്നംകോട് ഫൊറോന KCYMന്റെ ആതിഥേയത്വത്തിൽ കാരാക്കുറുശ്ശി സെന്റ് മേരീസ് ഇടവകയിൽ വച്ച് ഒക്ടോബർ 24,25,26 തിയ്യതികളിലായി യുവജനങ്ങൾക്കായുള്ള ഗ്രാമോത്സവ് നടത്തി. ആരംഭ ദിവസം വൈകിട്ട് 6.00മണിക്ക് KCYM പ്രസിഡന്റ് ശ്രീ. ഷിജു കുര്യൻ പതാക ഉയർത്തി. പൊന്നംകോട് ഫൊറോന വികാരി ഫാ. പീറ്റർ കുരുതുകുളങ്ങര ഗ്രാമോത്സവം ഉദ്ഘാടനം ചെയ്തു. ഫാ. സനിൽ മൈൽകുന്നേൽ SJയാണ് ഗ്രാമോത്സവ് ക്യാമ്പ് നയിച്ചത്. ക്ലാസുകൾ, ധ്യാനം, കൃഷി, ഗ്രാമസന്ദർശനം, നാടൻപാട്ടുകൾ, നാടൻകലകൾ, ഗ്രൂപ്പുവർക്കുകൾ, ക്യാമ്പ് ഫയർ, കരവിരുതുകൾ, ഔട്ടിംഗ് തുടങ്ങിയവ ഇഴചേർത്ത് നടത്തപ്പെട്ട ഗ്രാമോത്സവം യുവഹൃദയങ്ങളെ സമ്പന്നമാക്കി. ഗ്രാമീണ ജീവിതത്തിന്റെ ശാലീനതയും സൗന്ദര്യവും അടുത്തറിയുവാനും ദൈവവും മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ആഴമേറിയ അഭേദ്യബന്ധത്തെ ഗ്രഹിക്കുവാനും പരസ്ഥിതി ആത്മീയത ഉള്ളിലുണർത്തുവാനും സ്നേഹകൂട്ടായ്മയിലും ക്രിസ്തുദർശനത്തിലും അടിയുറച്ചുവളരുവാനും യുവജനങ്ങൾക്കുള്ള സുവർണ്ണാവസരമായി ഗ്രാമോത്സവം. KCYM മുൻ ഭാരവാഹികളുടെ സന്ദർശനം ക്യാമ്പിനെ കൂടുതൽ ആവേശഭരിതമാക്കി. 72-ഓളം യുവജനങ്ങൾ ക്യാമ്പിൽ പങ്കെടുത്തു. ഗ്രാമോത്സവം ഏറ്റവും മനോഹരമാക്കുവാൻ അത്യദ്ധ്വാനം ചെയ്ത പൊന്നംകോട് ഫൊറോന KCYM ഡയറക്ടറും കാരാക്കുറുശ്ശി ഇടവക വികാരിയുമായ ബഹു. സേവ്യർ വളയത്തിലച്ചനും പൊന്നംകോട് ഫൊറോന പ്രസിഡന്റ് ഗ്ലോഡിനും ഭാരവാഹികൾക്കും കാരാക്കുറിശ്ശി KCYM യൂണിറ്റിലെ അംഗങ്ങൾക്കും കൈക്കാരന്മാർക്കും ഇടവകാംഗങ്ങൾക്കും പ്രത്യേകം നന്ദിപറയുന്നു.

**KCYM മുൻ രൂപത ഭാരവാഹികളുടെ സംഗമം**

പാലക്കാട് KCYM ന് പടുത്തുയർത്തുന്നതിൽ സ്തുത്യർഹമായ പങ്കുവഹിച്ച മുൻ KCYM രൂപതാഭാരവാഹികളുടെ സംഗമം ഡിസംബർ 28, 29 തിയ്യതികളിലായി നടത്തപ്പെടുന്നു. രൂപത ഡയറക്ടർമാർ, രൂപത ആനിമേറ്റർമാർ, റീജന്റ് ബ്രദേഴ്സ്, രൂപത സെക്രട്ടറിയേറ്റ് (പ്രസിഡന്റ്, വൈസ് പ്രസിഡന്റുമാർ, സെക്രട്ടറി, ജോ. സെക്രട്ടറിമാർ, ട്രഷറർ) എന്നിവരാണ് ഇതിൽ പങ്കെടുക്കേണ്ടത്. ഇടവകകളിൽ ഈ വിവരം അറിയിക്കുവാനും നവംബർ 30ന് മുമ്പായി പേരുവിവരങ്ങൾ KCYM യൂണിറ്റ് വഴി രൂപതാകേന്ദ്രത്തിൽ അറിയിക്കണം.





**ഷോർട്ട് ഫിലിം മത്സരം**

ക്രൈസ്തവമൂല്യങ്ങളിൽ സമൂഹത്തെ വാർത്തെടുക്കുന്നതിനും യൂണിറ്റുകളിലെ യുവജനകൂട്ടായ്മയുടെ ശാക്തീകരണം ലക്ഷ്യം വച്ചു കൊണ്ടും കെ.സി.വൈ.എം. പാലക്കാട് രൂപത സമിതി നന്മയുടെ യുവത്വം നാളെയുടെ വെളിച്ചം എന്ന വിഷയത്തെ ആസ്പദമാക്കി നടത്തുന്ന ഷോർട്ട് ഫിലിം മത്സരത്തിൽ പങ്കെടുക്കുന്നവർ തങ്ങളുടെ ഫിലിമുകൾ രജിസ്ട്രേഷനോടെ നവംബർ 1 ന് മുൻപ് സമർപ്പിക്കേണ്ടതാണ്. നവംബർ അവസാന ആഴ്ച ഫലപ്രഖ്യാപനം നടത്തുന്നതാണ്.

**കെ.സി.വൈ.എം. ഇരുപത്തഞ്ച് നോമ്പാചരണം**

5800-ലധികം യുവജനങ്ങൾ അംഗങ്ങളായുള്ളതാണ് പാലക്കാട് രൂപത KCYM. ഈ യുവജനത ഒരുമിച്ച് പ്രാർത്ഥിക്കുകയും ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്താൽ വലിയ അത്ഭുതങ്ങൾ പ്രവർത്തിക്കാനാകും. ഇടവകകളിൽ പുൽക്കൂടുകൾ നിർമ്മിക്കുന്നതും കരോൾ നടത്തുന്നതും പരമ്പരാഗതമായി KCYM അംഗങ്ങളുടെ നേതൃത്വത്തിലാണല്ലോ. ഈ വർഷത്തെ ക്രിസ്തുമസ്സിൽ രക്ഷകനായ ഉണ്ണീശോയ്ക്ക് പുൽക്കൂട് നിർമ്മിക്കുന്നതോടൊപ്പം പാലക്കാട് രൂപത KCYM ഇരുപത്തഞ്ച് നോമ്പിലെ യുവതീയുവാക്കളുടെ പരിത്യാഗ തുകയിലൂടെ 100-ഓളം പാവപ്പെട്ടകുടുംബങ്ങളെ ഇൻഷൂറൻസ് ആരോഗ്യ സുരക്ഷാപദ്ധതിയിൽ ചേർക്കാൻ ലക്ഷ്യംവെക്കുന്നു. ഇരുപത്തഞ്ച് നോമ്പിനുമുമ്പായി ഓരോ അംഗങ്ങൾക്കും ക്രിസ്തുമസ് സന്ദേശവും പ്രാർത്ഥനയും ഉൾക്കൊള്ളുന്ന പരിത്യാഗ കവറുകൾ ലഭ്യമാക്കുന്നതാണ്. പാവപ്പെട്ടവരോട് പക്ഷം ചേരുന്ന ക്രിസ്തുവിന്റെ മനോഭാവം ഉൾക്കൊണ്ട് പ്രാർത്ഥനയിലൂടെയും പരിത്യാഗത്തിലൂടെയും ഈ പ്രേഷിത ദൗത്യത്തിൽ എല്ലാ യുവജനങ്ങളും പങ്കുചേരുമല്ലോ.

**രൂപത KCYM കൂപ്പൺ**

KCYM രൂപത, ഫൊറോന, യൂണിറ്റുകളുടെ സാമ്പത്തിക ആവശ്യം ലക്ഷ്യം വച്ചുകൊണ്ട് ഒരു സമ്മാനകൂപ്പൺ ഇറക്കുവാൻ രൂപതാ എക്സിക്യൂട്ടീവ് തീരുമാനിച്ചു. രൂപതയ്ക്ക് 4%, ഫൊറോനയ്ക്ക് 3%, യൂണിറ്റിന് 3% എന്ന തോതിൽ തുക ലഭ്യമാകത്തക്കവിധത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

**ട്രോഫികൾ, ഷീൽഡുകൾ**

വിജയികൾക്ക് ട്രോഫികൾ, ഷീൽഡുകൾ എന്നിവ ആവശ്യമുള്ളവർ KCYM ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ഫോൺ: 9562202502

**ഫാ. സീജോ കാരിക്കാട്ടിൽ**
ഡയറക്ടർ

# ജീസസ് യൂത്ത്

**യുവജനങ്ങൾക്ക് ആവേശമായി 'MY JESUS'**

ഈശോയെ അനുഭവിച്ചറിയുക, ജീസസ് യൂത്ത് മുന്നേറ്റത്തെ പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ രൂപതയിലെ യുവതിയുവാക്കൾക്കായി ഒക്ടോബർ 10, 11, 12 തിയ്യതികളിലായി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ട പരിപാടിയാണ് 'MY JESUS'. 50 പേരെ മാത്രം പ്രതീക്ഷിച്ച പരിപാടിയിൽ 95 യുവജനങ്ങൾ പങ്കെടുക്കാനെത്തിയത് ആവേശമായി. ഔദ്യോഗിക തിരക്കുകൾ നിമിത്തം പ്രോഗ്രാമിൽ നേരിട്ടു സംബന്ധിക്കാൻ സാധിക്കാത്തതിനാൽ അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് പിതാവ് വീഡിയോ കോൺഫറൻസിലൂടെ സന്ദേശം നല്കിയത് പുതുമയുള്ള അനുഭവമായി. ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ ഇന്റർനാഷണൽ കൗൺസിലംഗമായ അഡ്വ. റൈജു വർഗ്ഗീസ്, ജീസസ് യൂത്ത് കേരള ക്യാമ്പസ് കോർഡിനേറ്റർ സിൻജോ പി. കെ., ശ്രീ. ശശി ഇമ്മാനുവൽ, ആന്റണി എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

കോഴിക്കോട് മെഡിക്കൽ കോളേജ്, തൃശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, പാലക്കാട് എൻ.എസ്.എസ്. എഞ്ചിനിയറിംഗ് കോളേജ്, ശ്രീകൃഷ്ണപുരം ഗവ. എഞ്ചിനിയറിംഗ് കോളേജ് എന്നിവടങ്ങളിൽ പഠിച്ചുകൊണ്ടിരിക്കുന്ന ജീസസ് യൂത്ത് വിദ്യാർത്ഥികൾ ഈശോയിലുള്ള അവരുടെ ജീവിതത്തിന്റെ ആനന്ദത്തെക്കുറിച്ചുള്ള പങ്കുവെയ്ക്കലുകൾ നടത്തിയത് പ്രോഗ്രാമിൽ പങ്കെടുത്തവർക്ക് വളരെ പ്രചോദനാത്മകമായി. പാലക്കാട് ജീസസ് യൂത്തിന്റെ ഭാഗമായ 'Beats of Angels' എന്ന മ്യൂസിക് ബാന്റിന്റെ സംഗീതാത്മകമായ ദൈവസ്തുതികൾ പ്രോഗ്രാമിനെ അക്ഷരാർത്ഥത്തിൽ ആനന്ദോത്സവമാക്കിമാറ്റി. പാലാ സെന്റ് അൽഫോൻസാ കോളേജിൽനിന്ന് ബിരുദപഠനത്തിനുശേഷം ഒരു വർഷം ജീസസ് യൂത്ത് പ്രവർത്തനങ്ങൾക്കായി മാറ്റിവെച്ചുകൊണ്ട് പാലക്കാട് രൂപതയിലെ ഫുൾടൈമറായി സേവനം അനുഷ്ഠിക്കുന്ന ഇടുക്കി സ്വദേശിനിയായ അനുമോൾ അലക്സിന്റെ പ്രേഷിത തീക്ഷ്ണതയും പാലക്കാട് ജീസസ് യൂത്ത് ഫാമിലി മിനിസ്ട്രിയുടെ പ്രോത്സാഹനവും സഹകരണവുമാണ് 'MY JESUS' എന്ന പരിപാടിയുടെ വിജയത്തിന് കാരണമായത്. പ്രോഗ്രാമിലേക്ക് യുവജനങ്ങളെ പറഞ്ഞുവിടാൻ താല്പര്യമെടുത്ത എല്ലാ ബഹു. വികാരിയച്ചന്മാർക്കും പ്രത്യേകം നന്ദി.

**ഫാ. ജെയ്മോൻ പള്ളിനീരാക്കൽ**
ഡയറക്ടർ





# മാതൃസംഘം

**അമ്മ അറിയാൻ**

പാലക്കാട് മേഖലാതല സെമിനാർ നവംബർ ഒന്നാം തീയതി പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. പങ്കെടുത്ത എല്ലാ അമ്മമാർക്കും നന്ദി. ക്ലാസ്സുകൾ നയിച്ച റവ. സി. ഡോ. ട്രീസ പാലക്കലിന് അഭിനന്ദനങ്ങളും നന്ദിയും അർപ്പിക്കുന്നു. സെമിനാറുകൾക്ക് നേതൃത്വം നൽകിയ രൂപതാ ഭാരവാഹികൾക്കും വിവിധ ഫോറോന ഭാരവാഹികൾക്കും നന്ദിയർപ്പിക്കുന്നു.

**കൈയെഴുത്തു മാസിക**

അമ്മമാർക്കായി നടത്തപ്പെടുന്ന കൈയെഴുത്തു മാസിക മത്സരത്തിൽ പങ്കെടുക്കുന്ന യൂണിറ്റുകൾ പൂർണ്ണമായി തയ്യാറാക്കിയ മാസിക നവംബർ 22 നു മുൻപായി രൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**മാർഗ്ഗരേഖയിലേക്കുള്ള നിർദ്ദേശങ്ങൾ**

2015 ലേക്കുള്ള മാർഗ്ഗരേഖ തയാറാക്കപ്പെടുന്ന സമയമാണിത്. അതിലേക്ക് നിങ്ങളുടെ യൂണിറ്റിന്റെ നിർദ്ദേശങ്ങൾ അറിയിക്കാൻ അവസരമുണ്ട്. നിർദ്ദേശങ്ങൾ നവംബർ 15 നു മുൻപായി ഓഫീസിലെത്തിക്കേണ്ടതാണ്

**ഫാ. ബിനു പൊൻകാട്ടിൽ**
ഡയറക്ടർ

# ഫാമിലി അപ്പോസ്തലേറ്റ്

**പ്രീകാന കോഴ്സ്**

**നവംബർ** മാസത്തിലെ പ്രീകാന കോഴ്സ് **3,4,5,6** തിയ്യതികളിലും **ഡിസംബർ** മാസത്തിലെ പ്രീകാന കോഴ്സ് **1,2,3,4** തിയ്യതികളിലും മുണ്ടൂർ യുവക്ഷേത്രയിൽവച്ച് നടത്തപ്പെടുന്നു. കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കന്മാർക്കായി വ്യാഴാഴ്ച 9.30ന് സജ്ജമാക്കിയിരിക്കുന്ന ക്ലാസ്സിൽ അവർ നിർബന്ധമായും പങ്കെടുത്തിരിക്കണം.

പ്രീകാനയുടെ ദിവസങ്ങളിൽ മനസമ്മതം ക്രമീകരിക്കുന്നതും കോഴ്സു കഴിയുന്നതിനുമുമ്പ് പറഞ്ഞുവിടേണ്ടിവരുന്നതും ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. അതുകൊണ്ടു വികാരിയച്ചന്മാർ ഇതു പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ



# കുടുംബകൂട്ടായ്മ

**യൂണിറ്റു ഭാരവാഹികളുടെ പുതിയ ലിസ്റ്റ്**

യൂണിറ്റ് ഭാരവാഹികളുടെ ലിസ്റ്റ് രൂപതാകേന്ദ്രത്തിൽ എത്തിക്കാത്ത ഇടവകകൾ എത്രയും വേഗം രൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ

# ALL KERALA CATHOLIC CONGRESS (A.K.C.C)

AKCC-യുടെ ഫൊറോന സമ്മേളനങ്ങൾ ഡിസംബറിൽ ആരംഭിക്കുന്നതാണ്.

**ഫാ. ജോർജ്ജ് തുരുത്തിപ്പിള്ളി**
ഡയറക്ടർ

# അസ്സോസിയേഷൻ ഓഫ് കാത്തലിക് കെയർ ഹോംസ് (ACCH)

**CNEWA മീറ്റിംഗ്**

നവംബർ 7 വെള്ളിയാഴ്ച രാവിലെ 10.30ന് ബിഷപ്പ്സ് ഹൗസിൽ വച്ച് CNEWA-ൽ നിന്ന് ഫണ്ട് സ്വീകരിക്കുന്ന എല്ലാ ഓർഫനേജ്/കെയർ ഹോംസ് ഡയറക്ടർമാരുടെയും കണക്കെഴുതുന്നവരുടെയും മീറ്റിംഗ് നടത്തപ്പെടുന്നു. CNEWA റീജിയണൽ ഡയറക്ടർ ശ്രീ. എം.എൽ. തോമസ് മീറ്റിംഗിന് നേതൃത്വം കൊടുക്കുന്നതാണ്. പ്രസ്തുത മീറ്റിംഗിൽ 2011 - 2014 കാലയളവിൽ ഓർഫനേജ്/ കെയർ ഹോംസുമായി ബന്ധപ്പെട്ട എല്ലാ കണക്കുകളും കൊണ്ടുവരേണ്ടതാണ്.

**റേഷൻ പെർമിറ്റ് പുതുക്കൽ**

2014 ഡിസംബർ 31 ന് സോഷ്യൽ ജസ്റ്റിസ് ബോർഡിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും കിട്ടിവരുന്ന റേഷൻ സാധനങ്ങളുടെ പെർമിറ്റ് അവസാനിക്കുന്നു. ആയതിനാൽ അതാത് താലൂക്ക് സപ്ലൈ ഓഫീസിൽ (TSO) തിങ്കളാഴ്ച ഒഴികെയുള്ള മറ്റു പ്രവൃത്തി ദിനങ്ങളിൽ 2014 ഡിസംബർ 30ന് മുൻപായി പെർമിറ്റ് പുതുക്കേണ്ടതാണ്.

**ഫാ. എബിൻ കുളമ്പിൽ**
ഡയറക്ടർ







# കരിസ്മാറ്റിക് വാർത്തകൾ

**ഹൃദയം നിറഞ്ഞ നന്ദി**

സോണൽ സർവ്വീസ് ടീമിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച അഖണ്ഡജപമാല നമ്മുടെ രൂപതയിലെ 121 പള്ളികളിലും കോട്ടയം രൂപതയുടെ കീഴിലുള്ള മംഗലഗിരി, ചങ്ങലിരി പള്ളികളിലും മൂവാറ്റുപുഴ മലങ്കര രൂപതയ്ക്കു കീഴിലുള്ള അമലഗിരി പള്ളിയിലും സുൽത്താൻപേട്ട ലത്തീൻ രൂപതയിൽപ്പെട്ട അലുവാശ്ശേരി, വണ്ടാഴി, മണ്ണാർക്കാട് ദേവാലയങ്ങളിലും നടത്തുകയുണ്ടായി. ഈ പ്രാർത്ഥനാശുശ്രൂഷകളിൽ പങ്കെടുത്ത എല്ലാവർക്കും നന്ദിപറയുന്നു. 125 പേരിലധികം വരുന്ന ലീഡേഴ്സാണ് ഇതിനായി നേതൃത്വം നൽകിയത്. ഇടവകയിലെ എല്ലാ കാര്യങ്ങളും നന്നായി ക്രമീകരിച്ച് ഈ ജപമാല ശുശ്രൂഷ ഒരു അനുഗ്രഹമാക്കി മാറ്റുകയും അതിനുവേണ്ട പ്രോത്സാഹനം നൽകുകയും ചെയ്ത ബഹു. വികാരിയച്ചന്മാർക്ക് പ്രത്യേകം നന്ദി. ഒരുമാസക്കാലം നീണ്ടുനിന്ന ഈ അഖണ്ഡജപമാലയ്ക്ക് നേതൃത്വം കൊടുത്ത എല്ലാ ടീമംഗങ്ങൾക്കും നന്ദി.

**Zume ലീഡേഴ്സ് ട്രെയിനിംങ്ങ് പ്രോഗ്രാം**

ലീഡേഴ്സ് പ്രോഗ്രാമിന്റെ ക്ലാസുകൾ നവംബർ മാസം 14ന് വൈകിട്ട് 4 മുതൽ 15ന് വൈകിട്ട് 4 വരെ രൂപതാ പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തുന്നു. ഫാ. ഡൊമിനിക് ഐപ്പൻപറമ്പിൽ, ശ്രീ. തോമസ് കുര്യൻ, ശ്രീ. ഉമ്മൻ മാത്യു എന്നിവർ നേതൃത്വം നൽകും.

**ലീഡേഴ്സ് കൂട്ടായ്മ**

അഖണ്ഡജപമാലയ്ക്ക് നേതൃത്വം നൽകുവാൻ ഇടവകകളിലേയ്ക്ക് പോയവർ അനുഗ്രഹങ്ങളും അനുഭവങ്ങളും പങ്കുവെയ്ക്കുവാൻ ഒത്തുചേരുന്നു. നവംബർ 15 രാവിലെ 10 മുതൽ 4 വരെയാണ് കൂട്ടായ്മ. സ്ഥലം രൂപതാ പാസ്റ്ററൽ സെന്റർ. എല്ലാവരെയും പ്രത്യേകം ക്ഷണിയ്ക്കുന്നു.

**ബഥാനിയ 2014**

മരിയൻ സിംഗിൾസിന്റെ നേതൃത്വത്തിൽ ഒരു കൺവെൻഷൻ നവംബർ 27 വൈകിട്ട് 5 മുതൽ 29 ഉച്ചയ്ക്ക് 1 മണിവരെ കളമശ്ശേരി എമ്മാവൂസിൽ വെച്ച് നടത്തുന്നു. മാർ ജോസ് പുത്തൻവീട്ടിൽ, ഫാ. ജോസ് അഞ്ചാനിയ്ക്കൽ, ഫാ. സെബാസ്റ്റ്യൻ കറുകപ്പിള്ളി എന്നിവർ നേതൃത്വം നൽകും. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ വിളിക്കുക. 9446728293

**ഫാ. ഡൊമിനിക് ഐപ്പൻപറമ്പിൽ**
ഡയറക്ടർ



# സെഹിയോൻ ധ്യാനകേന്ദ്രം

**ധ്യാനങ്ങൾ**

| **മാസം** | **തീയതി** | **ധ്യാനം നയിക്കുന്നത്** |
|---|---|---|
| നവംബർ | 02-07 | വൈദികരുടെ ധ്യാനം |
| | | ഫാ. സേവ്യർ ഖാൻ വട്ടായിൽ |
| നവംബർ | 09-14 | ആന്തരികസൗഖ്യ ധ്യാനം |
| | | ഫാ. ബിനോയ് കരിമരുതിങ്കൽ |
| നവംബർ | 16-21 | ആന്തരികസൗഖ്യ ധ്യാനം |
| | | ഫാ. സാംസൺ മണ്ണൂർ |
| നവംബർ 30 ഡിസം. 5 | | ഡീക്കന്മാരുടെ ധ്യാനം |
| | | ഫാ. സേവ്യർ ഖാൻ വട്ടായിൽ |

സീറ്റുകൾ ബുക്കുചെയ്യുന്നത് ഓൺലൈനിലൂടെ മാത്രം. എല്ലാമാസത്തിന്റെയും ഒന്നാം തീയതി (ഞായർ ഒഴികെ) രാവിലെ 10 മണിക്ക് ബുക്കിംഗ് ആരംഭിക്കും. address: www sehion.in ഫോൺ : 04924 - 253496

**സെഹിയോൻ കൺവെൻഷൻ**

നവംബർ 16 പാലക്കാട് ഏകദിന ബൈബിൾ കൺവെൻഷൻ മുൻസിപ്പൽ ടൗൺഹാളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ.

**സെഹിയോൻ വെബ് ലൈവ്**

സെഹിയോൻ ധ്യാനം കേന്ദ്രം വെബ്ബിലൂടെ ശുശ്രൂഷകൾ ആരംഭിച്ചിരിക്കുന്നു. എല്ലാ ആദ്യ ശനിയാഴ്ചയും രാവിലെ 10 മുതൽ ഉച്ചക്ക് 1 മണിവരെ ശുശ്രൂഷകൾ നടത്തപ്പെടുന്നു. address: www sehion.org/ web TV

**സെഹിയോൻ മൊബൈൽ ആപ്ലിക്കേഷൻ**

ഈ ആപ്ലിക്കേഷൻ ഇന്റർനെറ്റ് കണക്ഷനുള്ള എല്ലാ ഫോണുകളിലും റൺ ചെയ്യുന്നതാണ്. ആൻഡ്രോയ്ഡ് സ്റ്റോർ, ഐഫോൺസ്റ്റോർ എന്നിവയിൽ ഈ ആപ്ലിക്കേഷൻ ലഭ്യമാണ്. കൂടാതെ **www.sehion.org/m** എന്ന അഡ്രസ്സിലും ലഭ്യമാണ്. സെഹിയോൻ ശുശ്രൂഷകളും സഭാത്മക ശുശ്രൂഷകളും സെഹിയോൻ വീഡിയോ ഓഡിയോ പ്രോഗ്രാമുകളും ഇതിലൂടെ ലഭ്യമാണ്.

**മാറാനാത്ത ബ്രോഡ്കാസ്റ്റിംഗ് മീഡിയ ട്രെയിനിംങ്ങ് സെന്റർ** (MBMTC)

2015 ന്റെ ആരംഭത്തിൽ തുടങ്ങുന്ന ബ്രോഡ്കാസ്റ്റിംഗ് മീഡിയ ട്രെയിനിംങ്ങിലേക്ക് അപേക്ഷകൾ ക്ഷണിച്ചിരിക്കുന്നു. എഡിറ്റിംഗ് (FCP), ക്യാമറ, ഗ്രാഫിക്സ്, ആനിമേഷൻ, സ്ക്രിപ്റ്റ് റൈറ്റിംങ്ങ് & ഡയറക്ഷൻ എന്നിവയിൽ ട്രെയിനിംങ്ങ് നൽകുന്നു. ഒന്നരവർഷമാണ് ട്രെയിനിംങ്ങിന്റെ





കാലാവധി. കോഴ്സ് സൗജന്യമാണ് (വ്യവസ്ഥകൾക്ക് വിധേയം). അപേക്ഷാഫോം പാലക്കാട് സാൻജോ ടവറിലുള്ള മാറാനാത്ത മീഡിയ സെന്ററിൽനിന്നും (10.00am to 5.00pm) ലഭ്യമാണ്. പാലക്കാട് രൂപതയിൽപ്പെട്ട ആൺകുട്ടികൾക്ക് മുൻഗണന. പ്രായപരിധി 18-26. പ്രോസ്പ്റ്റസിനും അപ്ലിക്കേഷൻ ഫോമിനും കൂടി 100 രൂപ.

കൂടുതൽ വിവരങ്ങൾക്ക് : 0491 2504090, 2504290, 8301854090

**സെഹിയോനിലെ മാറിയ ഫോൺനമ്പറുകൾ**

പ്രാർത്ഥനാസഹായം : 04924 227000

ധ്യാനം ബുക്കിംഗ് (അന്വേഷണങ്ങൾക്ക്) : 04924 253496, 8281473647

**ഫാ. സേവ്യർഖാൻ വട്ടായിൽ.**

ഡയറക്ടർ, സെഹിയോൻ മിനിസ്ട്രീസ്

# പി. എസ്. എസ്. പി.

**ഈ ക്രിസ്തുമസ് മധുരം പ്രകൃതിയിൽ നിന്ന് രുചിക്കാം**

മലയാളികൾ ഇരുപതാം നൂറ്റാണ്ടിന്റെ മധ്യദശകങ്ങളിലെ ഭക്ഷ്യക്ഷാമത്തെ അതിജീവിച്ചത് പ്ലാവ് എന്ന അത്ഭുത വൃക്ഷത്തിന്റെ മേന്മകൊണ്ട് മാത്രമായിരുന്നു. സമ്പത്തും സൗകര്യങ്ങളും വർദ്ധിച്ചുവന്നപ്പോൾ ചക്കയും ചക്കവിഭവങ്ങൾക്കും പകരം ഫാസ്റ്റ് ഫുഡുകളുടെ രുചിഭേദങ്ങൾ സ്ഥാനം പിടിച്ചു. പക്ഷേ ഒരു തിരിച്ചുപോക്ക് അനിവാര്യമാക്കുന്ന സാഹചര്യങ്ങൾ തിരിച്ചറിഞ്ഞ് ഒരു അടിയന്തിര ശൈലീ മാറ്റത്തിന് മലയാളിയെ പ്രേരിപ്പിക്കുവാൻ PSSP ശ്രമിക്കുകയാണ്. **ക്രിസ്തുമസ് ആഘോഷങ്ങൾ മധുരിതമാക്കുവാൻ ചക്ക കേക്ക് മുറിച്ചുകൊണ്ട് ഒരു മാറ്റത്തിന് തുടക്കം കുറിക്കുവാൻ PSSP ലക്ഷ്യമിടുന്നു. മൈദയും ബേക്കിംഗ് പൗഡറും പൂർണ്ണമായി ഒഴിവാക്കി ചക്കയും ചക്കക്കുരു പൊടിയും മാത്രം ചേർത്തുള്ള കേക്ക് PSSP പരിചയപ്പെടുത്തുകയാണ്**. സാധാരണ കേക്കിന്റെ വിലയ്ക്ക് യാതൊരു രാസപദാർത്ഥങ്ങളും ഇല്ലാത്ത കേക്ക് ആസ്വദിച്ച് ക്രിസ്തുമസ് ആഘോഷങ്ങൾ അർത്ഥവത്താക്കാം. **2014 ക്രിസ്തുമസ് ഒരു നാച്ചുറൽ ഫ്രട്ടേണിറ്റി ക്രിസ്തുമസ് ആയിതീരട്ടെ.** എല്ലാ വികാരിയച്ചന്മാരുടെയും ഇടവകാംഗങ്ങളുടെയും സഹകരണവും പ്രോത്സാഹനവും PSSP പ്രതീക്ഷിക്കുന്നു.

**പൊലിമ 2015**

**കാർഷിക- ചക്ക മഹോത്സവം**

കുടുംബകൃഷിക്കും ചക്ക വിഭവങ്ങൾക്കും പ്രാധാന്യം നൽകികൊണ്ട് 'പൊലിമ 2015' പാലക്കാട് മുൻസിപ്പൽ ടൗൺഹാൾ അനക്സിൽ 2015 ജനു

വരി 9 മുതൽ 12 വരെ നടക്കുന്നു. വിവിധ സർക്കാർ സന്നദ്ധസംഘടനകളെ അണിനിരത്തിക്കൊണ്ട് ആവിഷ്കരിക്കുന്ന പ്രസ്തുത കാർഷികോത്സവത്തിലേക്ക് ഏവർക്കും സ്വാഗതം! കാർഷികവിള പ്രദർശനം, മത്സരങ്ങൾ, വിപണനം, മൂല്യവർധനം, വിജ്ഞാനം, വിനോദം, ഭക്ഷ്യമേള തുടങ്ങിയവ പരിപാടിക്ക് പൊലിമയേകും. പൊലിമയിൽ പ്രദർശപ്പിക്കാനും മത്സരത്തിൽ പങ്കെടുക്കുവാനുമുള്ള വിളകൾ മുൻകൂട്ടി തയ്യാറാക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**കുടുംബകൃഷി**

ഐക്യരാഷ്ട്ര സഭ ആഹ്വാനം ചെയ്തിരിക്കുന്ന കുടുംബകൃഷി വർഷാചരണത്തിന്റെ ഭാഗമായി PSSP ശീതകാല പച്ചക്കറി തൈകൾ വിതരണം ചെയ്യുന്നതാണ്. നടീലിന്റെ ഭാഗമായ കാബേജ്, കോളിഫ്ളവർ തൈകൾ ലഭിക്കുന്നതിന് ഇന്നുതന്നെ പാലക്കാട് സാൻജോ ടവറിൽ പ്രവർത്തിക്കുന്ന കൊയ്നോണിയ സൂപ്പർമാർക്കറ്റിന്റെ പച്ചക്കറി വിഭാഗത്തിൽ ബന്ധപ്പെടുക (ഫോൺ : 9446420395). ധാരാളം സൂര്യപ്രകാശം ലഭിക്കുന്ന സ്ഥലത്ത് രണ്ടടി അകലത്തിൽ തൈകൾ നടുകയും ദിവസേന നനച്ചുകൊടുക്കുകയും ചെയ്യുക. മൂന്നുമാസംകൊണ്ട് വിളവെടുക്കാം. വിത്തുകളും മറ്റു തൈകളും ഇവിടെ ലഭിക്കുന്നതാണ്.

**PSSP നെറ്റ് വർക്കിൽ ഇഴചേരാൻ സുവർണ്ണാവസരം**

PSSP യുടെ ആഭിമുഖ്യത്തിൽ പാലക്കാട് ജില്ലയിൽ നടപ്പിലാക്കിവരുന്ന വിവിധ ജനകീയ പരിപാടികളേറ്റെടുത്ത് അതാത് പ്രദേശത്ത് നടപ്പിലാക്കുവാൻ താല്പര്യവും സാമൂഹികപ്രതിബദ്ധതയുമുള്ള പള്ളി സംഘടനകൾക്ക് ഇപ്പോൾ PSSP യിൽ അഫിലിയേറ്റ് ചെയ്യുവാൻ അവസരം.

**നിബന്ധനകൾ**

* പാലക്കാട് രൂപതയിൽ, വികാരിയച്ചൻ ഡയറക്ടറായി പ്രവർത്തിക്കന്ന സംഘടനയായിരിക്കണം.
* കുറഞ്ഞത് 3 വർഷമെങ്കിലും പ്രവർത്തനപരിചയവും, വാർഷിക പൊതുയോഗം, തിരഞ്ഞെടുപ്പ്, കണക്കവതരണം ഇവ നടക്കുന്ന സംഘടനയായിരിക്കണം.
* ജില്ലാതലത്തിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സൊസൈറ്റി/ട്രസ്റ്റ് സംഘടനകൾക്ക് മുൻഗണന
* വിൻസെന്റ് ഡി പോൾ, മാതൃസംഘം, കെ.സി.വൈ.എം., സീനിയർ - സി.എൽ.സി., സി.എം.എൽ., കർഷക ജാഗ്രത സമിതി
* (കെ.എൽ.എം., പി.എസ്.എസ്.പി.യിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന സോഷ്യൽ ആക്ഷൻ ഗ്രൂപ്പുകൾ എന്നിവ പുതുതായി അപേക്ഷിക്കേണ്ടതില്ല).
* പ്രവർത്തനപരിധി ഇടവകാതിർത്തിയായിരിക്കും





അഫിലിയേഷൻ ഫോറങ്ങൾ PSSP ഓഫീസിൽനിന്ന്/റീജിണൽ ഓഫീസിൽനിന്ന് ലഭ്യമാകും.

**ജില്ലാ വിമൻസ് ഫെഡ് മീറ്റിംഗ്**

ജില്ലാ വിമൻസ് ഫെഡ് മീറ്റിംഗ് 05.11.2014 നു ബുധനാഴ്ച കാലത്ത് 11 മണിക്ക് പി.എസ്.എസ്.പി യിൽ വച്ച് നടത്തപ്പെടുന്നു.

**ബ്ലോക്ക് ഫെഡ് മീറ്റിങ്ങുകൾ**

| തിയതി | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|
| 08.11.14 | *പാലക്കാട്* II | *കോങ്ങാട്* | 10.30 am |
| 11.11.14 | *പാലക്കാട്* I / *മലമ്പുഴ* | *പാസ്റ്ററൽ സെന്റർ* | 10.30 am |
| 12.11.14 | *മണ്ണാർക്കാട്* | *ഇരുമ്പകച്ചോല* | 11.00 am |
| 13.11.14 | *ശ്രീകൃഷ്ണപുരം* | *കടമ്പൂർ പാരിഷ്ഹാൾ* | 11.00 am |
| 14.11.14 | *കുഴൽമന്ദം* | *മാത്തൂർ* | 11.00 am |
| 17.11.14 | *അട്ടപ്പാടി ഗൂളിക്കടവ്* | *റീജിയണൽ ഓഫീസ്* | 11.00 am |
| 19.11.14 | *നെന്മാറ* | *നെന്മാറ പാരിഷ്ഹാൾ* | 11.00 am |
| 26.11.14 | *ആലത്തൂർ* | FCC, *വടക്കഞ്ചേരി* | 11.00 am |

**റീജിയണൽ ഓഫീസ് ദിവസങ്ങൾ**

| തിയതി | ദിവസം | സ്ഥലം | സമയം |
|---|---|---|---|
| 10.11.14 | *തിങ്കൾ* | *ഗൂളിക്കടവ് റീജിയണൽ ഓഫീസ്* | 10.30am to 2.00 pm |
| 14.11.14 | *വെള്ളി* | *മാത്തൂർ മിൽമ ഹാൾ* | 10.30am to 11.30 pm |
| 17.11.14 | *തിങ്കൾ* | *ഗൂളിക്കടവ് റീജിയണൽ ഓഫീസ്* | 10.30am to 2.00 pm |
| 18.11.14 | *ചൊവ്വ* | *സാൻജോ ടവ്വർ* | 10.30am to 2.00 pm |
| 19.11.14 | *ബുധൻ* | *നെന്മാറ പാരിഷ്ഹാൾ* | 10.30am to 1.00 pm |
| 20.11.14 | *വ്യാഴം* | *കരിമ്പ പാരിഷ്ഹാൾ* | 10.30am to 2.00 pm |
| 24.11.14 | *തിങ്കൾ* | *പൊരിയാനി, മൂരൂർ* | 10.30am to 2.00 pm |
| 26.11.14 | *ബുധൻ* | FCC, *വടക്കഞ്ചേരി* | 10.30am to 2.00 pm |

**മെഡിക്ലെയിം**

ആശുപത്രിയിൽ കിടന്നു ചികിത്സിക്കുമ്പോൾ ചെലവാകുന്ന സംഖ്യ മടക്കി ലഭിക്കുന്ന മെഡിക്ലെയിം പദ്ധതി ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് പി.എസ്.എസ്.പി. നടത്തിവരുന്നു. ഒരു വർഷത്തേക്ക് ഒരു വ്യക്തിക്ക് 365 രൂപയും 5 പേരടങ്ങുന്ന കുടുംബത്തിന് 550 രൂപയും 7 പേരടങ്ങുന്ന കുടുംബത്തിന് 700 രൂപയുമാണ് പ്രീമിയം. വർഷം 30000 രൂപ വരെ ആനുകൂല്യം ലഭിക്കും. 20 വയസ് കഴിഞ്ഞ ആൺകുട്ടികളേയും വിവാഹം കഴിഞ്ഞ പെൺകുട്ടികളെയും വെവ്വേറെ ചേർക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

### സോപ്പും സോപ്പുല്പന്ന നിർമ്മാണ, വിപണന പരിശീലനം

നിത്യോപയോഗസാധനങ്ങളായ സോപ്പും, സോപ്പുല്പന്നങ്ങളുടേയും രണ്ടുദിവസത്തെ പരിശീലനം (10 തരം ഉല്പന്നങ്ങൾ) 30 പഠിതാക്കളുള്ള സ്ഥലങ്ങളിൽ വച്ച് പരിശീലിപ്പിക്കുന്നു. ആവശ്യമുള്ളവർ PSSP ഓഫീസുമായി ബന്ധപ്പെടുക.

### നബാർഡ് വനിത സ്വയം സഹായസംഘം (NWSHG)

കുടുംബശ്രീയിൽ അംഗങ്ങളല്ലാത്ത 10 മുതൽ 20 വരെ സ്ത്രീകളെ ഒരുമിച്ചുകൂട്ടി നബാഡിന്റെ നേതൃത്വത്തിൽ പാലക്കാട് ജില്ലയിൽ എവിടേയും അയൽകൂട്ടങ്ങൾ രൂപീകരിക്കുകയും, ഈ ഗ്രൂപ്പുകളെ തെരഞ്ഞെടുക്കപ്പെട്ട ബാങ്കുമായി ബന്ധപ്പെടുത്തി സ്വയം തൊഴിലിനുവേണ്ടി വായ്പ തരപ്പെടുത്തി കൊടുക്കുകയും ചെയ്യുന്നു. താല്പര്യമുള്ളവർ PSSPഓഫീസുമായി ബന്ധപ്പെടുക. ഈ ഗ്രൂപ്പുകളെ മറ്റു പല തരത്തിലും PSSP സഹായിക്കുകയും ചെയ്യുന്നു.

Ph:9447020395, 04912527784-04912520395, 9947852087

### സേവ് എ ഫാമിലി

### ഫാമിലി ആക്ഷൻ ടീം മീറ്റിംഗുകളും, സെന്റർ ലെവൽ മീറ്റിംഗുകളും നടത്തി

ഒക്ടോബർ മാസം വിവിധ തിയ്യതികളിൽ ഫാമിലി ആക്ഷൻ ടീം മീറ്റിംഗുകൾ മൂന്നു റീജിയണുകളിലും നടത്തി. ടീം അംഗങ്ങൾ സജീവമായി പങ്കെടുത്തു. സേവ് എ ഫാമിലി സഹായത്തിനുപുറമേ അതതു സെന്ററുകളിലുള്ള കുടുംബങ്ങൾക്ക് പഞ്ചായത്തുവഴിയോ ഇതര സംഘടനകൾ വഴിയോ ആയി എന്തെല്ലാം ആനുകൂല്യങ്ങൾ നേടിയെടുക്കാമെന്ന് ചർച്ച ചെയ്തു. റീജിയണൽ ആനിമേറ്റർമാർ വഴി തുടർന്ന് അവ നേടിയെടുക്കാൻ കുടുംബങ്ങളെ പരിശ്രമിപ്പിക്കുന്നു.

ഫാമിലി ആക്ഷൻ ടീം മീറ്റിംഗിനുശേഷം ഓരോ സെന്ററുകളിലും ആനിമേറ്റർമാരുടെ നേതൃത്വത്തിൽ സെന്റർ മീറ്റിംഗുകൾ നടത്തി. സേവ് എ ഫാമിലി കുടുംബങ്ങളുടെ സജീവമായ പങ്കാളിത്തം ഉണ്ടായി

### ബെനഫാക്ടർമാരുടെ കത്തുകൾ

സേവ് എ ഫാമിലി കുടുംബങ്ങളുടെ ബെനഫാക്ടർമാർക്ക് അയക്കുന്ന ക്രിസ്തുമസും, ന്യൂ ഇയർ കത്തുകൾ നവംബർ 1-ാം തിയ്യതി അയക്കുന്നതാണ്. കത്ത് ഇംഗ്ളീഷിലേക്ക് തർജ്ജമ ചെയ്ത് എഴുതിയ 3 റീജിയണുകളിലേയും എല്ലാ ബഹുമാനപ്പെട്ട ലോക്കൽ സ്പോൺസർമാർക്കും നന്ദി അറിയിക്കുന്നു.





### റീജിയണൽ പ്രോഗ്രാം ഓഫീസർ സന്ദർശനം

നവംബർ മാസം 9 - 12 വരെ സേവ് എ ഫാമിലി ഇന്ത്യ ഓഫീസിൽനിന്നുള്ള പാലക്കാട് രൂപതയുടെ റീജിയണൽ പ്രോഗ്രാം ഓഫീസർ ബഹു. സി. സബിത, സേവ് എ ഫാമിലി പ്രോഗ്രാം വിലയിരുത്തുവാനും, 3 റീജിയണുകളിലേയും വിവിധ സെന്ററുകളിലായി കുടുംബ സന്ദർശനം നടത്തി പ്രവർത്തനങ്ങളെ പരിശോധിക്കുവാനും വേണ്ടി സന്ദർശനം നടത്തുന്നു. നവംബർ 10-ാം തിയ്യതി അട്ടപ്പാടി റീജിയണൽ ലെവൽ മീറ്റിംഗിൽ പങ്കെടുത്തശേഷം കുടുംബ സന്ദർശനവും, 11-ാം തിയ്യതി ആലത്തൂർ, ഒറ്റപ്പാലം റീജിയണുകളിലെ രണ്ടു സെന്ററുകളിൽ കുടുംബ സന്ദർശനവും ഉണ്ടായിരിക്കും. 11-ാം തിയ്യതി PSSP ഓഫീസിൽ ഡോക്യുമെന്റുകൾ പരിശോധിക്കുകയും ചെയ്യുന്നു.

### സേവ് എ ഫാമിലി ഓഡിറ്റ്

നവംബർ മാസം 25-ാം തീയ്യതി സേവ് എ ഫാമിലി എറണാകുളം ഓഫീസിൽനിന്നും സേവ് എ ഫാമിലി ഡയറക്ടറുടെ നേതൃത്വത്തിലുള്ള ടീം PSSP യിൽ വന്ന് 2011 - 2014 വർഷങ്ങളിലെ ഓഡിറ്റ് നടത്തുന്നതാണ്.

### റീജിയണൽ മീറ്റിംഗുകൾ

| | | | |
|---|---|---|---|
| 10.11.2014 | അട്ടപ്പാടി റീജിയൺ | 10 - 2 pm | ജെല്ലിപ്പാറ പാരിഷ് ഹാൾ |
| 27.11.2014 | ഒറ്റപ്പാലം റീജിയൺ | 10 - 2 pm | പാസ്റ്ററൽ സെന്റർ |
| 28.11.2014 | ആലത്തൂർ റീജിയൺ | 10 - 2 pm | വടക്കഞ്ചേരി പാരിഷ് ഹാൾ |

**ഫാ. ജേക്കബ് മാവുങ്കൽ**
എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.

## കേരള ലേബർ മൂവ്മെന്റ് (KLM)

### ക്ഷേമനിധിയിൽ ചേർക്കുന്നു.

സ്കൂളുകൾ, കോളേജുകൾ, മറ്റുസ്ഥാപനങ്ങൾ എന്നിവയിൽ ജോലിചെയ്യുന്ന, സാമൂഹിക സുരക്ഷാപദ്ധതികൾ ഒന്നിലും അംഗമല്ലാത്തവരെ ക്ഷേമനിധി, പെൻഷൻ പദ്ധതി, ആരോഗ്യ ഇൻഷുറൻസ് എന്നിവയിൽ ചേർക്കുന്നു. താല്പര്യമുള്ള സ്ഥാപനങ്ങൾ ബന്ധപ്പെടുക.

ജില്ലാ കോർഡിനേറ്റർ : 8281876395

**ഫാ. ജേക്കബ് മാവുങ്കൽ**
ഡയറക്ടർ

## From the Bishop's Diary

**2014 സെപ്തംബർ**

26 – തൃശൂർ ദേവമാത CMI പ്രൊവിൻഷ്യൽ ഹൗസിൽ ഒരു സമ്മേളനത്തിൽ സംബന്ധിച്ചു.

– അമല ആശുപത്രിയിൽ രോഗീസന്ദർശനം നടത്തി.

27 – കാക്കനാട് മൗണ്ട് സെന്റ് തോമസിൽ കാറ്റികിസം ഡയറക്ടർമാരുടെ സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

28 – നവീകരിക്കപ്പെട്ട പുറ്റാനിക്കാട് ദേവമാത ദൈവാലയം ആശീർവ്വദിച്ച് വി. കുർബ്ബാനയർപ്പിച്ചു.

29 – പൊൽപ്പുള്ളി സെന്റ് ഫ്രാൻസിസ് നോവിഷ്യേറ്റ് ഹൗസിൽ നോവീസ്സസിന് ക്ലാസ്സെടുത്തു.

30 – സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

**2014 ഒക്ടോബർ**

2 – സെന്റ് റാഫേൽസ് കത്തീഡ്രൽ ഗ്രൗണ്ടിൽ വച്ചുനടന്ന രൂപത റൂബി ജൂബിലി ആഘോഷപരിപാടികളിൽ സംബന്ധിച്ചു.

3 – റൂബി ജൂബിലിയോടനുബന്ധിച്ച് റൂബി ജൂബിലി വേദിയിൽ സംഘടിപ്പിച്ച മെഡിക്കൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

– കഞ്ചിക്കോട് മരിയൻ വില്ലേജിൽ പുതിയ കെട്ടിടം ആശീർവ്വദിച്ച് സന്ദേശം നൽകി.

– കഞ്ചിക്കോട് അസീസി കോൺവെന്റിൽ സമ്മേളിച്ച സിസ്റ്റേഴ്സിന് സന്ദേശം നൽകി.

– പാസ്റ്ററൽ സെന്ററിൽ മതബോധന കറസ്പോണ്ടൻസ് കോഴ്സിൽ സംബന്ധിച്ച കുട്ടികൾക്ക് സന്ദേശം നൽകി.

4 – മുണ്ടൂർ സീനായ് ആശ്രമത്തിൽ ഫ്രാൻസീസ് അസ്സീസിയുടെ തിരുനാൾ പ്രമാണിച്ച് വി. കുർബാനയർപ്പിച്ചു.

– സെഹിയോൻ ധ്യാനകേന്ദ്രത്തോടനുബന്ധിച്ച് സിസ്റ്റേഴ്സിന്റെ താമസത്തിനുവേണ്ടി പണിതിരിക്കുന്ന പുതിയ ഭവനങ്ങൾ വെഞ്ചെരിച്ചു.

5 – കല്ലേപ്പുള്ളി സെന്റ് മേരീസ് ദൈവാലയത്തിൽ ബഹു. സേവ്യർ മാറാമറ്റം അച്ചന്റെ വൈദീക രജതജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

6 – സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.





7–8 – സെഹിയോന് ധ്യാനകേന്ദ്രത്തിൽ വൈദികരുടെ ധ്യാനത്തിൽ സംബന്ധിച്ചവർക്കും കന്നട ഭാഷകാർക്കുവേണ്ടി നടത്തിയ ധ്യാനത്തിൽ സംബന്ധിച്ച ജനങ്ങൾക്കും സന്ദേശം നൽകി.

9 – പാലക്കയം സെന്റ് മേരീസ് ഇടവക സന്ദർശിച്ചു.

10 – ചേർത്തല കുന്നുംപ്പുറം ഇടവകയിൽ ഒരു മൃതദേഹ സംസ്കാര ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

11 – നെട്ടൂർ ഇടവക സന്ദർശിച്ചു.

12 – കോടന്തുരുത്ത് സെന്റ് ആന്റണീസ് ദൈവാലയത്തിൽ ആഘോഷമായ ജപമാലയർപ്പണ സമാപനത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

13 – പാലന ട്രസ്റ്റീസ് കൗൺസിൽ മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

14 – എറണാകുളം ലേക്ക്ഷോർ ആശുപത്രിയിൽ രോഗീസന്ദർശനം നടത്തി.

15 – സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

16 – രൂപതാകാര്യാലയത്തിൽ എപ്പാർക്കിയൽ അസംബ്ലിയുടെ സംഘാടനത്തെപ്പറ്റി നടന്ന ചർച്ചയിൽ സംബന്ധിച്ചു.

17 – വെള്ളപ്പാറയിൽ സാൻജോ കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സ്റ്റഡീസിന്റെ എക്സിക്യുട്ടീവ് മീറ്റിംഗിൽ ആദ്ധ്യക്ഷ്യംവഹിച്ചു.

18 – സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

20 – മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രത്തിൽ സന്ദേശം നൽകി.

21 – തൃശൂർ ഹാർട്ട് ഹോസ്പിറ്റലിൽ വച്ച് നിര്യാതനായ ബഹു. സെബാസ്റ്റ്യൻ തട്ടിലച്ചന്റെ മൃതദേഹം സന്ദർശിച്ച് പ്രാർത്ഥന നടത്തി.

22 – ചേർത്തല പള്ളിപ്പുറം ഫൊറോനപള്ളിയിൽ ബഹു. മാത്യു കോയിപ്പറമ്പിലച്ചന്റെ മൃതദേഹസംസ്കാര ശുശ്രൂഷയിൽ സംബന്ധിച്ചു.

23 – പുത്തൻപീടിക സെന്റ് ആൻണീസ് ഫൊറോനപള്ളിയിൽ ബഹു. സെബാസ്റ്റ്യൻ തട്ടിലച്ചന്റെ മൃതദേഹസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

24 – മുണ്ടൂർ യുവക്ഷേത്ര കോളേജ് സന്ദർശിച്ചു.

25 – പൊൽപ്പുള്ളി സെന്റ് ഫ്രാൻസിസ് നോവിഷ്യേറ്റ് ഹൗസിൽ നോവീസ്സസിന് ക്ലാസ്സെടുത്തു.

26 – കോട്ടപ്പുറം സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു.